**പന്ത്രണ്ടാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

**പതിനൊന്നാമത് റിപ്പോർട്ട്**

(2007 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കോഴിക്കോട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിലെ
(1998 മുതൽ 2002 വരെയുള്ള) ഓഡിറ്റ് ഖണ്ഡികകളുടെ
പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2007

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

പതിനൊന്നാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കോഴിക്കോട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിലെ
(1998 മുതൽ 2002 വരെയുള്ള) ഓഡിറ്റ് ഖണ്ഡികകളുടെ
പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

415/2007.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : 1. പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 51 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. എൻ. അനിരുദ്ധൻ.

അംഗങ്ങൾ :

ശ്രീ. കെ. കെ. ദിവാകരൻ
,, എം. എം. മോനായി
,, സി. പി. മുഹമ്മദ്
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി മറിയാമ്മ വർഗ്ഗീസ്, സ്പെഷ്യൽ സെക്രട്ടറി
,, പി. ജെ. ഫിലോമിന, ഡെപ്യൂട്ടി സെക്രട്ടറി
,, കെ. എ. അച്ചാമ്മ, അണ്ടർ സെക്രട്ടറി

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (1998 മുതൽ 2002 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2007 ഫെബ്രുവരി മാസം 6-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻ. അനിരുദ്ധൻ,

അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2007 മാർച്ച് 21.

# റിപ്പോർട്ട്

## കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

## പുറമേരി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

വളംവില-അധികം തുക നൽകിയത് തിരിച്ചടച്ചില്ല

"പഞ്ചായത്തിലെ നെല്ല്, കുറ്റിമുല്ല, നേന്ത്രവാഴ എന്നീ കൃഷികൾക്കായി തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് നൽകിയ വളത്തിന്റെ വിലയായി പുറമേരി കൃഷി ഓഫീസർ പുറമേരി സഹകരണ ബാങ്ക് സെക്രട്ടറിക്ക് 29-6-1998-ൽ 57,709 രൂപയുടെ ചെക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബാങ്ക് സെക്രട്ടറി നൽകിയ ക്യാഷ് ബിൽ പ്രകാരം 30,123 രൂപയുടെ വളം മാത്രമേ കർഷകർക്ക് നൽകിയിട്ടുള്ളൂ. അധികം നൽകിയ 27,586 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മടക്കി അടച്ചിട്ടില്ല."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക III-46]

ഓഡിറ്റ് പരാമർശത്തിന് 10-1-2005-ലെ എ/194/2004 നമ്പർ കത്തു പ്രകാരം പുറമേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

1. "1997-98 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ നേന്ത്രവാഴ കൃഷി, കുറ്റിമുല്ല കൃഷി, നെൽകൃഷി പരിപോഷണ പരിപാടി, കേരകർഷക പരിപോഷണ പരിപാടി എന്നിവയിൽ രാസവളം വിതരണം ചെയ്യുന്നതിന് സബ്സിഡി ഇനത്തിലനുവദിച്ച തുക ബാങ്കുകളിലേക്ക് ഇതോടൊന്നിച്ചുള്ള സ്റ്റേറ്റ്മെന്റിൽ കാണിച്ച 4 ചെക്കുകളിലായാണ് നൽകിയിട്ടുള്ളത് പരാമർശ വിഷയമായ ചെക്ക് ഉൾപ്പെടെ 3,73,767 രൂപ സബ്സിഡി ഇനത്തിൽ കൈമാറിയതിൽ 3,57,726.10 രൂപ ചെലവഴിച്ചു. സബ്സിഡി തുക കൈപ്പറ്റാത്ത കർഷകരുടെ 16040.90 രൂപ (വിവിധ ഇനങ്ങളിൽ) പുറമേരി സർവ്വീസ് ബാങ്ക് സെക്രട്ടറിയിൽ നിന്നും തിരികെ വാങ്ങി. 28-7-2000-ന് 34419 നമ്പർ റസീറ്റ് ബുക്കിൽ 11-ാം നമ്പർ റസീറ്റായി ചേർത്ത് പഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ട്."

2. 1997-98-ലെ പുറമേരി ഗ്രാമപഞ്ചായത്തിലെ കൃഷി ഭവന് കീഴിൽ വാഴകൃഷി (നേന്ത്രൻ, നാടൻ) നെൽകൃഷി പരിപോഷണ പദ്ധതി, കുറ്റിമുല്ല കൃഷി എന്നീ

പദ്ധതികളിൽ രാസവളം നൽകുന്നതിന് സർവ്വീസ് സഹകരണ ബാങ്കിൽ അടവായ സംഖ്യയും, നൽകിയ ക്ലെയിമും, ബാക്കി വന്ന തുകകളും.

| ക്രമ നമ്പർ | ചെക്ക് നമ്പരും തീയതിയും | സബ്സിഡി തുക ചെലവഴിച്ചത് | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| *കേരകർഷക പരിപോഷണ പരിപാടി* | | | | |
| 1 | 031168<br>29-6-1998 | 2,95,264.00 | 2,89,813.30 | 5,450.70 |
| *കുറ്റിമുല്ല കൃഷി* | | | | |
| 2 | 031122<br>29-6-1998 | 3,068.00 | 870.00 | 2,198.00 |
| *നെൽകൃഷി പരിപോഷണ പരിപാടി* | | | | |
| 3 | 4439048<br>24-3-1998 | 20,146.00 | 20,146.00 | .. |
| 4 | 281473<br>3-6-1998 | 448.00 | 448.00 | .. |
| 5 | 031122<br>29-6-1998 | 33,989.00 | 29,675.30 | 4,314.70 |
| *വാഴകൃഷി (നേന്ത്രൻ)* | | | | |
| 6 | 031122<br>29-6-1998 | 16,300.00 | 13,458.30 | 2,841.70 |
| *വാഴകൃഷി (നാടൻ)* | | | | |
| 7 | 031122<br>29-6-1998 | 4,552.00 | 3,315.20 | 1,236.80 |

| | | |
|---|---|---|
| സബ്സിഡി നൽകാനായി നൽകിയ മൊത്തം തുക | : | 3,73,767.00 |
| സബ്സിഡി ഇനത്തിൽ വിതരണം ചെയ്ത തുക | : | 3,57,726.10 |
| ഗുണഭോക്താക്കൾ കൈപ്പറ്റാതെ അവശേഷിച്ച തുക | : | 16,040.90 |
| പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചത് | : | 16,041.00 |

റസീറ്റ് നമ്പർ 34419/11, 28-7-2000

3. പ്രസ്തുത പദ്ധതി പ്രകാരം അധികം നൽകിയതായി ആഡിറ്റിൽ പറഞ്ഞിട്ടുള്ള തുകയും ഇതിന്മേൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ പറഞ്ഞിട്ടുള്ള തുകയും വ്യത്യാസപ്പെട്ടിരിക്കുന്നതിന് കാരണം സമിതി ആരാഞ്ഞു. രണ്ടു പദ്ധതികളിൽ ഉൾപ്പെട്ട കുറ്റിമുല്ല കൃഷി, നേന്ത്രവാഴക്കൃഷി, നെൽകൃഷി പരിപോഷണ

പരിപാടി എന്നിവയ്ക്ക് വേണ്ടി 47,319 രൂപ ചെലവഴിച്ചതിന്റെ ബാക്കി 10,590 രൂപയും കേരള കർഷക പരിപോഷണ പരിപാടിയുടെ ബാക്കി വന്ന 5,450.70 രൂപയും ചേർത്ത് ഒന്നിച്ചടച്ച് ഒരു രസീതായി സൂക്ഷിച്ചതുകൊണ്ടാണ് ഇതിൽ ആഡിറ്റ് തടസ്സം ഉന്നയിക്കാൻ ഇടയായതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

## നിഗമനങ്ങൾ/ശുപാർശകൾ

4. 1997-98-ൽ പുറമേരി ഗ്രാമപഞ്ചായത്തിലെ കൃഷി ഭവന് കീഴിൽ വാഴകൃഷി (നേന്ത്രൻ, നാടൻ) നെൽകൃഷി പരിപോഷണ പദ്ധതി, കുറ്റിമുല്ല കൃഷി എന്നീ പദ്ധതികളിൽ രാസവളം നൽകുന്നതിന് സബ്സിഡി ഇനത്തിൽ അനുവദിച്ച തുക സർവ്വീസ് സഹകരണ ബാങ്കുകളിലേക്ക് നാലു ചെക്കുകളിലായാണ് നൽകിയിരുന്നതെന്നും പരാമർശ വിധേയമായ ചെക്ക് ഉൾപ്പെടെ 3,73,767 രൂപ സബ്സിഡി ഇനത്തിൽ കൈമാറിയതിൽ 3,57,726.10 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിവിധ ഇനങ്ങളിൽ കർഷകർ കൈപ്പറ്റാതെ അവശേഷിച്ച തുക (16,040.90 രൂപ) പുറമേരി സർവ്വീസ് ബാങ്ക് സെക്രട്ടറിയിൽ നിന്നും തിരികെ വാങ്ങി 28-7-2000-ന് 34419 നമ്പർ റസീറ്റു ബുക്കിൽ 11-ാം നമ്പർ റസീറ്റായി ചേർത്ത് പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നുമാണ് പുറമേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ആയതിനാൽ ഇതിന്റെ നിജസ്ഥിതി ആഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തി വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5. ആഡിറ്റ് ഖണ്ഡികയ്ക്ക് വ്യക്തമായ മറുപടി യഥാസമയം നൽകിയിരുന്നെങ്കിൽ ഈ പരാമർശം ഒഴിവാകുമായിരുന്നുവെന്നും ആയതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## ഉള്ള്യേരി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ജനകീയാസൂത്രണം-നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻകൂർ പണം നൽകിയത് ക്രമരഹിതം

"ജനകീയാസൂത്രണ പദ്ധതിയനുസരിച്ചുള്ള 23 നിർമ്മാണ ജോലികൾ ഏറ്റെടുത്ത ഗുണഭോക്തൃ കമ്മിറ്റികൾക്ക് പദ്ധതി അടങ്കൽ തുകയുടെ നല്ല പങ്കും മുൻകൂർ നൽകിയതായി കാണുന്നു. ചെയ്ത പ്രവൃത്തി അളന്നു മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തുകയോ പാർട്ട് ബില്ലുകൾ തയ്യാറാക്കുകയോ ചെയ്യാതെയാണ് വീണ്ടും മുൻകൂറുകൾ നൽകിയിരിക്കുന്നത്. ഇതിൽ പല പദ്ധതികളും 1998-99 വർഷത്തിൽ പൂർത്തിയായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പ്രവൃത്തിയുടെ പേര് | അടങ്കൽ | 30-6-1998 വരെ നൽകിയ തുക |
|---|---|---|---|
| | (1) | (2) | (3) |
| 1. | ചമ്മുങ്കര ഹരിജൻ കോളനി റോഡ് | 80,000 | 67,000 |
| 2. | നളന്ദ മപ്പുറത്ത് താഴെ കോളനി റോഡ് | 1,00,000 | 83,679 |
| 3. | പുത്തഞ്ചേരി കരപ്പാത്ത് പാലം കോളനി റോഡ് | 71,500 | 62,800 |

| | (1) | (2) | (3) |
|---|---|---|---|
| 4. | തെരുവത്ത് കടവ് ഒറവിൽ കോളനി റോഡ് | 52,000 | 42,000 |
| 5. | പാലൊറ ഹൈസ്ക്കൂൾ കോളനി റോഡ് | 2,20,000 | 1,60,000 |
| 6. | ഒള്ളൂർ കടവ് | 1,15,000 | 91,250 |
| 7 | അരുംപമല ഹരിജൻ കോളി റോഡ് | 67,000 | 58,250 |
| 8. | ഒയലമല ഹരിജൻ കോളനി | 85,000 | 66,000 |
| 9. | നെല്ലിക്കുന്ന് ഹരിജൻ കോളനി റോഡ് | 80,000 | 54,000 |
| 10. | കരിംപാത്ത് പാറപ്പുറത്താഴ ഫുട്പാത്ത് | 71,500 | 57,700 |
| 11. | തേവർമഠം മണിക്കോത്താഴെ നടപ്പാത | 42,000 | 32,500 |
| 12. | ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം | 20,000 | 1,75,000 |
| 13. | വായനശാല കെട്ടിട നിർമ്മാണം | 80,000 | 60,000 |
| 14. | മെടാലകുന്ന് ശുദ്ധജല പദ്ധതി | 2,31,487 | 1,45,000 |
| 15. | കുറ്റിയേരിപ്പറ്റ ശുദ്ധജല പദ്ധതി | 95,000 | 94,750 |
| 16. | കക്കാടമല കോളനി ശുദ്ധജല പദ്ധതി | 2,30,000 | 1,96,720 |
| 17. | നെല്ലിക്കുന്ന് ശുദ്ധജല പദ്ധതി | 1,78,000 | 1,58,500 |
| 18. | തിരുത്തോത്ത് മിത്തൽ ശുദ്ധജല പദ്ധതി | 55,740 | 36,594 |
| 19. | കൂവിൽ മിത്തൽ ശുദ്ധജല പദ്ധതി | 2,04,586 | 1,55,662 |
| 20. | മാക്കഞ്ചേരി കോളനി ശുദ്ധജല പദ്ധതി | 1,80,000 | 1,48,360 |
| 21. | കൂടോത്ത് ശുദ്ധജല പദ്ധതി | 1,18,000 | 1,48,360 |
| 22. | അറത്താട്ട് മീത്തൽ ജലസേചന പദ്ധതി | 1,70,000 | 1,27,500 |

[ലോക്കൽ ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV-62 (എ)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 10-1-2005-ലെ ബി 2/720/2004 നമ്പർ കത്തു പ്രകാരം ഉള്ള്യേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :—

6. "1997-98-ലെ ഓഡിറ്റ് ഖണ്ഡിക 30-ൽ പരാമർശിച്ച 23 പ്രവർത്തികൾക്കും തുക അനുവദിച്ചിരുന്നത് ബന്ധപ്പെട്ട എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിലായിരുന്നുവെന്ന് അന്നത്തെ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

7. 1997-98-ലെ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചത് പ്രകാരം മുഴുവൻ പ്രവർത്തികളും എം ബുക്കിൽ റിക്കാർഡ് ചെയ്ത് 1998-99, 1999-2000 വർഷങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ട്.

8. 1998-1999, 1999-2000 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റിൽ പ്രവർത്തികളുടെ അളവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയത് പ്രകാരം കോഴിക്കോട് ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ LF S2 472/2000 തീയതി 16-9-2000 പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ട് അനുബന്ധം 4-ലും, LF S3 795/2001 തീയതി 21-8-2001 പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ട് അനുബന്ധം 4-ലും പ്രവർത്തികൾ പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു."

9. ഈ പ്രവൃത്തികളെക്കുറിച്ച് സെക്രട്ടറി നേരിട്ട് അന്വേഷിച്ചുവോ എന്നും പദ്ധതികളുടെയെല്ലാം തുക നൽകിയിട്ടുണ്ടോ എന്നും തെളിവെടുപ്പ് വേളയിൽ സമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആരായുകയുണ്ടായി. മാക്കഞ്ചേരി കോളനി ശുദ്ധജല പദ്ധതി ഒഴികെ ബാക്കി എല്ലാ പദ്ധതികളും പൂർത്തീകരിച്ചതായാണ് പേമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നതെന്നും പദ്ധതികൾ പൂർത്തീകരിച്ച് വൈദ്യുതി ചാർജ്ജ് അടച്ചതിന്റേയും രേഖകൾ പഞ്ചായത്തിലുണ്ടെന്നും 23 എണ്ണത്തിൽ 20 എണ്ണത്തിന് അവസാന പേയ്മെന്റ് ആയിട്ടുണ്ടെന്നും ഉള്ള്യേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. നെല്ലിക്കുന്ന് കൂടോത്ത് പദ്ധതികളുടെ തുക നൽകിയിട്ടില്ലെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

10. പ്രസ്തുത 23 പ്രവൃത്തികൾക്കും അടങ്കൽ തുകയുടെ നല്ല പങ്കും മുൻകൂറായാണ് കൊടുത്തിട്ടുള്ളത്. ചെയ്ത പ്രവൃത്തി അളന്ന് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഇപ്രകാരം തുക മുൻകൂറായി നൽകുവാനുണ്ടായ കാരണം എന്താണെന്നും അന്നത്തെ സെക്രട്ടറി ആരാണെന്നും സമിതി അന്വേഷിച്ചതിന് ട്രഷറി നിയന്ത്രണം ഉള്ളതുകൊണ്ടാണ് മുൻകൂർ തുക മാറ്റി നൽകിയതെന്നും ആ കാലയളവിൽ ശ്രീമതി പുഷ്പലതയായിരുന്നു സെക്രട്ടറിയെന്നും സെക്രട്ടറി അറിയിച്ചു.

11. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 23 പദ്ധതികളുടേയും ഭൗതിക പരിശോധന നടത്തി സമിതിക്ക് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമിതി നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പ്രസ്തുത പ്രവൃത്തികളുടെ ഭൗതിക പരിശോധന നടത്തിയതിന്റെ വിശദമായ റിപ്പോർട്ട് 30-1-2006-ലെ സി3/1704/2005 നമ്പർ കത്തു പ്രകാരം സമിതിക്ക് ലഭ്യമാക്കിയിരുന്നു.

12. 1997-98, 1998-99 വർഷങ്ങളിലായി നടപ്പിലാക്കിയ ഈ പ്രവൃത്തികളുടെ ഭൗതിക പരിശോധനയ്ക്ക് ആധാരമാക്കേണ്ടിയിരുന്ന എസ്റ്റിമേറ്റ്, എഗ്രിമെന്റ് എന്നിവയുൾപ്പെടെയുള്ള വർക്ക് ഫയലുകൾ ഒന്നുപോലും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിൽ 4-ാം നമ്പറായി ഉൾപ്പെട്ട തെരുവത്ത് കടവ് ഒറവിൽ റോഡ് എന്ന പ്രവൃത്തിയുടെ അവസാന ബില്ലുമായി ബന്ധപ്പെട്ട വൗച്ചർ, 18-ാം നമ്പറായി ഉൾപ്പെട്ട തിരുത്തോത്ത് മീത്തൽ ശുദ്ധജല പദ്ധതിയുമായി ബന്ധപ്പെട്ട 4/97-98 നമ്പർ അളവു പുസ്തകം, അതിന്റെ അവസാന ബില്ലുമായി ബന്ധപ്പെട്ട വൗച്ചർ, 22-ാം നമ്പറായി ഉൾപ്പെട്ട കൊയക്കാട് വായനശാല കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട 5/97-98 നമ്പർ അളവ് പുസ്തകം എന്നിവ ഒഴികെ മറ്റു രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഓഫീസിൽ ലഭ്യമായിരുന്നില്ലെന്നും അപാകത ആരോപിക്കപ്പെട്ട റോഡുകൾ നടപ്പാതകൾ എന്നീ പ്രവൃത്തികളുടെ തുടർന്നുള്ള വികസന പ്രവർത്തനങ്ങൾ പിന്നീടുള്ള വർഷങ്ങളിലായി നടപ്പിലാക്കിയിരുന്നതിനാലും ഈ പ്രവൃത്തികൾ കൂടി ഉൾപ്പെട്ട അവസ്ഥയിലാണിപ്പോൾ ഇവയുടെ സ്ഥിതി എന്നതിനാലും 1997-98 വർഷം നടപ്പിലാക്കിയ പ്രവൃത്തികൾ എന്തായിരുന്നുവെന്ന് ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ തിരിച്ചറിയുക അസാദ്ധ്യമാണെന്നു ബോധിപ്പിച്ചുകൊണ്ടാണ് ഓരോ പ്രവൃത്തിയുടേയും നിലവിലുള്ള അവസ്ഥ റിപ്പോർട്ടു ചെയ്തിരിക്കുന്നത്.

13. പരിശോധനയ്ക്ക് വിധേയമാക്കിയ 8 കുടിവെള്ള പദ്ധതികളിൽ ഒന്നൊഴികെ യുള്ളതെല്ലാം പരാജയമായിരുന്നു എന്നും ഇതിൽ 1,14,500 രൂപ ചെലവിൽ പൂർത്തീകരിച്ച കുറ്റിമേരിപ്പാറ കുടിവെള്ള പദ്ധതിയിൽ നിന്നു മാത്രമാണ് ഒന്നിടവിട്ട ദിവസങ്ങളിലെങ്കിലും കുടിവെള്ളം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ സാധിക്കുന്നതെന്നും ബാക്കി ഏഴ് പദ്ധതികളും പ്രവർത്തനരഹിതമാണെന്നുമാണ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

14. കാർഷിക മേഖലയിൽ ജലസേചന സൗകര്യത്തിനും അതുവഴി കാർഷികോൽപ്പാദനത്തിന്റെ വർദ്ധനവും ലക്ഷ്യമാക്കി രൂപം നൽകിയിരുന്ന അറങ്ങാട്ട് മീത്തൽ ജലസേചന പദ്ധതി പ്രവർത്തനസജ്ജമാണെങ്കിലും വെള്ളം കാർഷികാ വശ്യങ്ങൾക്ക് ആവശ്യമായ അളവിൽ ലഭിക്കുന്നില്ലെന്നതു കാരണം ഈ പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണെന്നും അതുപോലെ 1997-ൽ ആരംഭിക്കുകയും 2000-ന് അവസാന ബില്ല് നൽകുകയും ചെയ്ത മെടാലത്ത്കുന്ന് ശുദ്ധജല പദ്ധതിയുടെ പ്രവൃത്തി പൂർത്തിയായിട്ടില്ലെന്നും വിതരണ പൈപ്പും മോട്ടറും ഇനിയും സ്ഥാപിക്കാനുണ്ടെന്നും ഇതു സ്ഥാപിച്ചാൽ മാത്രമേ ഈ പ്രവൃത്തി പ്രവർത്തനക്ഷമമാകുകയുള്ളുവെന്നുമാണ് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

15. 1,80,000 രൂപ എസ്റ്റിമേറ്റിൽ ആരംഭിച്ച മാക്കഞ്ചേരി കോളനി ശുദ്ധജല പദ്ധതിയ്ക്ക് 1,48,360 രൂപ മുൻകൂറായും ഭാഗികമായ ചെലവായും നൽകിയിട്ടുണ്ട്. എന്നാൽ തുടർന്ന് പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ലെന്നും ഇങ്ങനെ ഒരു പദ്ധതി നടപ്പിലാക്കിയതായി അന്വേഷണത്തിൽ അറിയാനോ നേരിൽ കാണുന്നതിനോ സാധിച്ചില്ലെന്നുമാണ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

16. പ്രസ്തുത പ്രവൃത്തികളെ സംബന്ധിച്ച ഭൗതിക പരിശോധനയിൽ മാക്കഞ്ചേരി കോളനി കുടിവെള്ള പദ്ധതി (ഓഡിറ്റ് പരാമർശത്തിൽ 20-ാം നമ്പരായി ഉൾപ്പെട്ടത്) ഒഴികെയുള്ളതെല്ലാം പൂർത്തീകരിച്ചതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇതിൽപ്പെട്ട 8 കുടിവെള്ള പദ്ധതികളിൽ ഒന്നൊഴികെയുള്ളതെല്ലാം പരാജയമായിരുന്നു എന്ന വസ്തുത ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധയും നിരീക്ഷണവും അർഹിക്കുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

17. ലക്ഷക്കണക്കിന് രൂപ മുതൽ മുടക്കി പൂർത്തിയാക്കിയിട്ടുള്ള ഈ പദ്ധതികൾ ജനങ്ങൾക്ക് യാതൊരുവിധ പ്രയോജനവും നൽകാതെ പ്രവർത്തന രഹിതമായി കിടക്കുന്നത് വളരെ ഗൗരവമായി കാണേണ്ട സംഗതിയാണ്. ആയതിനാൽ ആഡിറ്റിൽ പരാമർശിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ പ്രവർത്തനക്ഷമമല്ലാത്ത എല്ലാ പദ്ധതികളും ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സമിതിയെ അറിയിക്കുവാനും സമിതി നിർദ്ദേശിക്കുന്നു.

18. 1,48,360 രൂപ മുൻകൂറായും ഭാഗികമായ ചെലവായും നൽകിയിട്ടുള്ള മാക്കഞ്ചേരി കോളനി ശുദ്ധജല പദ്ധതി നടപ്പാക്കിയതായി യാതൊരു രേഖയും ലഭ്യമല്ലാത്തതിനാലും, ഇങ്ങനെയൊരു പദ്ധതി പഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കിയതായി അന്വേഷണത്തിൽ അറിയാൻ സാധിക്കാത്തതിനാലും ഇതു സംബന്ധിച്ച് വിശദമായ വകുപ്പുതല അന്വേഷണത്തിന് സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

നെൽകൃഷി വികസനം-പവർ ട്രില്ലർ പ്രയോജനപ്പെടുത്തിയില്ല

സംയോജിത നെൽകൃഷി വികസനത്തിന്റെ ഭാഗമായിട്ടുള്ള പ്രോജക്ട് പ്രകാരം 1,15,705 രൂപ ചെലവു ചെയ്ത് വൗച്ചർ നം.106/29-06-98 ചെലാൻ 244198/29-06-98 റെയ്ഡ്കോയിൽ നിന്നും പവർ ട്രില്ലറും ട്രെയിലറും 29-06-1998-ന് വാങ്ങുകയുണ്ടായെങ്കിലും 24-12-1998-നു മാത്രമാണ് വടകര ജോയിന്റ് ആർ.ടി.ഒ. ഓഫീസിൽ യന്ത്രം രജിസ്റ്റർ ചെയ്തത് (നം.കെ.എൽ. 11 എച്ച് 6022). ട്രില്ലർ നെൽകൃഷിക്കായി ഉപയോഗപ്പെടുത്തി എന്നു കാണിക്കുന്ന യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000 വർഷത്തിലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV-62 (ബി)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 10-1-2005-ലെ ബി2/720/2004 നമ്പർ കത്ത് പ്രകാരം ഉള്ള്യേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

19. "1997-98-ലെ സംയോജിത നെൽകൃഷി പ്രോജക്ട് പ്രകാരം 29-6-1998-ന് റെയ്ഡ്കോയിൽ 1,15,703 രൂപ അടച്ച് പവർ ട്രില്ലറിന് ബുക്കു ചെയ്തിരുന്നു. 3 മാസം കഴിഞ്ഞാണ് ടില്ലർ ലഭിച്ചിരുന്നത്. തുടർന്ന് വടകര ജോയിന്റ് ആർ.ടി.ഒ. യിൽ നിന്ന് 24-12-1998-ന് രജിസ്ട്രേഷൻ ലഭിച്ചു. ഉള്ള്യേരി സർവ്വീസ് സഹകരണ ബാങ്ക് മുഖേന കൊയക്കാട് പാടശേഖര സമിതിക്ക് പവർ ട്രില്ലർ കൈമാറുകയും തുടർന്ന് പാടശേഖര സമിതിയിൽ ഈ പവർ ട്രില്ലർ കാർഷികാവശ്യത്തിന് നിലമുഴാനും, വളം കൊണ്ടുപോകാനും ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

20. ട്രില്ലർ ഇപ്പോൾ എവിടെയുണ്ടെന്ന് സമിതി ആരാഞ്ഞതിന്, ട്രില്ലർ പാടശേഖര സമിതിയുടെ പക്കലാണെന്നും, ഉള്ള്യേരി സർവ്വീസ് സഹകരണ ബാങ്ക് മുഖേനയാണ് ട്രില്ലർ പാടശേഖര സമിതിക്ക് നൽകിയതെന്നും, പാടശേഖര സമിതിയാണ് അത് ഉപയോഗിക്കുന്നതെന്നും അവരുടെ അക്കൗണ്ടിലൂടെ വിനിമയം നടക്കുന്നുണ്ടെന്നും 6,555 രൂപ പാടശേഖര സമിതിയുടെ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടെന്നും പാടശേഖര സമിതി തന്നെയാണ് അതിന്റെ അറ്റകുറ്റ പണികൾ നടത്തുന്നതെന്നും സെക്രട്ടറി വ്യക്തമാക്കി.

## നിഗമനങ്ങൾ/ശുപാർശകൾ

21. സംയോജിത നെൽകൃഷി വികസന പദ്ധതി പ്രകാരം റെയ്ഡ്കോയിൽ നിന്നും വാങ്ങിയ ട്രാക്ടറും ട്രില്ലറും പാടശേഖര സമിതിക്ക് കൈമാറിയെന്നു പറയുന്നുണ്ടെങ്കിലും ഇതു സംബന്ധിച്ച രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. പവർ ട്രില്ലർ കരാർ വച്ചാണോ കൈമാറിയതെന്നോ, മൂലധന നിക്ഷേപം തിരികെ ലഭിക്കുന്നതിന് പദ്ധതിയിൽ വ്യവസ്ഥയുണ്ടാക്കിയിരുന്നോ എന്ന കാര്യവും വ്യക്തമല്ലാത്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച് ഫയലും പദ്ധതി രേഖകളും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ വിശദമായി പരിശോധിച്ച് ഭൗതിക പരിശോധന നടത്തി അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

വനിതാ പ്രിന്റിംഗ് പ്രസ്സ്-ധനദുർവിനിയോഗം

3,48,000 രൂപ അടങ്കലുള്ള മേൽപറഞ്ഞ പദ്ധതിയിൽ പദ്ധതി വിഹിതമായി വകയിരുത്തിയ 1,79,000 രൂപ മുഴുവനായും പ്രോജക്ടിലെ നിബന്ധനയനുസരിച്ചുള്ള സംഘം രജിസ്റ്റർ ചെയ്യുന്നതിനു മുമ്പുതന്നെ നൽകിയതായി കാണുന്നു. തുക അനുവദിച്ച വൗച്ചറിൽ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ ഒപ്പിടാത്തത് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 156(4) ഡി-വകുപ്പിന്റെ ലംഘനമാണ്. യന്ത്ര സാമഗ്രികൾ വാങ്ങിയതിന്റെ രേഖകളൊന്നുമില്ല. പണത്തിന് കൈപ്പറ്റു രസീതും വാങ്ങിയിട്ടില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002 വർഷത്തിലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.11 (3)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 10-1-2005-ലെ ബി2/720/04 നമ്പർ കത്ത് പ്രകാരം ഉള്ള്യേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

22. "1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റിൽ-വനിത പ്രിന്റിങ് പ്രസ്സ് പ്രോജക്ട് പ്രകാരം ചീഫ് പ്രമോട്ടർക്ക് 1,79,000 രൂപ അനുവദിച്ചത് തടസ്സപ്പെടുത്തിയിരുന്നു. ആയത് പ്രകാരം ചീഫ് പ്രമോട്ടർ ശ്രീമതി എ. പി. പ്രസന്നക്ക് നൽകിയ നോട്ടീസിന് മറുപടിയായി പ്രോജക്ടിൽ പറഞ്ഞതു പോലെ ധനകാര്യസ്ഥാപനത്തിൽ നിന്ന് വിഹിതം ലഭിക്കാത്തതിനാൽ 1,79,000 രൂപയുടെ ചെക്ക് ഗ്രാമപഞ്ചായത്തിൽ തിരികെ നൽകിയിരുന്നതായും പ്രോജക്ട് ഒഴിവാക്കുന്നതിന് അഭ്യർത്ഥിച്ചിരുന്നതായും അറിയിച്ചിട്ടുണ്ട്."

23. ചെക്ക് തിരികെ വാങ്ങി പ്രോജക്ട് ക്യാൻസൽ ചെയ്തിരുന്നതായി ഓഡിറ്റ് റിപ്പോർട്ടിന് പി1/351/2001 തീയതി 4-6-2002 നമ്പർ കത്ത് പ്രകാരം നൽകിയ പ്രഥമ മറുപടിയിൽ പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് കോഴിക്കോട് ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ LF (PS) 1479/02 തീയതി 1-1-2003-ലെ റിപ്പോർട്ടിൽ 1,79,000 രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ തിരികെ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയതായി അറിയിച്ചിട്ടുണ്ട്.

24. ഈ പദ്ധതിയ്ക്കായി നൽകിയ പണം പഞ്ചായത്തിൽ തിരിച്ചടച്ചെന്നും കൂടാതെ സർചാർജ്ജ് നോട്ടീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ വെളിപ്പെടുത്തി.

## നിഗമനങ്ങൾ/ശുപാർശകൾ

25. വനിതാ പ്രിന്റിംഗ് പ്രസ്സ് പദ്ധതിയ്ക്കായി പ്രോമോട്ടർക്ക് അനുവദിച്ച തുക ആഡിറ്റ് പരാമർശം വന്നതിനുശേഷം മാത്രമാണ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും തുക തിരിച്ചടച്ച സാഹചര്യത്തിലും ലോക്കൽ ഫണ്ട് ആഡിറ്റ് സർചാർജ്ജ് ഒഴിവാക്കിയതിനാലും മേൽ പരാമർശം സംബന്ധിച്ച നടപടി അവസാനിപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

## നന്മണ്ട ഗ്രാമപഞ്ചായത്ത്

### ഓഡിറ്റ് ഖണ്ഡിക

പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിൽ ക്രമക്കേടുകൾ

"നന്മണ്ട ഗ്രാമപഞ്ചായത്ത് കെട്ടിടം പുതുക്കി പണിയുന്നതിന് 5,04,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി തുടങ്ങുന്നതിന് മൊബിലൈസേഷൻ അഡ്വാൻസായി 50,000 രൂപയും കമ്പി, സിമന്റ്, ചെങ്കല്ല്, മണൽ എന്നിവ സ്റ്റോക്കു ചെയ്ത വകയിൽ അഡ്വാൻസായി 96,800 രൂപയും നൽകിയതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചതും മെറ്റീരിയൽ അഡ്വാൻസ് അനുവദിച്ചതും സാമ്പത്തിക വർഷാവസാന ദിനമായ 31-3-1999 നാണ്. എന്നാൽ അളവു പസ്തകം 2/1998-99 1 മുതൽ 3 വരെ പേജുകളിൽ കമ്പി, സിമന്റ്, ചെങ്കല്ല്, മണൽ എന്നിവ കൺവീനർ സപ്ലൈ ചെയ്തതായി കാണുന്നു. കമ്പിയും, സിമന്റും കാരന്നൂരിലെ കുന്ദമംഗലം കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റിയിൽ നിന്ന് വാങ്ങിയതായാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സൊസൈറ്റിയിൽ നിന്നുള്ള കാഷ് ബില്ല് പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. ഒരു ഇൻവോയ്സ് മാത്രമാണ് സമർപ്പിക്കപ്പെട്ടത്.

പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുടെ 9-7-1999-ലെ ബി1-9000/98 നമ്പർ കത്ത് പ്രകാരം കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ ശേഖരിക്കുന്നതിന് തുക നൽകിയിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണ സ്ഥലത്ത് സാധനങ്ങൾ ശേഖരിച്ചതായി കാണുന്നില്ലെന്നും അതിനാൽ അനധികൃതമായി 96,800 രൂപ ചെലവഴിച്ചതിന് സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെട്ടതായി കാണുന്നു. ഈ കത്തിന് സെക്രട്ടറി യാതൊരു മറുപടിയും നൽകിയതായി കാണുന്നില്ല.

പഞ്ചായത്ത് ഓഫീസ് നിർമ്മാണത്തിന് സൈറ്റ് കൺവീനർക്ക് കൈമാറുന്നതിന് മുമ്പാണ് അഡ്വാൻസുകൾ അനുവദിച്ചത്. 31-3-1999-ന് അഡ്വാൻസ് അനുവദിച്ചെങ്കിലും കൺവീനർക്ക് സൈറ്റ് കൈമാറുന്നത് 4-12-1999-നു മാത്രമാണ്. സൈറ്റ് ഏറ്റെടുത്തിട്ടും പ്രവൃത്തി തുടങ്ങാതിരുന്നിട്ടും പഞ്ചായത്ത് വിശദീകരണം ആവശ്യപ്പെട്ടതായും കാണുന്നില്ല.

പിന്നീട് കെട്ടിടം കേടുപാടുകൾ തീർത്തും ഉപയോഗിക്കാൻ അനുയോജ്യമല്ലെന്നും ഇതേ സ്ഥലത്ത് പുതുക്കി പണിയുന്നത് അങ്ങാടിയുടെ ഭാവി വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്നും പൊതുജനാഭിപ്രായം ഉയർന്നതിനാൽ പ്രോജക്ട് മാറ്റുവാനും കമ്മിറ്റിയെ നിലനിർത്തി അവർ വാങ്ങിയ അഡ്വാൻസ് ഉപയോഗപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കാനും 14-2-2000-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. ആവശ്യമായ പഠനങ്ങൾ നടത്താതെയും ദീർഘവീക്ഷണം ഇല്ലാതെയും പ്രോജക്ട് തയ്യാറാക്കി എന്നതിന്റെ പ്രത്യക്ഷോദാഹരണമാണിത്.

പദ്ധതി പണം കൺവീനറുടെ കൈവശം ആഡിറ്റു സമയത്തും ചെലവഴിക്കപ്പെടാതെ അവശേഷിക്കുകയാണ്.”

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV-99]

ആഡിറ്റ് ഖണ്ഡികയ്ക്ക് 13-1-2005-ലെ എ3/953/04 നന്മണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

26. “നന്മണ്ട ഗ്രാമപഞ്ചായത്ത് 1998-99 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് ഓഫീസ് പുതുക്കിപ്പണിയുന്നതിന് പ്രോജക്ട് തയ്യാറാക്കി ഡി.പി.സി. യുടെ അംഗീകാരം വാങ്ങിയിരുന്നു. ഇതിന്റെ നിർവ്വഹണത്തിനായി എൻ.ഹരിദാസ് എന്നയാൾ കൺവീനറായി കമ്മിറ്റി രൂപീകരിച്ച് പഞ്ചായത്തിൽ എഗ്രിമെന്റ് വെക്കുകയും 31-3-1999-ന് മൊബിലൈസേഷൻ അഡ്വാൻസ് 50,000 രൂപയും മെറ്റീരിയൽ അഡ്വാൻസ് 96,800 രൂപയും കൂടി ആകെ 1,46,800 രൂപ നൽകിയിട്ടുണ്ട്. ഇത്രയും സംഖ്യ ചെലവഴിച്ചത്, ഇപ്പോൾ വള്ളിക്കുന്ന് പഞ്ചായത്തിൽ സെക്രട്ടറി യായിരിക്കുന്ന സീലിയയുടെ കാലത്താണ്. അന്ന് ചൂളയിൽ പ്രേമയാണ് പഞ്ചായത്ത് പ്രസിഡണ്ട് എന്നും അറിയുന്നു. അന്നത്തെ പ്രോജക്ട് പ്രകാരം കെട്ടിടം പുതുക്കി പണിയാനാണ് നിശ്ചയിച്ചിരുന്നതെങ്കിലും ആയത് പുതുക്കി പണിയുന്നത് ഉചിതമാകില്ലെന്നും നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റി പകരം പുതിയത് പണിയണമെന്ന പൊതുജനാഭിപ്രായം മാനിച്ച്, പഴയ കെട്ടിടത്തിന്റെ വാല്വേഷൻ വാങ്ങിക്കുകയും കെട്ടിടം രണ്ടു പ്രാവശ്യം ലേലത്തിൽ വെക്കുകയും ചെയ്തു. ആയത് പ്രകാരം തക്ക സമയത്ത് സ്ഥലം നിർമ്മാണ കമ്മിറ്റിക്ക് കൈമാറാൻ കഴിഞ്ഞില്ല. പുതിയ കെട്ടിടം പഴയ കമ്മിറ്റി കൺവീനറായ എൻ. ഹരിദാസ് കൺവീനറായ കമ്മിറ്റി തന്നെയാണ് ചെയ്യുന്നത്. പുതിയ കെട്ടിടം പണി പൂർത്തീകരിച്ച നിലയിലാണുള്ളത്. അത്യാവശ്യമായ ചുരുക്കം പണികൾ വാതിലും ജനലുകളും തേപ്പു പണിയും മാത്രമേ ബാക്കിയുള്ളു. മുൻകൂർ മുമ്പ് കൊടുത്ത തുകയിൽ മിക്കതും ഇപ്പോഴത്തെ പാർട്ട് ബില്ലിൽ കിഴിവ് വരുത്തിയതിനാൽ പഴയ കെട്ടിടം പണിക്ക് മുൻകൂർ കൊടുത്ത തുകയിൽ കുറഞ്ഞ തുക മാത്രമേ ബാക്കിയുള്ളൂ. ആയത് പുതിയ കെട്ടിടം പണി പൂർത്തിയാകുന്നതോടുകൂടി പൂർണ്ണമായും റിക്കവറിയാകുന്നതുമായിരിക്കും. അഡ്വാൻസ് നൽകിയ തുക നന്മണ്ട ബാങ്കിൽ നിക്ഷേപിക്കുകയാണുണ്ടായത് തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി അനുമതി വാങ്ങിയശേഷം നിർമ്മാണ കമ്മിറ്റി പ്രവൃത്തി ഏറ്റെടുക്കുകയും പണി പൂർത്തീകരണ ഘട്ടത്തിൽ എത്തുകയും ചെയ്തിരിക്കുന്നു. ഫൈനൽ ബിൽ തയ്യാറാക്കുന്നതോടുകൂടി ആദ്യം കൊടുത്ത അഡ്വാൻസ് തുക മുഴുവനായും റിക്കവറി ആകും.

27. ആയതിനാൽ ഈ വിഷയത്തിലുള്ള ആഡിറ്റ് തടസ്സം പൂർണ്ണമായി നീക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ടെന്നും, ആയത് തടസ്സം നീക്കുന്നതിനായി ഇതു സഹിതം അപേക്ഷിച്ചുകൊള്ളുന്നു.”

28. കെട്ടിടം പണിക്കായി സ്ഥലം കൈമാറുന്നതിനു മുമ്പ് തന്നെ അഡ്വാൻസ് അനുവദിക്കുകയും കൺവീനർ ആ പണം മാസങ്ങളോളം കൈവശം വയ്ക്കുകയും ചെയ്തത് ശരിയായ നടപടിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. കെട്ടിടം പണിക്കായി

അഡ്വാൻസ് നൽകിയിരുന്ന തുക കൺവീനർ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിച്ചിരുന്നു എന്നാൽ പലിശയിനത്തിൽ എത്ര രൂപ ലഭിച്ചുവെന്ന് അറിയില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ തെളിവ് നൽകി.

29. പഞ്ചായത്ത് രേഖകൾ അനുസരിച്ച് പുതിയ കെട്ടിടം പണി ആരംഭിച്ച തെന്നാണെന്ന് സമിതി ആരാഞ്ഞതിന് പുതിയ കെട്ടിടത്തിന് കരാർ വച്ചത് 2002 മാർച്ച് മാസത്തിലാണെന്നും 2004 മാർച്ചിൽ പണി പൂർത്തീകരിച്ചുവെന്നും നന്മണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

30. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, സർവ്വീസ്-സഹകരണ ബാങ്കിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ എത്ര തുക പലിശയിനത്തിൽ ലഭിച്ചുവെന്നും കൺവീനർ സ്വന്തം പേരിലാണോ നിക്ഷേപിച്ചിരുന്നതെന്നും തുക ബില്ലിൽ തട്ടിക്കിഴിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങൾ സംബന്ധിച്ച് റിപ്പോർട്ടും ലഭ്യ മാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നതിന്മേൽ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും 4-7-2005-ലെ സി 5-1740/04 നമ്പർ കത്തു പ്രകാരം ലഭിച്ച തുടർ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

31. ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള കെട്ടിടം റിപ്പയർ ചെയ്യുന്നതിന് 1998-99 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 5,04,000 രൂപ അടങ്കലുള്ള പ്രോജക്ട് നടപ്പിലാക്കുന്നതിന് പഞ്ചായത്തിന് അംഗീകാരം ലഭിച്ചു. കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് 4,52,000 രൂപയുടെ എസ്റ്റിമേറ്റ് ഉൾപ്പെട്ടതായിരുന്നു പ്രോജക്ട്. 1998-99 വർഷം നിലവിലുണ്ടായിരുന്ന പദ്ധതി നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രോജക്ട് നടപ്പിലാക്കുന്നതിന് ശ്രീ. മക്കോത്ത് ഗംഗാധരൻ ചെയർമാനും, എൻ. എ. ഹരിദാസൻ മാസ്റ്റർ കൺവീനറുമായുള്ള 15 അംഗ ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും പഞ്ചായത്തിന്റെ 25-3-1999-ലെ 318/(14) നമ്പർ തീരുമാന പ്രകാരമുള്ള അംഗീകാരത്തോടെ 31-3-1999-ന് 18/98-99 നമ്പർ എഗ്രിമെന്റനുസരിച്ച് 50,000 രൂപ മൊബിലൈസേഷൻ അഡ്വാൻസും, അതേ ദിവസം തന്നെയുള്ള കുന്നമംഗലം കോ-ഓപ്പറേറ്റീവ് റൂറൽ ഹൗസിംഗ് സൊസൈറ്റിയുടെ ഇൻവോയ്സ് പ്രകാരം സ്റ്റീൽ, സിമന്റ് എന്നിവ ഇറക്കിയതായി കാണിച്ച് 96,000 രൂപ സെക്യേർഡ് അഡ്വാൻസും കമ്മിറ്റിക്ക് അനുവദിച്ചു. 3-4-1999നാണ് നന്മണ്ട കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിൽ കൺവീനറുടെയും, ചെയർമാന്റെയും പേരിൽ 4129-ാം നമ്പറായുള്ള അക്കൗണ്ട് ആരംഭിച്ചത്. അഡ്വാൻസായി നൽകിയ രണ്ട് ചെക്കുകളും 20-4-1999-ന് അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. അക്കൗണ്ടിൽ നിന്ന് 19-5-99 മുതൽ 21-11-99 വരെ തീയതികളിലായി 4,09,000 രൂപ കമ്മിറ്റി പിൻവലിച്ചു. ഈ ഇനത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ 14-2-2000-ലെ 506-ാം നമ്പർ തീരുമാന പ്രകാരം നിലവിലുള്ള ഓഫീസ് കെട്ടിടം റിപ്പയർ ചെയ്തു നന്നാക്കാൻ കഴിയാത്ത അവസ്ഥയിലാണെന്ന് ബോധ്യമായതിൽ പ്രോജക്ട് മാറ്റുന്നതിനും, നിലവിൽ രൂപീകരിച്ച കമ്മിറ്റിയായും, അവർ വാങ്ങിയ അഡ്വാൻസും, നിർമ്മാണത്തിന് സംഘടിപ്പിച്ച വസ്തുക്കളും പുതുക്കിയ കെട്ടിടത്തിന് ഉപയോഗപ്പെടുന്ന രീതിയിൽ പ്രോജക്ട് മാറ്റുന്നതിന് നിശ്ചയിച്ചിരുന്നു. 23-6-2001-ൽ 185(24) നമ്പർ പഴയ കെട്ടിടം പൊളിച്ചുമാറ്റി പകരം കെട്ടിടം നിർമ്മിക്കുന്നതിന്

തീരുമാനിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. 23-10-2003-ലെ 94 (ബി) നമ്പർ തീരുമാന പ്രകാരം 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. പഴയ കെട്ടിടം റിപ്പയർ ചെയ്യുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ട ഗുണഭോക്തൃ കമ്മിറ്റി അധികാരപ്പെടുത്താതെയും, പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഉള്ള എഗ്രിമെന്റിൽ ഏർപ്പെടാതെയുമാണ് നിർവ്വഹണ സമിതി കെട്ടിട നിർമ്മാണം ഏറ്റെടുത്തത്. ഈ നടപടി ക്രമങ്ങൾ തികച്ചും ക്രമവിരുദ്ധമായിരുന്നു. കെട്ടിടം പണി പൂർത്തിയായി എഞ്ചിനീയർ നിർണ്ണയിച്ച മൂല്യം 11,79,858 രൂപ മുഴുവനായും കമ്മിറ്റിക്ക് നൽകിയിട്ടുണ്ട്. ജനകീയ കമ്മിറ്റി ഏറ്റെടുത്ത പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് നിരക്കിനെ ആസ്പദമാക്കി എഞ്ചിനീയർ നിർണ്ണയിക്കുന്ന വിലയോ, കമ്മിറ്റിയുടെ യഥാർത്ഥ ചെലവോ കണക്കാക്കി അതിൽ കുറഞ്ഞ സംഖ്യയായിരിക്കണം എന്ന നിർദ്ദേശം അവഗണിച്ചാണ് കമ്മിറ്റിയുടെ കണക്ക് പരിശോധിക്കാതെയും, ചെലവ് കണക്കാക്കാതെയും ബിൽ സംഖ്യ മുഴുവൻ നൽകിയത്. മാത്രമല്ല അഡ്വാൻസ് നിക്ഷേപിക്കുക വഴി കമ്മിറ്റിയുടെ അക്കൗണ്ടിൽ പലിശയിനത്തിൽ താഴെ പറയും പ്രകാരം ഉണ്ടായ വരുമാനവും കണക്കിലെടുത്തിട്ടില്ല.

| | | | | |
|---|---|---|---|---|
| | | | | രൂപ |
| 30-9-1999 | വരെ | പലിശ | : | 3,628 |
| 31-3-2000 | ” | ” | : | 3,536 |
| 30-9-2000 | ” | ” | : | 3,054 |
| 31-3-2001 | ” | ” | : | 3,137 |
| 30-9-2001 | ” | ” | : | 3,222 |
| 30-9-2002 | ” | ” | : | 3,445 |
| 31-3-2003 | ” | ” | : | 3,543 |
| 30-9-2003 | ” | ” | : | 3,640 |
| 31-3-2004 | ” | ” | : | 2,136 |
| 30-9-2004 | ” | ” | : | 87 |
| 31-3-2005 | ” | ” | : | 73 |
| ആകെ | | | : | 29,501 |

കൂടാതെ 1-10-2001 മുതൽ 31-03-2002 വരെയുള്ള 6 മാസക്കാലത്തെ പലിശ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് ഒഴിവായിപ്പോയിട്ടുണ്ട്. ഈ സംഖ്യ കൂടി ബാങ്കിൽ നിന്ന് അവകാശപ്പെടേണ്ടതാണ്.

32. അഡ്വാൻസ് സംഖ്യ ഡെപ്പോസിറ്റ് ചെയ്ത വകയിൽ ഉണ്ടായ ഈ പണം പഞ്ചായത്തിൽ നിന്നുള്ള വരവായി കണക്കാക്കുകയും ആകെ ബിൽ തുകയിൽ ഈ സംഖ്യ കഴിച്ചുള്ള പണം മാത്രം അവസാന ഗഡുവായി കമ്മിറ്റിക്ക് നൽകുകയുമാണ് ചെയ്യേണ്ടിയിരുന്നത്. ഗുണഭോക്തൃ സമിതി ലാഭേച്ഛ ഇല്ലാതെ പ്രവർത്തിക്കുന്ന സംവിധാനമായതിനാൽ പലിശയിനത്തിൽ ഉണ്ടായ ഈ വരുമാനം കൃത്യമായി കമ്മിറ്റിയുടെ വരവായി കണക്കാക്കേണ്ടതും, അത് കഴിച്ചുള്ള സംഖ്യ മാത്രം കമ്മിറ്റി അവകാശപ്പെടേണ്ടതുമായിരുന്നു. ഇത് പരിഗണിക്കാതെ പ്രവൃത്തി നിർണ്ണയിക്കപ്പെട്ട വാല്യു മുഴുവൻ കമ്മിറ്റിക്ക് നൽകുക വഴി പലിശയായി ലഭിച്ച 29,501 രൂപയും

കണക്കാക്കപ്പെടാതിരുന്ന 6 മാസത്തെ പലിശയും (3,200 രൂപയോടടുത്ത് വരും ഈ സംഖ്യ) കമ്മിറ്റിക്ക് അധികമായി നൽകിയതായി കണക്കാക്കി സംഖ്യ ഈടാക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതായിട്ടുണ്ടെന്നാണ് (എൽ.എഫ്.എ.) റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

33. നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള കെട്ടിടം പുതുക്കി പണിയാനാണ് പ്രോജക്ട് എങ്കിലും കെട്ടിടം നന്നാക്കാൻ കഴിയാത്ത അവസ്ഥയിലാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ പഴയ കെട്ടിടം പൊളിച്ചു മാറ്റി പകരം കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള കമ്മിറ്റി അവർ വാങ്ങിയ അഡ്വാൻസും നിർമ്മാണത്തിന് സംഘടിപ്പിച്ച വസ്തുക്കളും പുതുക്കിയ കെട്ടിടത്തിന് ഉപയോഗപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്, പഞ്ചായത്ത് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയാണുണ്ടായത്. എന്നാൽ പഴയ കെട്ടിടം റിപ്പയർ ചെയ്യുന്നതിന് ഗുണഭോക്തൃ കമ്മിറ്റിയെ അധികാരപ്പെടുത്തുകയോ, പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഉള്ള എഗ്രിമെന്റിൽ ഏർപ്പെടുകയോ, ചെയ്യാതെയുമാണ് നിർവ്വഹണ സമിതി കെട്ടിടം നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്. അതുപോലെ കമ്മിറ്റിയുടെ കണക്ക് പരിശോധിക്കാതെയും ചെലവ് തിട്ടപ്പെടുത്താതെയും കെട്ടിടം പൂർത്തിയായ ഉടൻ എഞ്ചിനീയർ നിർണ്ണയിച്ച മൂല്യം മുഴുവനായും കമ്മിറ്റിക്ക് നല്കിയതായും സമിതി മനസ്സിലാക്കുന്നു. ഈ നടപടിക്രമങ്ങൾ ക്രമവിരുദ്ധമാണ്.

34. കെട്ടിടം പണിക്കായി കൺവീനർക്ക് അഡ്വാൻസായി നൽകിയ സംഖ്യ ബാങ്കിൽ നിക്ഷേപിക്കുക വഴി കമ്മിറ്റിയുടെ അക്കൗണ്ടിൽ പലിശയിനത്തിൽ 29,501 രൂപയുടെ വരുമാനം ഉണ്ടായിട്ടുണ്ട്. ഇത് പഞ്ചായത്തിനുള്ള വരവായി കണക്കാക്കി ആകെ ബിൽ സംഖ്യയിൽ ഈ സംഖ്യ കുറവു ചെയ്യേണ്ടതാണ്. എന്നാൽ ഈ തുക പരിഗണിക്കാതെയാണ് നിർണ്ണയിക്കപ്പെട്ട വാല്യൂ മുഴുവൻ കമ്മിറ്റിക്ക് നൽകിയിട്ടുള്ളത്. ആയതിനാൽ പദ്ധതി പണം ബാങ്കിൽ നിക്ഷേപിക്കുക വഴി കമ്മിറ്റിയുടെ അക്കൗണ്ടിൽ പലിശയിനത്തിൽ വരാവുന്ന 29,501 രൂപയും, 1-10-2001 മുതൽ 31-3-2002 വരെയുള്ള 6 മാസത്തെ പലിശയും (ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതെ പോയ 3,200 രൂപ ഉൾപ്പെടെയുള്ള തുക) കമ്മിറ്റിക്ക് അധികമായി നൽകിയതായി കണക്കാക്കി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

35. ഗുണഭോക്തൃ സമിതിയിൽ നിന്നും പ്രസ്തുത തുക ഈടാക്കിയെങ്കിൽ ആയതിന്റെ വിശാദാംശങ്ങളും തുക ഈടാക്കുന്നതിനായി ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിച്ച നടപടി റിപ്പോർട്ടും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

സമഗ്ര നാളികേര വികസനം—ലക്ഷ്യപ്രാപ്തിയിലെത്താത്ത സാമൂഹ്യജലസേചന പദ്ധതി

"സമഗ്ര നാളികേര വികസന പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന 10 കർഷക കുടുംബങ്ങളുടെ വീതം ഗ്രൂപ്പ് രൂപീകരിക്കുക. 4 ഗ്രൂപ്പുകൾക്ക് 5 എച്ച്.പി. ഡീസൽ/ മണ്ണെണ്ണ പമ്പ്സെറ്റ് വാങ്ങി കൺവീനർമാർക്ക് ചുമതല ഏൽപ്പിക്കുകയും അവരുടെ

നേതൃത്വത്തിൽ ജലസേചനം നടത്തുകയും ചെയ്യുക തുടങ്ങിയവയാണ് പ്രോജക്ടിന്റെ പ്രവർത്തനങ്ങളായി വിഭാവനം ചെയ്തത്. അതനുസരിച്ച് കൃഷി ഓഫീസർ 4 പമ്പ് സെറ്റുകൾ വാങ്ങുകയും കൃഷി ഓഫീസിൽ സൂക്ഷിക്കുകയും ചെയ്തതായി കാണുന്നു. മൊത്തം 95,838 രൂപ ചെലവു ചെയ്ത് പമ്പ് സെറ്റ് വാങ്ങി ഓഫീസിൽ സൂക്ഷിച്ചതല്ലാതെ പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ പമ്പ്സെറ്റ് അവരെ ഏൽപ്പിക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ടിൽ വിഭാവനം ചെയ്ത തരത്തിൽ ഒരു ലക്ഷ്യവും കൈവരിക്കാതെ പമ്പ് സെറ്റ് വാങ്ങുന്നതിനു മാത്രമായി 95,838 രൂപ ചെലവഴിച്ചത് ഈ തുക പാഴാക്കിക്കളയുന്നതിന് തുല്യമായി തീർന്നിരിക്കുകയാണ്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV-100(a)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 10-1-2005-ലെ എ7/45/05 നമ്പർ കത്ത് പ്രകാരം ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

36. "പദ്ധതിയിൽ അനുശാസിക്കുന്ന വിധം കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് കൺവീനർമാർക്ക് പമ്പുസെറ്റുകൾ കരാർ പത്രികയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ കരാർ പത്രിക കൃഷിഭവനിൽ സൂക്ഷിച്ചിട്ടുണ്ട്."

37. എത്ര പമ്പുസെറ്റുകളാണ് പഞ്ചായത്ത് വിതരണം ചെയ്തതെന്നും അവ ഇപ്പോൾ പ്രവർത്തനക്ഷമമാണോ എന്നും ആരാഞ്ഞതിന്, നാലു പമ്പുസെറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും പമ്പുസെറ്റുകളെല്ലാം പ്രവർത്തനക്ഷമമാണെന്നും ഇതു സംബന്ധിച്ച് കൺവീനറുമായി ഉണ്ടാക്കിയ കരാർ സൂക്ഷിച്ചിട്ടുണ്ടെന്നും ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

38. ഇതു സംബന്ധിച്ച് കൺവീനറുമായി ഉണ്ടാക്കിയിട്ടുള്ള കരാറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയ്ക്ക് നൽകണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകിയിരുന്നു.

39. ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 17-8-2005-ലെ എൽ.എഫ്. എസ്.സി. 477/05 നമ്പർ ഉത്തരവ് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ (22-9-2005-ലെ എച്ച് 6 19499/05 നമ്പർ കത്തു മുഖേന) സമിതിയെ അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ /ശുപാർശകൾ

40. ഓഡിറ്റ് തടസ്സം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു

**ഓഡിറ്റ് ഖണ്ഡിക**

നിർമ്മാണ പ്രവർത്തികൾ നേരിട്ടു നടത്തിയതിലെ ക്രമക്കേടുകൾ

"ജനകീയാസൂത്രണ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് നിർമ്മാണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള നിർവ്വഹണ രീതി പ്രോത്സാഹിപ്പിക്കുകയുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള താഴെപ്പറയുന്ന പ്രവൃത്തികൾ ജനകീയാസൂത്രണ പദ്ധതിയുടെ നിർവ്വഹണ ചട്ടങ്ങളും പൊതുമരാമത്ത് ചട്ടങ്ങളും ലംഘിച്ചുകൊണ്ടാണ്. പഞ്ചായത്തിന് പ്രവൃത്തികൾ നേരിട്ട് ചെയ്യാമെന്ന വ്യവസ്ഥ ദുരുപയോഗപ്പെടുത്തി 'പീസ്റേറ്റ്' കരാർ അടിസ്ഥാനത്തിൽ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിനും പ്രവൃത്തികൾ ചെയ്യുന്നതിനും കരാറുകാരെ ഏൽപ്പിക്കുകയാണ് ചെയ്തത്.

1. സബ്സ്റ്റേഷൻ ലിങ്ക് റോഡ്
2. അമ്മാംകുന്നിതോട് സംരക്ഷണ ഭിത്തി നിർമ്മാണം.
3. മമ്മീളിപാനാർ റോഡ്
4. മാത്തോട്ടം മണിപാലം റോഡ്.

ടി നാല് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യത ആരായുന്നതിനു പോലും ഗുണഭോക്താക്കളുടെ യോഗം വിളിച്ചു ചേർത്തിട്ടില്ല. ഈ പ്രവൃത്തികൾക്കാവശ്യമായ സാധനസാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനും പ്രവൃത്തി നടത്തുന്നതിനും പീസ്റേറ്റ് നിരക്കിൽ ക്വട്ടേഷൻ വിളിച്ചപ്പോൾ ഓരോ പ്രവൃത്തിക്കും ഒരേ കരാറുകാരന്റെ ക്വട്ടേഷൻതന്നെ സ്വീകരിക്കപ്പെട്ടു. അതായത് സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള കരാർ ലഭിച്ചയാൾക്കുതന്നെ അതേ പ്രവൃത്തി ചെയ്യുന്നതിനുള്ള കരാറും ലഭിച്ചു. 25,000 രൂപയ്ക്ക് മേലുള്ള പ്രവൃത്തികൾക്ക് പത്രപരസ്യം വഴി ക്വട്ടേഷൻ ക്ഷണിക്കണം എന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല.

നല്ലളം സബ്സ്റ്റേഷൻ ലിങ്ക് റോഡ് പ്രവർത്തി നേരിട്ട് നടത്താൻ പഞ്ചായത്ത് തീരുമാനിച്ചത് 24-1-1998-ന് ആണ്. എന്നാൽ 12-1-1998-നു തന്നെ സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിനും പ്രവൃത്തി നടത്തുന്നതിനും ക്വട്ടേഷൻ വിളിച്ചു. പ്രവൃത്തി നേരിട്ടു നടത്താൻ പഞ്ചായത്ത് തീരുമാനിക്കുന്നതിനു മുൻപുതന്നെ ക്വട്ടേഷൻ വിളിക്കുകയും ക്വട്ടേഷൻ സ്വീകരിക്കുകയും ചെയ്തു. പഞ്ചായത്തിനു താല്പര്യമുള്ള കരാറുകാർക്ക് പ്രവൃത്തി ഏല്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ജനകീയാസൂത്രണ നിർവ്വഹണ ചട്ടങ്ങളെ കാറ്റിൽ പറത്തിയതായി ഇത് ബോദ്ധ്യപ്പെടുത്തുന്നു.

കരാറുകാരൻ വിതരണം ചെയ്ത സാധനസമാഗ്രികളും അതുപോലെ ചെയ്ത പ്രവൃത്തിയും അളന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി മാത്രമേ പണം നൽകാൻ പാടുള്ളൂ എന്ന നിബന്ധനയും പാലിക്കപ്പെട്ടിട്ടില്ല. എഞ്ചിനിയറുടെ ശുപാർശയിൻമേൽ പണം നൽകുകയാണ് ചെയ്തത്.

ഓഡിറ്റുവർഷം പണി പൂർത്തിയാക്കിയ നല്ലളം സബ്സ്റ്റേഷൻ ലിങ്ക് റോഡ് പ്രവർത്തിയുടെ അവസാനമൂല്യം കണക്കാക്കിയപ്പോൾ പൊതുമരാമത്ത് നിരക്കിന്റെ 150 ശതമാനത്തിൽ പരിമിതപ്പെടുത്തണം എന്ന നിബന്ധനയും പാലിക്കപ്പെട്ടിട്ടില്ല.

മേൽപറഞ്ഞ പ്രവർത്തിയുടെ അവസാന ബില്ല് പരിശോധിച്ചതിൽ ആകെ ചെയ്ത പ്രവർത്തിയുടെ മൂല്യമായ 4,98,071രൂപയോടൊപ്പം സർക്കാരിലേക്കടയ്ക്കാനായി ബില്ലിൽ കുറവുചെയ്ത നിർമ്മാണ ക്ഷേമ നിധിയായി (1%) 4,981 രൂപയും, വില്പന നികുതിയായി (2.1%)10,460 രൂപയും മൊത്തം 15,491 രൂപ കരാറുകാരന്

നൽകിയതായി കാണുന്നു. സർക്കാരിലേക്ക് നിയമാനുസൃതം അടക്കുന്നതിലേക്കായി ബില്ലിൽ കുറവുചെയ്ത നികുതികൾ ഗുണഭോക്തൃ സമിതികൾക്കുമാത്രമേ കൂട്ടി നൽകാൻ പാടുള്ളൂ. ഈ നിയമത്തിന്റെ ലംഘനത്തിലൂടെ കരാറുകാരന് 15,441 രൂപ അധികം നൽകിയിരിക്കുകയാണ്".

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-200-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV-100(b) ]

ആഡിറ്റ് ഖണ്ഡികയ്ക്ക് 10-1-2005-ലെ എ7/45/05 നമ്പർ കത്തു പ്രകാരം ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

41. "1997-98 വർഷം നിർമ്മാണ പ്രവൃത്തികൾ നേരിട്ടു നടത്തിയതിലെ ക്രമക്കേടുകളെ സംബന്ധിച്ച് 6-1-2005-ന്റെ പഞ്ചായത്ത് യോഗത്തിൽ അംഗീകരിച്ച വിശദീകരണം സമർപ്പിക്കുന്നു. കൂടാതെ ഓഡിറ്റ് പരാതിയിൽ ആവശ്യപ്പെട്ടതു പ്രകാരം 15,441 രൂപ 10-1-2005-ന്റെ 13852/98 നമ്പർ രശീതി പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്."

42. നിർമ്മാണ പ്രവൃത്തികൾക്കായി ക്വട്ടേഷൻ വിളിച്ചില്ല, ഒരേ കരാറുകാരനു തന്നെ എല്ലാ ജോലികളും പീസ്റേറ്റിൽ അഡ്ജസ്റ്റ് ചെയ്തു നല്കിയത് സംബന്ധിച്ചും, നല്ലളം സബ്സ്റ്റേഷൻ ലിങ്ക് റോഡ് പൊതുമരാമത്ത് നിരക്കിന്റെ 150%-നു മുകളിൽ പോയതിന് കാരണമെന്താണെന്നും സമിതി ആരാഞ്ഞതിന്, പണിക്കായി മുൻകൂർ കൊടുത്ത തുക തിരിച്ചുപിടിച്ചിട്ടുണ്ടെന്നും കരാറുകാരൻ ചെയ്ത പണിയുടെ മെഷർമെന്റ് എടുത്തിട്ടുണ്ടെന്നും ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സെയിൽടാക്സ്, വെൽഫെയർടാക്സ് തുടങ്ങിയവയുടെ ഇളവ് ഗുണഭോക്തൃ സമിതിക്ക് മാത്രമേ ബാധകമാവുകയുള്ളൂവെന്നും ഈ ഇളവ് കോൺട്രാക്ടർക്ക് കൊടുത്തതുകൊണ്ടാണ് കൂടുതൽ തുക കൊടുത്തതെന്നും പിന്നീട് കൂടുതൽ കൊടുത്ത 15,441 രൂപ തിരിച്ചു പിടിക്കുകയും ചെയ്തിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലോക്കൽ ഫണ്ട് ആഡിറ്റിന് കൊടുത്തിട്ടുണ്ടെന്നും സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

43. ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 10-8-2005-ലെ കെ.കെ.ഡി.എസ് 473/05-ാം നമ്പർ ഉത്തരവ് പ്രകാരം തടസ്സം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

സ്ഥലം വാങ്ങൽ-ചട്ടങ്ങൾ പാലിച്ചിട്ടില്ല-ധനദുർവിനിയോഗം

"ചെറുകിട വ്യവസായ സംരംഭകർക്ക് അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഇൻഡസ്ട്രീയൽ ഫ്ളാറ്റ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്ത വകയിൽ 7,28,859 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനാവശ്യമായ 65 സെന്റ് സ്ഥലത്തിന് (ശ്രീ. എം. ഭാസുരന്റെ ഉടമസ്ഥതയിലുള്ളത്) മൊത്തം 5,60,000 രൂപയാണ് ഇംപ്രൂവ്മെന്റ് വായ്പ ആയ 7,500 രൂപ ഉൾപ്പെടെ ജില്ലാ കളക്ടർ വില നിശ്ചയിച്ചത്.

ഈ 65 സെന്റ് സ്ഥലം വാങ്ങാനായിരുന്നു പഞ്ചായത്തിന്റെ 20-2-1999-ലെ 34(1)-ാം നമ്പർ തീരുമാനവും എന്നാൽ 30-3-1999-ൽ ഈ തീരുമാനത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് ജില്ലാ കളക്ടറുടെ മൂല്യനിർണ്ണയത്തിൽപ്പെടാത്ത 3.5 സെന്റ് സ്ഥലംകൂടി കളക്ടർ നിശ്ചയിച്ച നിരക്കിനേക്കാൾ കൂടിയ വിലയ്ക്ക് (9500 X 68.5= 6,50,750 ) വാങ്ങിയവകയിൽ 90,750 രൂപയുടെ അധിക ചെലവ് (6,50,750— 5,60,000) അനുവദനീയമല്ല.

ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലം വാങ്ങുന്നതിനെ സംബന്ധിച്ച മാർഗ്ഗ രേഖകൾ [ജി.ഒ(.പി.) 18/98/തഭവ/22-1-1998] കൃത്യമായി പാലിക്കാതെയാണ് സ്ഥലം വാങ്ങിയത്. സ്ഥലം നൽകാൻ തയ്യാറായവരുടെ കൃത്യമായ വിവരങ്ങൾ, അവരുടെ ആധികാരികമായ അപേക്ഷകൾ എന്നിവ ലഭ്യമല്ല. രജിസ്ട്രേഷൻ നടത്തിയ തീയതി (30-3-1999)-യിൽ തന്നെ ഭൂമി ഏറ്റെടുക്കാൻ തീരുമാനിക്കുക തലേദിവസം (29-3-1999) മുദ്രപ്പത്രം വാങ്ങുക തുടങ്ങിയ ധൃതിപിടിച്ച നടപടികൾ ഈ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട വിശദമായ ഒരു അന്വേഷണത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-02-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V-11(8)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 10-1-05-ലെ എ7/45/05 നമ്പർ കത്തു പ്രകാരം ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

44. "തദ്ദേശ സ്വയംഭരണ വകുപ്പ് (പി.എ) അണ്ടർ സെക്രട്ടറിയുടെ 7-2-2004-ന്റെ പി.എ.3/36775/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തടസ്സം ഒഴിവാക്കിയിരുന്നു."

45. ഇൻഡസ്ട്രിയൽ ഫ്ളാറ്റിനുവേണ്ടി 65 സെന്റ് സ്ഥലം വാങ്ങുവാനുള്ള തീരുമാനത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് ജില്ലാകളക്ടറുടെ മൂല്യനിർണ്ണയത്തിൽപ്പെടാത്ത 3.5 സെന്റ് സ്ഥലം കൂടി നിശ്ചയിച്ച നിരക്കിനേക്കാൾ കൂടുതൽ തുക നൽകി വാങ്ങിയത് എന്തുകൊണ്ടാണെന്നും പ്രസ്തുത ആഡിറ്റ് തടസ്സം ഒഴിവാക്കിക്കൊണ്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവിന്റെ പകർപ്പുണ്ടോ എന്നും സമിതി ആരാഞ്ഞതിന്, പ്രസ്തുത സ്ഥലംകൂടി ഇൻഡസ്ട്രീയൽ ഫ്ളാറ്റിന് ആവശ്യമുണ്ടെന്ന് തോന്നിയതുകൊണ്ട് ആ സ്ഥലത്തിന്റെ ഉടമയുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിലാണ് വാങ്ങിയതെന്നും ഓഡിറ്റ് തടസ്സം ഒഴിവാക്കിയ ഉത്തരവിന്റെ പകർപ്പുണ്ടെന്നും ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പു വേളയിൽ സമിതിയെ അറിയിച്ചു.

46. ഇൻഡസ്ട്രീയൽ ഫ്ളാറ്റിനുവേണ്ടി 65 സെന്റ് സ്ഥലം വാങ്ങുവാൻ ഉള്ള തീരുമാനത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് ജില്ലാകളക്ടറുടെ മൂല്യ നിർണ്ണയത്തിൽപ്പെടാത്ത 3.5 സെന്റ് സ്ഥലം കൂടി നിശ്ചയിച്ച നിരക്കിനേക്കാൾ കൂടുതൽ നൽകി വാങ്ങിയത് സംബന്ധിച്ചുള്ള ഈ ആഡിറ്റു പരാമർശത്തിന്മേലുള്ള തടസ്സം തദ്ദേശ സ്വയംഭരണ (പി.എ.) വകുപ്പിലെ 7-2-2004-ലെ 36775/പി.എ3/03/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ടെന്നാണ് 22-9-2005-ലെ എച്ച്6. 19499/05 നമ്പർ കത്തു പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുള്ളത്.

നിഗമനങ്ങൾ/ശുപാർശകൾ

47. സർക്കാർ ഉത്തരവു പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു.

## കുന്ദമംഗലം ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

പദ്ധതിപ്പണം ബാങ്കിൽ നിക്ഷേപിച്ചു

"പഞ്ചായത്തിൽ 1998-99 വർഷം ഇൻഡസ്ട്രീയൽ യൂണിറ്റ്, വനിതകൾക്ക് തയ്യൽകട, നോട്ടുബുക്ക്/ബാഗ് നിർമ്മാണ യൂണിറ്റ് എന്നിവ തുടങ്ങുന്നതിനായി വകയിരുത്തിയിരുന്ന 1,92,500 രൂപ അനധികൃതമായി നെടുങ്ങാടി ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ പോലും ഇതുവരെയും നടത്തിയിട്ടില്ല. പദ്ധതിപ്പണം പലിശസഹിതം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് വകയിരുത്തുകയും ക്രമക്കേടിന് ഉത്തരവാദിയായവർക്ക് എതിരേ നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV-101(a) ]

ആഡിറ്റ് ഖണ്ഡികയ്ക്ക് 7-1-2005-ലെ എ2 2373/04 നമ്പർ കത്തു പ്രകാരം കുന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

48. "ആഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ ഉത്തരവാദിയായ സെക്രട്ടറി ശ്രീമതി കെ. ശോഭനാ റാണിക്ക് അയച്ചുകൊടുക്കുകയും ശ്രീമതി ശോഭനാ റാണി ടിയാളുടെ പേരിലുണ്ടായിരുന്ന ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് 2,28,195 രൂപ 11-6-2003-ലെ 46946/92 നമ്പർ റസീറ്റ് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്."

49. ഓഡിറ്റിൽ പരാമർശിക്കപ്പെട്ട സെക്രട്ടറിയുടെ പേരിലുണ്ടായിരുന്ന അക്കൗണ്ട് അവസാനിപ്പിച്ച് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് എത്രതുക അടച്ചു എന്ന സമിതിയുടെ ചോദ്യത്തിന് ബാങ്കിൽ പലിശയടക്കം ഉണ്ടായിരുന്ന മുഴുവൻ തുകയും തിരിച്ചടച്ചുവെന്ന് കുന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. വ്യവസായ യൂണിറ്റുമായി ബന്ധപ്പെട്ട കേസുണ്ടായിരുന്നോ എന്ന് സമിതി ആരാഞ്ഞതിന് ഇല്ലായിരുന്നുവെന്നും ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

നിഗമനങ്ങൾ/ശുപാർശകൾ

50. ആഡിറ്റ് പരാമർശം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു

**ഓഡിറ്റ് ഖണ്ഡിക**

സ്വകാര്യ എഞ്ചിനീയറിംഗ് സ്ഥാപനത്തിന് പണം നൽകി.

"പഞ്ചായത്തിലെ ബസ്സ്റ്റാന്റ്-കം-ഷോപ്പിംഗ് സെന്ററിന്റെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് ഒരു സ്വകാര്യ എഞ്ചിനീയറിംഗ് സ്ഥാപനത്തിന് 50,000 രൂപ നൽകിയതായി കാണുന്നു. സ്വന്തമായി എഞ്ചിനീയർമാർ ഇല്ലാത്ത പഞ്ചായത്തുകൾ

ഇത്തരം പ്രവൃത്തികൾ നടത്തുന്നതിന് മറ്റ് പൊതു സംവിധാനങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ സ്വകാര്യ സ്ഥാപനത്തെ പണി ഏല്പിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. മാത്രമല്ല എസ്റ്റിമേറ്റ് തുകയുടെ 0.5% നിരക്കിൽ പരമാവധി 2000 രൂപ മാത്രമേ ഈ ഇനത്തിൽ പ്രതിഫലം നൽകാൻ പഞ്ചായത്തിന് അധികാരമുള്ളൂ. 48,000 രൂപ പഞ്ചായത്തിന് അധികം ചെലവുണ്ടായി.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-01 ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV-101(b) ]

ആഡിറ്റ് ഖണ്ഡികയ്ക്ക് 7-1-2005-ലെ എ2/2373/04 നമ്പർ കത്തു പ്രകാരം കുന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

51. "പഞ്ചായത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെയ്ത പ്രസ്തുത പ്രവർത്തിക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ തുക നൽകിയ നടപടിക്ക് സാധൂകരണവും അംഗീകാരവും നൽകുന്നതിന് സർക്കാരിലേക്ക് അപേക്ഷിക്കുവാൻ 17-6-2000-ലെ 31(13A) നമ്പർ പ്രകാരം പഞ്ചായത്ത് തീരുമാനമെടുക്കുകയും 28-7-2000-ലെ എ 845/2000 നമ്പർ കത്തു പ്രകാരം ബഹു. കുന്ദമംഗലം എം.എൽ.എ. മുഖേന പഞ്ചായത്ത് പ്രസിഡന്റ് ബഹു. കേരള സർക്കാരിലേക്ക് നിവേദനം നൽകിയിരുന്നു. പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ 18-11-2003-ലെ ബി1/16219/03 നമ്പർ കത്തു പ്രകാരം ഉത്തരവാദിയായ മുൻ സെക്രട്ടറിമാർ കെ. ശോഭനാറാണി, ശ്രീമതി വള്ളി എന്നിവരോട് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എ 6.12258/03 നമ്പർ കത്ത് പ്രകാരം 31-7-2004-ന് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്മേൽ അന്തിമ തീരുമാനമായിട്ടില്ല."

52. ഇതു സംബന്ധിച്ച പ്രവൃത്തിയ്ക്കായി ഒരു സ്വകാര്യ എഞ്ചിനീയറിംഗ് സ്ഥാപനത്തിന് പണം നൽകിയതിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന്, പ്രസ്തുത പ്രവൃത്തി സ്വകാര്യ സ്ഥാപനത്തിന് ഏല്പിച്ച് പണം നൽകിയതുമായി ബന്ധപ്പെട്ട് കേസ് നടക്കുകയാണെന്നും എസ്റ്റിമേറ്റ് തുകയുടെ 0.5% നിരക്കിൽ പരമാവധി 2000 രൂപ മാത്രം പ്രതിഫലം നൽകാനേ പഞ്ചായത്തിന് അധികാരമുള്ളൂ എന്നിരിക്കെ 50,000 രൂപ നൽകിയിരിക്കുകയാണെന്നും അധികമായി നൽകിയ 48,000 രൂപ തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെട്ടതിന് ഒ.പി.നമ്പർ. 28/2003 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

53. ആഡിറ്റ് പരാമർശത്തിന്മേൽ ബന്ധപ്പെട്ട സെക്രട്ടറി ശ്രീമതി ശോഭനാറാണി, ശ്രീമതി വള്ളി എന്നിവരോട് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ശ്രീമതി വള്ളി പെൻഷൻ ആയെന്നും എന്നാൽ ടിയാളുടെ ഡി.സി.ആർ.ജി.കൊടുത്തിട്ടില്ല എന്നും ടിയാളും കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതി മുൻപാകെ ബോധിപ്പിച്ചു.

## നിഗമനങ്ങൾ /ശുപാർശകൾ

54. ബസ്സ്റ്റാൻഡ്-കം-ഷോപ്പിംഗ് സെന്ററിന്റെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നത് സംബന്ധിച്ച പ്രവൃത്തി സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായാണ് സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുള്ളത്. മാത്രവുമല്ല, എസ്റ്റിമേറ്റ് തുകയുടെ 0.5% നിരക്കിൽ പരമാവധി 2000 രൂപ മാത്രം ഈ ഇനത്തിൽ പ്രതിഫലം നൽകാൻ പഞ്ചായത്തിന് അധികാരമുള്ളൂ എന്നിരിക്കെ 50,000 രൂപ നൽകിയത് ക്രമവിരുദ്ധമാണ്. ആയതിനാൽ അധികമായി നൽകിയ തുക അന്നത്തെ ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങളിൽ നിന്നും ഈടാക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ബസ്സ്റ്റാൻഡ്-കം-ഷോപ്പിംഗ് സെന്റർ നിർമ്മാണം—നിർവ്വഹണത്തിൽ ക്രമക്കേടുകൾ

"4,66,500 രൂപയുടെ എസ്റ്റിമേറ്റനുസരിച്ച് അംഗീകരിച്ച പദ്ധതി മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ, ക്ഷണിക്കാതെയാണ് നടത്തിയത്. 'പീസ്‌റേറ്റ് കോൺട്രാക്ട്' അടിസ്ഥാനത്തിലാണ് നടത്താൻ തീരുമാനിച്ചതെങ്കിലും മുഴുവൻ വേലകളും ഒരാൾതന്നെ ചെയ്തതായി കാണുന്നത് പക്ഷപാതപരമായ നടപടിയാണ്. പൂർത്തിയായ വേലയെ സംബന്ധിച്ച വിശദവിവരങ്ങൾ അളവു പുസ്തകത്തിൽ രേഖപ്പെടുത്താതെ പണം നൽകിയത് ജി.ഒ(പി) 216/97/തഭവ 23-9-1997-ലെ ഖണ്ഡിക 15(7)-ന്റെ ലംഘനമാണ്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V-11.1]

ആഡിറ്റ് ഖണ്ഡികയ്ക്ക് 7-1-2005-ലെ എ2 2373/04 നമ്പർ കത്തു പ്രകാരം കുന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

55. "ആഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾക്ക് ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീമതി പി. വള്ളിക്ക് നൽകിയിട്ടുണ്ട്. 2000-01-ലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 5 പ്രകാരം പ്രസ്തുത പ്രവർത്തിയിലുണ്ടായ നഷ്ടം 53822 രൂപയായി നിജപ്പെടുത്തിയിട്ടുള്ളതും തുക ഉത്തരവാദിയായ ശ്രീമതി പി. വള്ളിയിൽ നിന്ന് ഈടാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ശ്രീമതി വള്ളിക്ക് നൽകിയിട്ടുണ്ട്."

## നിഗമനങ്ങൾ/ശുപാർശകൾ

56. ബസ്സ്റ്റാൻഡ്-കം-ഷോപ്പിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് ജനകീയാസൂത്രണ പദ്ധതിയുടെ നിർവ്വഹണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണെന്നും ഇതു ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണെന്നും സമിതി അഭിപ്രായപ്പെടുന്നു. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

57. പദ്ധതിയുടെ നിർമ്മാണ പ്രവർത്തി പീസ് റേറ്റിൽ ഒരാൾക്ക് തന്നെ കൊടുത്തതുമൂലം പഞ്ചായത്തിന് നഷ്ടമായ 53,822 രൂപ ആ കാലഘട്ടത്തിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി പി. വള്ളിയിൽ നിന്നും തിരിച്ചു പിടിക്കാൻ പഞ്ചായത്ത് വകുപ്പ് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നും തുക തിരിച്ചുപിടിച്ചതിന്റെ വിശദവിവരം സമിതിയെ അറിയിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.

## ഫറോക്ക് ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

കെട്ടിടവാടകയിൽ കുടിശ്ശിക

പഞ്ചായത്തിന്റെ ഷോപ്പ് ബിൽഡിംഗ് ബി1-ാം മുറിയുടെ വാടക ഇനത്തിൽ 21,240 രൂപ 1996-97 വരെ വാടക കുടിശ്ശിക വന്നിരിക്കെ അത് പിരിച്ചെടുക്കാൻ ശ്രമമൊന്നും നടത്താതെ തന്നെ 1998-99-ൽ കൈവശക്കാരന് വീണ്ടും കരാർ പുതുക്കി നൽകിയതായി കാണുന്നു. ഇത് പഞ്ചായത്തിന്റെ ഉത്തമ താൽപര്യങ്ങൾക്ക് എതിരാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV-102]

ആഡിറ്റ് ഖണ്ഡികയ്ക്ക് 10-1-2005-ലെ എ6 3379/04 നമ്പർ കത്ത് പ്രകാരം ഫറോക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

58. "ഓഡിറ്റ് പരാമർശത്തിൽ പറയുന്ന 21239.80 ക പെരിഞ്ചേരി മുഹമ്മദിന്റെ പേരിൽ കുടിശ്ശികയില്ല. 1985-86 വർഷത്തിൽ കെ. അബ്ദുൾ അസീസും, തുടർന്ന് കെ. അപ്പുവും കെട്ടിടമുറി കൈവശം വെച്ചിരുന്നു. അബ്ദുൾ അസീസ് 8250 കയും ശ്രീ. അപ്പു 9135 കയും കുടിശ്ശിക വരുത്തി (17385ക+പലിശ 3854.80ക, ആകെ 21239.80 ക) ഇതിൽ 9135 ക പഞ്ചായത്ത് ഫണ്ടിൽ 20-6-2003-ന് വരവ് വന്നിട്ടുണ്ട്. 8250 കയും പലിശയും ഉൾപ്പെടെ 10846.70 കക്ക് OS.751/87 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്തു 1988-ൽ കേസിന് വിധിയാവുകയും ചെയ്തു. ടി തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നതായി കാണുന്നില്ല. പിന്നീട് മുറി കൈവശം വെച്ചവർ കുടിശ്ശിക വരുത്തിയിട്ടില്ല."

59. പെരിഞ്ചേരി മുഹമ്മദിന്റെ പേരിലായിരുന്നു കെട്ടിടം വാടകയ്ക്ക് കൊടുത്തിരുന്നതെന്നും രജിസ്റ്ററിൽ ബാക്കി തുകയായ 17385 രൂപ ടിയാന്റെ പേരിനു നേരെയാണ് എഴുതിയിട്ടുള്ളതെങ്കിലും ടിയാന്റെ പേരിലുള്ള കുടിശ്ശിക അല്ലായെന്നും 1986-87-ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള തുകയാണിതെന്നും (ശ്രീ. അബ്ദുൾ അസീസ്, ശ്രീ. അപ്പു എന്നീ രണ്ടുപേരുടെ പേരിൽ കുടിശ്ശികയായി വന്ന സംഖ്യയാണിതെന്നും) ഫറോക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

60. അപ്പുവിന്റെ പേരിലുള്ള കുടിശ്ശിക അന്നത്തെ എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന കൃഷ്ണൻകുട്ടി നായരുടെ ബാദ്ധ്യതയിൽപ്പെടുത്തി ടിയാന്റെ ഡി.സി.ആർ.ജിയിൽ നിന്നും തിരിച്ചുപിടിച്ചിട്ടുണ്ടെന്നും, അബ്ദുൾ അസീസിന്റെ പേരിലുള്ള കുടിശ്ശികയ്ക്കായി പഞ്ചായത്ത് കൊടുത്തിരുന്ന കേസിൽ വിധി വന്നുവെങ്കിലും തുക അടയ്ക്കാത്തതിനാൽ എക്സിക്യൂഷൻ പെറ്റീഷൻ ഫയൽചെയ്തിരിക്കയാണെന്നും ഇതിന്റെ വിധി വന്നതിനുശേഷം മറ്റു തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഫറോക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

61. കേസ് അടിയന്തിരമായി നടത്തി തുക ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ ഇതിന്മേൽ പഞ്ചായത്ത് അസി. ഡയറക്ടറോട് സമിതി നിർദ്ദേശിച്ചിരുന്നു.

62. 1985-86 വർഷം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ബി1 നമ്പർ മുറിയുടെ കൈവശക്കാരനായിരുന്ന കെ.അബ്ദുൾ അസീസിൽ നിന്നും 8250 രൂപയും തുടർന്നുള്ള 1986-87 വർഷം ഇതേ മുറി കൈവശം വച്ചിരുന്ന കെ. അപ്പുവിൽ നിന്നും 9135 രൂപയും ഉൾപ്പെടെ 17385 രൂപയും അതിനുള്ള പലിശ 3854 രൂപയും ചേർത്ത് ആകെ 21239 രൂപ ഈടാക്കാനാണ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതെന്നും എന്നാൽ അപ്പുവിന്റെ പേരിലുള്ള കുടിശ്ശിക അന്നത്തെ എക്സി. ഓഫീസറായിരുന്ന കൃഷ്ണൻകുട്ടി നായരുടെ ബാദ്ധ്യതയിൽപ്പെടുത്തി സംഖ്യ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുകയുണ്ടായപ്പോൾ കുടിശ്ശിക സംഖ്യയ്ക്ക് കണക്കാക്കിയ പലിശ (1240 രൂപ) ഉൾപ്പെടുത്താതെയാണ് തുക ഈടാക്കിയതെന്നും ആയതിനാൽ പലിശ ഉൾപ്പെടുത്താതെ വാടക കുടിശ്ശിക മാത്രം ഈടാക്കുന്നതിന് ബാദ്ധ്യതാ പത്രം അനുവദിച്ച അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ആർ. മധുസൂദനൻനായരിൽ നിന്നും ഓഡിറ്റു ഫയൽ കൈകാര്യം ചെയ്തിരുന്ന അന്നത്തെ യു.ഡി.ക്ലാർക്കും ഇപ്പോൾ മണിയൂർ ഗ്രാമപഞ്ചായത്ത് ഹെഡ്ക്ലാർക്കുമായ ശ്രീ. അബ്ദുൾ അസീസിൽ നിന്നും അപ്പുവിന്റെ പേരിൽ പലിശയിനത്തിൽ നിക്ഷേപിച്ചിരുന്ന 1240 രൂപ ഈടാക്കാൻ ഫറോക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 4-7-2005-ലെ സി5-17040/04 നമ്പർ കത്തു പ്രകാരം സമിതിയെ അറിയിച്ചിട്ടുണ്ട്. കൂടാതെ, അബ്ദുൾ അസീസിന്റെ പേരിലുള്ള കുടിശ്ശിക സംബന്ധിച്ച് കോടതി മുൻപാകെ ഫയൽ ചെയ്ത ഹർജിയിലുള്ള നടപടികൾ ത്വരിതപ്പെടുത്തി കേസ് പൂർത്തിയാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രസ്തുത കത്തിൽ അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

63. <u>ഫറോക്ക് ഗ്രാമപഞ്ചായത്തിൽ കെട്ടിടവാടക കുടിശ്ശിക ഈടാക്കുന്നതിന് വീഴ്ച വരുത്തിയതുമൂലം പഞ്ചായത്തിനുണ്ടായ നഷ്ടം (പലിശ ഉൾപ്പെടെ) ഈടാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിശദ വിവരം സമിതിക്ക് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

## കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

മണൽലേലത്തുക ഇളവുചെയ്യൽ—ചട്ടവിരുദ്ധം

"പഞ്ചായത്തിന്റെ അധീനതയിലുള്ള കുളിമാട്മുക്ക് കടവിലെ മണൽവാരലിനുള്ള അവകാശം 5,16,000 രൂപയ്ക്ക് ലേലത്തിലെടുത്തയാൾ 86,000 രൂപ കുറച്ച് 4,30,000 രൂപ മാത്രമാണ് പഞ്ചായത്തിലടച്ചത്. ഇളവനുവദിച്ചത് സർക്കാർ അനുമതി വാങ്ങാതെയും 1998-ലെ കേരള പഞ്ചായത്തിരാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവനുവദിക്കൽ)ചട്ടങ്ങളിലെ 4(1), 5(4) എന്നീ ചട്ടങ്ങൾ ലംഘിച്ചുമാണ്. ലേലനിബന്ധനകൾ ലംഘിച്ചുകൊണ്ട് ലേലക്കാരൻ മണൽ വാരുന്നതായി പരിസരവാസികൾ ആർ.ഡി.ഒ.യ്ക്ക് നൽകിയ പരാതി അദ്ദേഹം പഞ്ചായത്തിലേക്ക് കൈമാറിയെങ്കിലും യാതൊരു മേൽനടപടിയും സ്വീകരിച്ചില്ല. യഥാസമയം ലേലസംഖ്യ അടയ്ക്കാതിരുന്നിട്ടും സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നിട്ടും കരാർ വ്യവസ്ഥയനുസരിച്ച് നിയമനടപടികൾ സ്വീകരിക്കുകയോ പിഴപ്പലിശ ഈടാക്കുകയോ ചെയ്തിട്ടില്ല.

ലേലസംഖ്യയുടെ 5% മൂല്യമുള്ള മുദ്രപത്രത്തിനു പകരം 2 1/2% മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചതുകാരണം 12,900 രൂപ സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-02-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V- 11.2]

ആഡിറ്റ് ഖണ്ഡികയ്ക്ക് 7-1-2005-ലെ എ1-7/05 നമ്പർ കത്തു പ്രകാരം കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

64. "(1) ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് അയച്ചു കൊടുത്തു.

(2) ഗവൺമെന്റ് അനുമതി ലഭിക്കാത്തതിനാൽ ഇളവ് ചെയ്ത തുക പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതിന് ലേലം കൊണ്ട ആളെ അറിയിച്ചു."

65. ലേലത്തുകയിൽ കരാറുകാരൻ അടയ്ക്കാതിരുന്ന 86,000 രൂപ ഒഴിവാക്കി കൊടുക്കണമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ അപേക്ഷ സർക്കാർ നിരാകരിച്ചതിനാലും കരാറുകാരൻ കൂടുതലായി മണൽവാരി എന്ന നാട്ടുകാരുടെ പരാതി, നടപടിക്കായി ആർ.ഡി.ഒ പഞ്ചായത്തിനു കൈമാറിയിട്ടും അതിന്മേൽ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിക്കാഞ്ഞതിനാലും മുദ്രപത്രത്തിൽ കുറവു വരുത്തിയ 12,900 ഉൾപ്പെടെ മുഴുവൻ തുകയും തിരിച്ചുപിടിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു. മുദ്രപത്രം വാങ്ങുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറി ആരായിരുന്നു എന്ന് സമിതി ആരാഞ്ഞതിന്, ശ്രീ. കെ. ജെ. തോമസായിരുന്നു അന്ന് സെക്രട്ടറിയെന്നും ടിയാൻ 30-4-1998-ൽ റിട്ടയർ ചെയ്തുവെന്നും ഡി.സി. ആർ.ജി കൊടുത്തിട്ടുണ്ടോ എന്നറിയാൻ കഴിഞ്ഞിട്ടില്ലെന്നും സെക്രട്ടറി തെളിവ് നൽകി. കരാറുകാരൻ സോൾവൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

66. പഞ്ചായത്ത് കമ്മിറ്റിയുടെ അപേക്ഷ സർക്കാർ നിരാകരിച്ച സാഹചര്യത്തിൽ കരാറുകാരനിൽ നിന്നും കരാർ പ്രകാരം ലഭിക്കുവാനുള്ള തുക പിഴപ്പലിശ സഹിതം തിരിച്ചു പിടിക്കുവാനും മുദ്രപത്രത്തിന്റെ വിലയിലെ കുറവ് ഈടാക്കുവാനും സമിതി കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകി. തുക ഈടാക്കി ഒരു മാസത്തിനുള്ളിൽ സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ആവശ്യപ്പെട്ടിരുന്നു.

67. കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 1998-99 ലെ ഓഡിറ്റ് റിപ്പോർട്ടിലും ലേലത്തുകയിൽ കരാറുകാരനിൽ നിന്നും ഈടാക്കുവാനുള്ള തുക ഈടാക്കുന്നതിനായി നിർദ്ദേശിച്ചിരുന്നതാണെന്നും എന്നാൽ കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതിന് പഞ്ചായത്ത് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നില്ലായെന്നാണ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 9-1-2006-ലെ സി5/1740/05 നമ്പർ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നത്.

68. കരാർ വ്യവസ്ഥ പ്രകാരമുള്ള കാര്യങ്ങൾ നടത്തുന്നതിന് തടസ്സം നേരിട്ട് നഷ്ടം ഉണ്ടായിട്ടുള്ള സാഹചര്യത്തിലല്ല ലേല സംഖ്യയിൽ ഇളവനുവദിക്കാൻ തീരുമാനിച്ചതെന്ന് വ്യക്തമാകുന്നുണ്ട്. കിഴിവനുവദിക്കുന്നതിന് ഗവൺമെന്റിന്റെ അനുവാദം ലഭിക്കാത്ത സാഹചര്യത്തിലാണ് ആഡിറ്റ് റിപ്പോർട്ടിൽ ഇത് ബാദ്ധ്യതയായി നിർണ്ണയിച്ചതെന്നും ഇതിൽ നടപടിയെടുത്തു എന്നു വരുത്തി തീർക്കുന്നതിനായി കരാറുകാരന് നോട്ടീസ് അയച്ചതല്ലാതെ ഫലപ്രദമായ യാതൊരു നടപടിയും സ്വീകരിക്കുന്നതിന് പഞ്ചായത്ത് തയ്യാറായിട്ടില്ലന്നുമാണ് കാണുന്നത്. ഈ സാഹചര്യത്തിലും കരാറുകാരനിൽ നിന്നും സംഖ്യ ഈടാക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിന് അത് സംബന്ധിച്ച പഞ്ചായത്ത് തീരുമാനം അനിവാര്യമാണെന്നും കരാറുകാരന്റെ ബാധ്യതയായി കണക്കാക്കിയ സംഖ്യ അടയ്ക്കുന്നത് ഒഴിവാക്കിക്കൊണ്ട് പഞ്ചായത്ത് എടുത്ത തീരുമാനം (13-11-1998-ലെ 182/98) നിയമപ്രകാരം റദ്ദ് ചെയ്യാവുന്നതല്ലാത്ത സ്ഥിതിക്ക് ഇത് നിലനിൽക്കെ സംഖ്യ ഈടാക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ടുപോകുന്നതിന് പ്രയാസമുണ്ടെന്നും എന്നിരുന്നാലും പഞ്ചായത്തിന്റെ സാമ്പത്തിക താൽപ്പര്യം പരിഗണിച്ചും പഞ്ചായത്തുമായി ഏർപ്പെട്ട കരാർ വ്യവസ്ഥകൾ പഞ്ചായത്തിന്റെ താൽപ്പര്യത്തിനു വിരുദ്ധമായി ലംഘിക്കപ്പെടുന്നതും അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന വസ്തുത ഉൾക്കൊണ്ടും ശരിയല്ലാത്ത തീരുമാനം പുന:പരിശോധിക്കാൻ പഞ്ചായത്തിനോട് ആവശ്യപ്പെടാവുന്നതും അതനുസരിച്ച് കരാറുകാരനിൽ നിന്നും ഈടാക്കേണ്ട തുക പൂർണ്ണമായും ഈടാക്കുന്നതിനുള്ള നിയമ നടപടികളുമായി മുന്നോട്ടുപോകാൻ പഞ്ചായത്തിന് നിർദ്ദേശം നൽകാവുന്നതുമാണെന്നാണ് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

69. കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കൂളിമാട്മുക്ക് കടവിലെ മണൽവാരൽ ലേലത്തുകയിൽ ഇളവനുവദിക്കാൻ സർക്കാർ അനുമതി നൽകാത്ത സാഹചര്യത്തിലാണ് ആഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉണ്ടായത്. എന്നാൽ കരാറുകാരനിൽ നിന്നും ബാക്കി തുക കൂടി ഈടാക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നില്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്. ഇത് ഗുരുതരമായ വീഴ്ചയാണെന്നും ഇത് ന്യായീകരിക്കുന്നതിന് കാരണങ്ങളുള്ളതായി കാണുന്നില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

70. മണൽ ലേല സംഖ്യയിൽ ഇളവനുവദിക്കാൻ സർക്കാർ അനുമതി ലഭിക്കാത്തതിനാൽ ഇക്കാര്യത്തിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനം പുനഃപരിശോധിക്കണമെന്നും അതനുസരിച്ച് ലേലസംഖ്യയിൽ ബാക്കി നിൽക്കുന്ന തുകയും (86,000 രൂപ) കരാർ പത്രികയിൽ സ്റ്റാമ്പ് പേപ്പറിൽ നിർദ്ദേശിച്ച 5%-ന് പകരം 2.5% ആയി കുറഞ്ഞതിന് ഗവൺമെന്റിനുണ്ടായ നഷ്ടവും (12,900 രൂപ) കരാറുകാരനിൽ നിന്നും ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുവാനും അല്ലാത്തപക്ഷം യഥാർത്ഥ മൂല്യത്തിലുള്ള മുദ്രപത്രം ഉപയോഗിക്കാത്തതുമൂലം സർക്കാരിനു നഷ്ടപ്പെട്ട 12,900 രൂപ പിഴപലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. പഞ്ചായത്ത് രാജ് നിയമമനുസരിച്ച് കാലപ്പഴക്കം കൊണ്ട് തുക ഈടാക്കാനാവില്ല എന്നതിനാലും പഞ്ചായത്ത് കമ്മിറ്റി ടിയാന് തുക കുറവു ചെയ്യാൻ തീരുമാനിച്ചു പ്രമേയം പാസാക്കിയതിനാലും പ്രസ്തുത പ്രമേയം പുന:പരിശോധിച്ച് തുക ഈടാക്കുവാനുള്ള നിയമനടപടിയുമായി മുന്നോട്ടു പോകുവാൻ പഞ്ചായത്തിന് നിർദ്ദേശം നൽകാവുന്നതാണെന്ന ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശയിന്മേൽ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കണമെന്നും അപ്രകാരം ചെയ്യാത്ത പക്ഷം അന്നത്തെ പഞ്ചായത്ത് സമിതി അംഗങ്ങളിൽ നിന്നും തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## പയ്യോളി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

പദ്ധതിപ്പണം കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കൽ

"പയ്യോളി കൃഷി ഓഫീസർക്ക് അനുവദിച്ച പദ്ധതി വിഹിതം ട്രഷറിയിൽ നിന്നെടുത്ത് സർവീസ് സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും പിൻവലിച്ച് അനധികൃതമായി സ്വന്തം കൈവശം സൂക്ഷിക്കുകയും ചെയ്തത് താൽക്കാലിക പണാപഹരണത്തിനു തുല്യമായ നടപടിയാണ്. 18-3-1999 മുതൽ 12-4-1999 വരെ 2,67,665 രൂപ അനധികൃതമായി നിക്ഷേപിക്കുകയും അതിൽനിന്ന് പലപ്പോഴായി പണം പിൻവലിച്ച് സ്വന്തം കൈവശം സൂക്ഷിക്കുകയും വ്യക്തിഗത ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V-11.4(i)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 6-1-2005-ലെ എ-22/05 നമ്പർ കത്തു പ്രകാരം പയ്യോളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

71. 1. ആഡിറ്റ് ഖണ്ഡിക നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ. വി. എം. സുകുമാരൻ, കൃഷി ആഫീസർക്ക് 30-10-2001-ന് അയച്ച് കൊടുക്കുകയും മറുപടി ആവശ്യപ്പെടുകയും ചെയ്തു.

2. 18-7-2001-ന് ഇത് സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുവാൻ കോഴിക്കോട് ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ LFP-5-98/2001 പ്രകാരം പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് കത്തയച്ചു.

3. 13-12-2001-ലെ LFP-5-98/2001 നമ്പർ കത്ത് പ്രകാരം അപാകതയ്ക്ക് വിശദീകരണം നൽകണമെന്ന് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

4. കൃഷി ആഫീസറുടെ വിശദീകരണം 8-10-2001-ന് ലഭിച്ചു. പ്രസ്തുത വിശദീകരണത്തിൽ പദ്ധതി അലോട്ട്മെന്റും ഗുണഭോക്തൃ ലിസ്റ്റും ലഭിച്ചത് 1999 മാർച്ച് മാസത്തിലായിരുന്നു. ഫണ്ട് ലാപ്സാവാതിരിക്കാനാണ് തുക പിൻവലിച്ച് കറന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചതെന്നും തുക ഉടൻ തന്നെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരുന്നു. അറിവില്ലായ്മമൂലമുള്ള ഈ നടപടി മാപ്പാക്കണമെന്നും അപേക്ഷിച്ചിരുന്നു.

5. നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി കോഴിക്കോട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് 3-1-2002-ന് സമർപ്പിച്ചിട്ടുണ്ട്."

**ഓഡിറ്റ് ഖണ്ഡിക**

<u>ജനകീയാസൂത്രണം-കാർഷികപദ്ധതികൾ-നിർവ്വഹണത്തിലെ അപാകതകൾ</u>

"പയ്യോളി ഗ്രാമപഞ്ചായത്തിൽ 1999-2000 വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ വർഷാന്ത്യത്തിൽ അതായത് 30-3-2000-ന് 1,90,820 രൂപ സെൽഫ് ചെക്ക് മുഖേന പ്ലാൻ പി.ഡി. അക്കൗണ്ടിൽ നിന്നും പിൻവലിക്കുകയും ചെലവഴിച്ച 31,861 രൂപ കഴിച്ച് ബാക്കി തുകയായ 1,58,959 രൂപ പയ്യോളി സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തു. 1,58,959 ചെലവഴിച്ചതായി പദ്ധതി ചെലവിൽ കാണിക്കുന്നതിനുവേണ്ടി ഇപ്രകാരം ചെയ്തത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടതാണ്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V-11.4(ii)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 6-1-2005-ലെ എ-22/05 നമ്പർ കത്തു പ്രകാരം പയ്യോളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

72. "1. ആഡിറ്റ് ഖണ്ഡിക 20-11-2002-ന് കൃഷി ആഫീസർക്ക് അയച്ചു കൊടുക്കുകയും വിശദീകരണം അയച്ചുതരുവാൻ ആവശ്യപ്പെടുകയും ചെയ്തു.

2. പിന്നീട് 10-1-2003, 16-8-2003, 16-3-2004, 17-8-2004 എന്നീ തീയ്യതികളിൽ ഓർമ്മക്കുറിപ്പുകൾ അയച്ചു.

3. 2-1-2005-ന് ഇതു സംബന്ധിച്ച മറുപടി കൃഷി ആഫീസർ നൽകിയിരിക്കുന്നു. മറുപടിയിൽ സൂചിപ്പിച്ച പ്രധാന വസ്തുതകൾ താഴെ ചേർക്കുന്നു

   1. ജനകീയാസൂത്രണ പദ്ധതിയിലെ നടപടി ക്രമങ്ങൾ പൂർണ്ണമായി അറിയാത്തതുകൊണ്ടാണ് ഈ അപാകത ഉണ്ടായത്.

2. പദ്ധതിപ്പണം നിർദ്ദിഷ്ട പദ്ധതിയിലെ ലക്ഷ്യപ്രാപ്തിക്കുതന്നെ ചെലവഴിച്ചിട്ടുണ്ട്. യാതൊരു തുകയും വക മാറ്റിയിട്ടില്ല.

3. ഉത്തമ വിശ്വാസത്തോടും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനും വേണ്ടി മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

4. സാമ്പത്തിക വർഷം അവസാനം തുക ലാപ്സായി പോകാതിരിക്കാനും committed claim കൾക്ക് തുക നൽകാനും വേണ്ടിയാണ് പ്രത്യേക കറന്റ് അക്കൗണ്ടിലേക്ക് തുക മാറ്റിയിട്ടത്.

5. ഈ അക്കൗണ്ട് വ്യക്തിപരമായ പേരിലല്ല എടുത്തത്. പകരം കൃഷി ആഫീസർ, പയ്യോളി എന്ന പേരിലാണ് ഈ അക്കൗണ്ട്. പലിശയില്ലായിരുന്നു.

6. തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. വൗച്ചർ, രസീതി, ക്യാഷ് ബുക്ക് എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുകയും പരിശോധിക്കുകയും ചെയ്തതാണ്.

7. കൃഷി വകുപ്പിൽ സാധാരണ സാമ്പത്തിക വർഷാവസാനം തുക മാറിയെടുത്ത് പിന്നീട് വിതരണം ചെയ്യാറുണ്ട്. അതേ നടപടി ക്രമം തന്നെ പദ്ധതി ചെലവിനും നടത്താമെന്ന ധാരണയാലാണ് ഈ അപാകത ഉണ്ടായത്.

8. ഓഡിറ്റ് സമയത്ത് മാത്രമാണ് ഇത് തെറ്റായ നടപടിയായിരുന്നു. എന്ന് മനസ്സിലായത്.

9. പ്രസ്തുത അക്കൗണ്ട് ഉടൻ close ചെയ്തിട്ടുണ്ട്.

10. മേൽ പ്രസ്താവിച്ച മറുപടിയുടെ പകർപ്പ് 6-10-2005-ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്."

73. ആഡിറ്റ് പരാമർശമനുസരിച്ച് എത്ര രൂപ പിൻവലിച്ചാണ് ഒരു മാസത്തിൽ കൂടുതൽ കൈവശം സൂക്ഷിച്ചതെന്ന് സമിതി ആരാഞ്ഞതിന് ഗുണഭോക്താക്കൾക്ക് കൊടുക്കുന്ന സമയത്ത് മാത്രമേ തുക പിൻവലിച്ചിട്ടുള്ളൂ എന്നും തുക സമയത്ത് തന്നെ കൊടുത്ത് തീർത്തതിന്റെ രസീതും വൗച്ചറുകളും സൂക്ഷിച്ചിട്ടുണ്ടെന്നും ഇവയെല്ലാം ആഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥനായ പയ്യോളി മുൻ കൃഷി ഓഫീസർ ശ്രീ. സുകുമാരൻ (റിട്ട) സമിതിയെ അറിയിച്ചു.

74. പദ്ധതി വിഹിതം ട്രഷറിയിൽ നിന്നും പിൻവലിച്ച് കറണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുകയും പിന്നീട് പിൻവലിച്ച് കൈവശം സൂക്ഷിക്കുകയും ചെയ്തത് നിയമവിരുദ്ധമാണ്. അതുപോലെ ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണം വഴി കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി വിഹിതവും നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസർ സെൽഫ് ചെക്ക് മുഖേന പ്ലാൻ പി.ഡി അക്കൗണ്ടിൽ നിന്ന് പിൻവലിച്ച് പയ്യോളി സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ചതും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

75. മേൽ പ്രസ്താവിച്ച രണ്ടു ആഡിറ്റ് ഖണ്ഡികകളുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും രേഖകളും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനക്കായി നൽകണമെന്നും ഇതു സംബന്ധിച്ച ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിരുന്നു.

76. അതനുസരിച്ച് കോഴിക്കോട് ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 24-8-2005-ലെ എൽ.എഫ്.25803/(2)സ്പെഷ്യൽ സെൽ (ജി1)/04 നമ്പർ കത്തുപ്രകാരം സമിതിക്ക് ലഭ്യമാക്കിയിട്ടുള്ളതിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

77. "പയ്യോളി ഗ്രാമപഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസർ പയ്യോളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ കറണ്ട് അക്കൗണ്ട് (നം.13311) 11-6-1998-ന് തുടങ്ങി ഓഡിറ്റ് പരാമർശത്തിന്റെ വെളിച്ചത്തിൽ 21-3-2001-ന് ക്ലോസ് ചെയ്തു.

78. അക്കൗണ്ട് പാസ് ബുക്കും ക്യാഷ് ബുക്കും പരിശോധിച്ചപ്പോൾ കൃഷി ഓഫീസർ 5-4-1999-ന് പിൻവലിച്ച, (ചീച്ചിൽ വന്ന തെങ്ങു മുറിച്ചു മാറ്റുന്നതിനു കൃഷിക്കാർക്ക് നൽകുന്നതിനായി പിൻവലിച്ച) 10000 രൂപ ഒഴികെ മറ്റു തുകകളൊന്നും പിൻവലിച്ച് അധികകാലം കയ്യിൽ വച്ചിട്ടില്ല (പിൻവലിച്ച തുകകൾ അന്നോ അതിനടുത്ത ദിവസങ്ങളിലോ ചെലവ് ചെയ്തിട്ടുണ്ട്) 5-4-1999-ന് ചീഞ്ഞ തെങ്ങുകൾ വെട്ടി മാറ്റുന്നതിനായി കർഷകർക്ക് നൽകാൻ പിൻവലിച്ച 10,000 രൂപയിൽ 18-8-1999-വരെ താഴെ വിവരിച്ച ചെലവുകൾ ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | ചീഞ്ഞ തെങ്ങുകൾ വെട്ടുന്നതിനുള്ള തുക | : | 6700 രൂപ |
| 2. | നേന്ത്രവാഴക്കൃഷി | : | 313.75 |
| 3. | പമ്പ് സെറ്റ് സബ്സിഡി | : | 885.00 |
| 4. | വളത്തിന് നൽകിയത് | : | 816.00 |
| | | | 8714.75 |

10,000 രൂപയിൽ 8714.75 രൂപ കഴിച്ച് 1285.25 രൂപയുടെ ചെലവ് ക്യാഷ് ബുക്കിൽ കാണിച്ചിട്ടില്ല. പ്രസ്തുത തുക എന്തു ചെയ്തു എന്ന് കൃഷി ആഫീസർക്ക് വിവരിക്കാനായിട്ടില്ല.

79. വിവിധ സ്രോതസ്സ് വഴി ഗ്രാമ, ബ്ലോക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും കിട്ടുന്ന തുകകളും ബി.ഫണ്ട് തുകകളും ക്യാഷ് ബുക്കിൽ വന്ന് ചെലവ് ചെയ്യുന്നതിനാൽ പ്രസ്തുത തുക വകമാറി ചെലവ് ചെയ്തോ എന്ന് വിശദീകരിക്കാനും കൃഷി ഓഫീസർക്ക് കഴിഞ്ഞിട്ടില്ല."

## നിഗമനങ്ങൾ/ശുപാർശകൾ

80. പദ്ധതിപ്പണം ട്രഷറിയിൽ നിന്നും പിൻവലിച്ച് കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും പിന്നീട് അതിൽ നിന്നും തുക പിൻവലിച്ച് കൈവശം സൂക്ഷിക്കുകയും പദ്ധതി നിർവ്വഹണം നടത്തുകയുമാണ് നിർവ്വഹണോദ്യോഗസ്ഥനായ

മുൻ കൃഷി ഓഫീസർ ചെയ്തിരിക്കുന്നത്. ഇത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് എന്നും, മേലിൽ ഇത്തരത്തിലുള്ള ചട്ടലംഘനങ്ങൾ സമിതി അംഗീകരിക്കുന്നതല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

81. നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസർ പയ്യോളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 5-4-1999-ന് പിൻവലിച്ച 10,000 രൂപയിൽ 8714.75 രൂപ കഴിച്ച് ബാക്കി 1285.25 രൂപയുടെ ചെലവ് ക്യാഷ് ബുക്ക് പ്രകാരം കുറവ് കണ്ടത് സംബന്ധിച്ച് ബന്ധപ്പെട്ടവരിൽ നിന്നും വിശദീകരണം ആരായുവാനും അന്നത്തെ നിർവ്വഹണോദ്യോഗസ്ഥനായ ശ്രീ. സുകുമാരൻ, കൃഷി ഓഫീസർ (റിട്ട.)-ൽ നിന്നും തുക ഈടാക്കി വിവരം സമിതിയെ അറിയിക്കുവാനും സമിതി നിർദ്ദേശിക്കുന്നു.

## തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

വായ്പാകുടിശ്ശിക യഥാസമയം അടയ്ക്കുന്നില്ല

"ബസ് സ്റ്റേഷൻ-കം-ഷോപ്പിംഗ് സെന്റർ നിർമ്മാണത്തിനുവേണ്ടി വായ്പയെടുത്ത വകയിൽ കേരളാ ഗ്രാമവികസന ബോർഡിലേക്ക് തിരിച്ചടയ്ക്കേണ്ട തുക 31-3-2001 വരെ കണക്കാക്കിയത് 12,18,571 രൂപയായിരുന്നു. ഈ കുടിശ്ശിക തിരിച്ചടയ്ക്കുവാൻ പദ്ധതി വിഹിതത്തിൽ നിന്ന് ആവശ്യമായ തുക ഉപയോഗിക്കാൻ ത.സ്വ.ഭ.(ജി)വകുപ്പിന്റെ 16-3-2001-ലെ 8330/ജി2/2001-ാം നമ്പർ സർക്കുലർ വഴി പഞ്ചായത്തുകളെ അനുവദിച്ചിരുന്നെങ്കിലും ഒരു പൈസ പോലും ഇങ്ങനെ തിരിച്ചടയ്ക്കുകയുണ്ടായില്ല. 31-3-2001 വരെ ആകെ 49 ലക്ഷം രൂപ ഗ്രാമവികസനബോർഡിൽ അടച്ചതായിട്ടാണ് രേഖകൾ കാണിക്കുന്നത്. എന്നാൽ പിഴപ്പലിശ ഇനത്തിൽ ഇപ്രകാരം തുക അടയ്ക്കാൻ അനുവാദമില്ലാത്തതിനാൽ പിഴപ്പലിശയായി അടച്ച തുക അംഗീകരിക്കാവുന്നതല്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-02-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.11.5]

ആഡിറ്റ് ഖണ്ഡികയ്ക്ക് 7-1-2005-ലെ എ2-748/03 നമ്പർ കത്തു പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

82. "സംസ്ഥാന ഗ്രാമവികസന ബോർഡിലേക്ക് അടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന 3,53,908 ക. 8-1-2003 തീയതി അടച്ചിട്ടുണ്ട്. (DDNo. 664552 dt. 8-1-2003 SBT Thiruvambady) രസീതി നമ്പർ 12451 dt. 16-1-2003 സംസ്ഥാന ഗ്രാമവികസന ബോർഡ്".

83. സംസ്ഥാന ഗ്രാമവികസന ബോർഡിലേക്ക് അടയ്ക്കാനുണ്ടായിരുന്ന തുക മുഴുവൻ തിരിച്ചടച്ചുവെന്നും അതിന്റെ രസീത് സർക്കാരിൽ നിന്നും കിട്ടിയിട്ടുണ്ടെന്നും തിരുവമ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പ് യോഗത്തിൽ സമിതി മുമ്പാകെ ബോധിപ്പിച്ചു.

84. യഥാസമയം തുക തിരിച്ചടയ്ക്കാത്തത് പഴയ സെക്രട്ടറിയാണോ എന്നും പിഴപ്പലിശയായി എത്ര രൂപ അടച്ചുവെന്നും, പദ്ധതി വിഹിതത്തിൽ നിന്നും ആവശ്യമായ തുക ഉപയോഗിക്കാൻ സർക്കാർ ഉത്തരവ് ഉണ്ടായിരുന്നിട്ടും സമയത്ത് അടയ്ക്കാതിരുന്നത് എന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞതിന് വായ്പ അടച്ചുതീർത്തതുകൊണ്ട് പിഴപ്പലിശ കൃത്യമായി കണക്കുകൂട്ടിയില്ലെന്നും ആദ്യം ഫണ്ട് കുറവായതുകൊണ്ടാണ് തിരിച്ചടവിൽ വീഴ്ച വന്നതെന്നും, മുൻ സെക്രട്ടറിയുടെ കാലത്താണ് ഇത് സംഭവിച്ചതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് തെളിവ് നൽകി.

85. ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് നൽകണമെന്നും ആയത് ഡയറക്ടർ പരിശോധിച്ചശേഷം സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശം നൽകിയിരുന്നു.

86. സമിതി നിർദ്ദേശിച്ചതിൻ പ്രകാരം ഇതിന്മേൽ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധന നടത്തിയതിന്മേലുള്ള റിപ്പോർട്ട് 8-8-2005-ലെ കത്തുപ്രകാരം സമിതിക്ക് ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു.

87. കേരളാ സ്റ്റേറ്റ് റൂറൽ ഡെവലപ്മെന്റ് ബോർഡ് ഏറ്റെടുത്ത തിരുവമ്പാടി പഞ്ചായത്ത് ബസ് പാർക്കിംഗ് സ്റ്റേഷൻ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് ബോർഡ് കണക്കാക്കിയ ചെലവ് 25,86,094 ക.യായിരുന്നു. 30-9-1987-ന് അവധിയായ ആദ്യത്തെ തിരിച്ചടവ് തീയതിയിൽ അടയ്ക്കേണ്ട പണം, പണി പൂർത്തിയായിട്ടില്ലെന്നും സംരംഭത്തിൽ നിന്ന് പഞ്ചായത്തിന് വരുമാനം ഒന്നും ലഭിക്കുന്നില്ലെന്നും ഉള്ള ന്യായം ഉന്നയിച്ച് അടക്കേണ്ടതില്ലെന്ന് പഞ്ചായത്ത് തീരുമാനിച്ചു. പഞ്ചായത്തിന്റെ ഈ തീരുമാനം ഗ്രാമ വികസന ബോർഡുമായി ഏർപ്പെട്ട കരാറിന്റെ വ്യവസ്ഥക്ക് വിരുദ്ധമായിരുന്നു. തുടർന്നും ഗ്രാമവികസന ബോർഡിലേക്കുള്ള തിരിച്ചടവ് ഷെഡ്യൂൾ അനുസരിച്ച് നടത്തുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും വീഴ്ച വന്നു. വീഴ്ച കാരണം പിന്നീട് അടയ്ക്കുന്ന സംഖ്യ എല്ലാം പലിശ, പിഴ പലിശ ഇനങ്ങളിൽ അക്കൗണ്ട് ചെയ്യപ്പെട്ടതുകാരണം 31-3-2002-ന് 46,31,261 ക. തിരിച്ചടച്ചപ്പോഴും 31,18,923 ക. അടയ്ക്കാൻ ബാക്കിയായി. കടക്കെണിയിൽ നിന്നു മോചനം കണ്ടെത്താൻ കഴിയാതിരുന്ന പഞ്ചായത്ത് ബോർഡുമായി സെറ്റിൽമെന്റിൽ ഏർപ്പെടുത്തുന്നതിന് നിർബന്ധിതമായി. അതനുസരിച്ച് പഞ്ചായത്തിന്റെ മൊത്തം ബാദ്ധ്യത 65,76,350 ക.യായി നിജപ്പെടുത്തുകയും ഇതിനകം അടച്ച 46,31,261 ക. കഴിച്ച് ബാക്കി 19,45,089 അടയ്ക്കാനുള്ളതായി കണക്കാക്കി സംഖ്യ 31-3-2002, 8-1-2003 തീയതികളിൽ അടച്ച് കണക്ക് അവസാനിപ്പിക്കുകയും ചെയ്തു.

88. ബോർഡിന്റെ തിരിച്ചടവ് ഷെഡ്യൂൾ അനുസരിച്ച് ഓരോ ഗഡുവിലും അടയ്ക്കാനുള്ളതും അടച്ചതുമായ സംഖ്യ സംബന്ധിച്ച വിവരം കൃത്യമായി രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാലും, തിരിച്ചടച്ച സംഖ്യ ഏതെല്ലാം ഇനങ്ങളിലാണ് (മുതൽ, പലിശ, പിഴ പലിശ) ബോർഡ് വരവിൽ വച്ചതെന്ന് അറിയുന്നതിനുള്ള രേഖകൾ സൂക്ഷിക്കാതിരുന്നതിനാലും, പഞ്ചായത്തിന് ഭീമമായ നഷ്ടം വരുത്തിവച്ച ഈ ഇടപാട് സംബന്ധിച്ച വ്യക്തമായ വിവരം അറിയാൻ

സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. തിരിച്ചടവ് ഷെഡ്യൂൾ അനുസരിച്ചുതന്നെ പണം അടയ്ക്കാതിരുന്നതിനാൽ പഞ്ചായത്തിന് ധന നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് അവിതർക്കിതമാണ്. എന്നാൽ ഷെഡ്യൂൾ അനുസരിച്ച് അടയ്ക്കാതിരുന്നതിന് ന്യായമായ കാരണങ്ങൾ ഒന്നും തന്നെ ഉന്നയിക്കാനുണ്ടായിരുന്നില്ല.

89. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 30-9-1987 മുതലാണ് തിരിച്ചടവ് ആരംഭിക്കുന്നതെന്നും, ആ സമയത്ത് അടയ്ക്കാനുള്ള ഗഡു പലിശ ഉൾപ്പെടെ 2,24,000 രൂപയ്ക്കടുത്തായിരുന്നുവെന്ന് മനസിലാക്കുന്നു. ഈ കാലയളവിൽ 1992-93 വർഷം വരെ വാടകയിനത്തിൽ കെട്ടിടത്തിൽ നിന്നും ഫീസ് ഇനത്തിൽ ബസ് സ്റ്റാന്റിൽ നിന്നും പിരിഞ്ഞുകിട്ടിയ സംഖ്യ സംബന്ധിച്ച വിവരം പരിശോധനക്ക് ലഭ്യമായിട്ടില്ല. എന്നാൽ 1993 മുതൽ 2002-03 വരെ ഈ ഇനത്തിൽ പഞ്ചായത്തിന് സ്ഥിരമായ വരുമാനം ഉണ്ടായിരുന്നതായി രേഖകളിൽ നിന്ന് വ്യക്തമാകുന്നു. 1993-94 മുതലുള്ള വരുമാനം താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1993-94 | : | 155905 |
| 1994-95 | : | 147343 |
| 1995-96 | : | 150183 |
| 1996-97 | : | 170239 |
| 1997-98 | : | 187565 |
| 1998-99 | : | 230657 |
| 1999-2000 | : | 215688 |
| 2000-01 | : | 193855 |
| 2001-02 | : | 223165 |
| 2002-03 | : | 223875 |

90. ബോർഡിനുള്ള തിരിച്ചടവ് സംഖ്യയിൽ ഗണ്യമായ ഭാഗം ഓരോ വർഷവും ബസ് സ്റ്റാൻഡിൽ നിന്നുള്ള ഫീസും കെട്ടിടത്തിൽ നിന്നുള്ള വാടകയുമായി പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെന്ന് ബോദ്ധ്യമാകുന്നുണ്ട്. പരിശോധനയ്ക്ക് ലഭ്യമായ 1992-93 മുതലുള്ള പഞ്ചായത്തിന്റെ ആസ്തി ബാധ്യതാ വിവരങ്ങളനുസരിച്ച് 1997-98 വർഷം ഒഴികെ എല്ലാ വർഷവും പഞ്ചായത്ത് ഫണ്ട് സ്ഥിതി മിച്ചമാണെന്നും സംഖ്യ കൃത്യമായി തിരിച്ചടയ്ക്കുന്നതിനുള്ള സാമ്പത്തിക സ്ഥിതി പഞ്ചായത്തിന് ഇല്ലാത്ത അവസരം ഉണ്ടായിട്ടില്ലെന്നും ബോദ്ധ്യമാകുന്നുണ്ട്.

*സ്ഥിതിവിവരം താഴെ ചേർക്കുന്നു*

| വർഷം | ആസ്തി | ബാദ്ധ്യത | മിച്ചം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1992-93 | 676373 | 495256 | 181117 |
| 1993-94 | 858175 | 399690 | 458485 |
| 1994-95 | 780684 | 678184 | 102500 |
| 1995-96 | 1062326 | 383297 | 679029 |

| (1) | (2) | (3) | (4) |
|---|---|---|---|
| 1996-97 | 1937706 | 1824224 | 113482 |
| 1997-98 | 977233 | 1100595 | 123362 |
| 1998-99 | 868309 | 813525 | 554784 |
| 1999-2000 | 1876668 | 1059790 | 816878 |
| 2000-01 | 912146 | 295713 | 616433 |
| 2001-02 | 1601003 | 250220 | 1350783 |
| 2002-03 | 2665944 | 1192146 | 1473798 |

91. പഞ്ചായത്ത് ഫണ്ട് സ്ഥിതി മിച്ചമല്ലാതിരുന്ന 1997-98 വർഷത്തിൽ പോലും ബോർഡിന്റെ കടം തിരിച്ചടയ്ക്കാനാവശ്യമായ പണം അക്കൗണ്ടിൽ ഉണ്ടായിരുന്നുവെന്നും, കരാർ പ്രകാരമുള്ള ബാദ്ധ്യതയെന്ന നിലയിൽ ഇതിൽ നിന്ന് സംഖ്യ അടച്ച് പിന്നീട് ഫണ്ടിൽ വരവാകുന്ന മുറയ്ക്ക് ബാദ്ധ്യത അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള സാഹചര്യം ഉണ്ടായിരുന്നുവെന്നും കാണാവുന്നതാണ്.

92. എഗ്രിമെന്റ് പ്രകാരം റൂറൽ ഡവലപ്മെന്റ് ബോർഡിനുള്ള വിഹിതം കൃത്യമായി അടയ്ക്കുന്നതിൽ മാത്രമല്ല, അതു സംബന്ധിച്ച് രേഖകൾ സൂക്ഷിക്കുന്നതിലും പഞ്ചായത്തിന്റെ ഭാഗത്തു കുറ്റകരമായ അനാസ്ഥയും അലംഭാവവും പ്രകടമായിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു. 1988-89 വർഷം മുതൽ ബസ്സ്സ്റ്റാന്റും ഷോപ്പിംഗ് കോംപ്ലക്സും പ്രവർത്തനക്ഷമമെന്ന് വിശ്വസിക്കാനുള്ള സാഹചര്യം ഉണ്ടെങ്കിലും 1993-94 വർഷത്തിന് ഇതിൽനിന്നുള്ള വരവ് വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. ബോർഡ് നിശ്ചയിച്ച ഷെഡ്യൂൾ അനുസരിച്ച് മുതൽ, പലിശ ഉൾപ്പടെ തിരിച്ചടവിനുള്ള തീയതി, അടച്ച തീയതി, സംഖ്യ എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇടവിട്ട കാലങ്ങളിൽ പഞ്ചായത്ത് അടയ്ക്കുന്ന സംഖ്യ ബോർഡ് അക്കൗണ്ടിൽ വരവ് വെയ്ക്കുന്ന വിവരം (മുതൽ, പലിശ, പിഴപ്പലിശ) എന്നിവ രേഖപ്പെടുത്തിയ രശീതി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് അടച്ച സംഖ്യയുടെ കണക്ക് തന്നെ കൃത്യമായി സൂക്ഷിച്ചിട്ടില്ലെന്നും പരിശോധനയിൽ വ്യക്തമാകുന്നു. ബോർഡുമായി സെറ്റിൽമെന്റിൽ ഏർപ്പെട്ട മൊത്തം ബാദ്ധ്യതയായി 65,76,350 ക. നിശ്ചയിക്കുകയും ഇതിനകം അടച്ചുതീർത്ത സംഖ്യ 46,31,261 ക. ആയി കണക്കാക്കുകയും ചെയ്തതിൽ 30-3-1999-ന് അടച്ച 5,00,000 ക. ഉൾപ്പെട്ടതായി കാണുന്നില്ല. കണക്ക് കൃത്യമായി സൂക്ഷിക്കാതിരുന്നതാണ് അടച്ച സംഖ്യ പോലും ബാധ്യതയിൽ നിന്ന് കുറവു വരുത്താതെ സെറ്റിൽമെന്റിൽ ഉൾപ്പെടാൻ ഇടയായത്. ഇതുകൊണ്ട് പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്.

93. റൂറൽ ഡെവലപ്മെന്റ് ബോർഡിനുള്ള കുടിശ്ശിക യഥാസമയം അടയ്ക്കാതിരുന്നതിനെ ന്യായീകരിക്കത്തക്ക യാതൊരു സാഹചര്യവും നിലവിലുണ്ടായിരുന്നില്ല. ആദ്യത്തെ തിരിച്ചടവ് തീയതിയായ 30-2-1998-ൽ പണി പൂർത്തിയാവുകയും കെട്ടിടം പഞ്ചായത്തിന് കൈമാറുകയും ചെയ്യാത്ത സാഹചര്യത്തിൽ കെട്ടിടത്തിൽ

നിന്ന് പഞ്ചായത്തിന് യാതൊരു വരുമാനവും ഇല്ല എന്ന കാരണത്താൽ അടയ്ക്കേണ്ടതില്ലെന്ന 18-2-1988-ലെ 9/88 നമ്പർ തീരുമാനവും 30-9-2000-ൽ ഫണ്ടിന്റെ അപര്യാപ്തത കാരണം പണം അടയ്ക്കേണ്ടതില്ലെന്ന് 8-9-2000-ലെ 2/2000 നമ്പർ തീരുമാനവും മാത്രമാണ് ഇതു സംബന്ധിച്ച് പഞ്ചായത്ത് എടുത്തതായി ശ്രദ്ധയിൽപ്പെടുത്തിയത്. കരാർ പ്രകാരമുള്ള കടം തിരിച്ചടയ്ക്കുന്നതിന് അന്യായമായ വീഴ്ച വരുത്തുകയും അടച്ച സംഖ്യ സംബന്ധിച്ച കണക്ക് കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യാത്തതാണ് ഭീമമായ സംഖ്യ പലിശ, പിഴ പലിശ ഇനത്തിൽ അടയ്ക്കുന്നതിനും, അടച്ച സംഖ്യ പോലും കണക്കിലെടുക്കാത്ത വിധത്തിലുള്ള സെറ്റിൽമെന്റിന് പഞ്ചായത്തിന് വിധേയമാവുകയും ചെയ്യേണ്ടിവന്നതെന്നും, അതത് കാലങ്ങളിൽ പഞ്ചായത്തിന്റെ കാര്യ നിർവ്വഹണ ചുമതലയുള്ള എക്സിക്യൂട്ടീവ് ഓഫീസർ/സെക്രട്ടറിമാർ, ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥൻമാർ, സൂപ്പർവൈസറി സ്ഥാനത്തുണ്ടായിരുന്ന ജൂനിയർ സൂപ്രണ്ടുമാർ എന്നിവർക്ക് ഈ വീഴ്ചയിൽ ഉത്തരവാദിത്തം ഉണ്ടെന്നും ബോധിപ്പിക്കുന്നു. ബന്ധപ്പെട്ട രേഖകൾ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ബോർഡിന്റെ രേഖകൾകൂടി പരിശോധിക്കാൻ സാധിക്കുന്ന വിധം വിശദമായ ഒരന്വേഷണം നടത്തി മാത്രമേ ഈ ഇനത്തിൽ പഞ്ചായത്തിനുണ്ടായ അധിക ബാദ്ധ്യത കണക്കാക്കി അതനുസരിച്ച് വീഴ്ചക്കുത്തരവാദിയായ ഉദ്യോഗസ്ഥരുടെ മേൽ ബാദ്ധ്യത നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ എന്നും ബോധിപ്പിക്കുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

94. ബസ്സ് സ്റ്റേഷൻ കം-ഷോപ്പിംഗ് സെന്റർ നിർമ്മാണത്തിനുവേണ്ടി വായ്പ എടുത്ത വകയിൽ കേരള ഗ്രാമവികസന ബോർഡിലേക്ക് തിരിച്ചടയ്ക്കേണ്ട തുക യഥാസമയങ്ങളിൽ തിരിച്ചടയ്ക്കാത്തതുമൂലം കുടിശ്ശിക വരികയും പ്രസ്തുത തുക, പലിശ, പിഴപ്പലിശ എന്നീ ഇനങ്ങളിലായി അടയ്ക്കുന്നതിനും കാരണമാകുകയാണ് ഉണ്ടായതെന്ന് സമിതി വിലയിരുത്തുന്നു. കുടിശ്ശിക യഥാസമയം അടയ്ക്കാതിരുന്നതിനെ ന്യായീകരിക്കത്തക്ക യാതൊരു സാഹചര്യവും നിലവിലില്ലാത്തതും കരാർ പ്രകാരമുള്ള കടം തിരിച്ചടയ്ക്കുന്നതിൽ അന്യായമായ കാലതാമസം വരുത്തിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു.

95. തിരുവമ്പാടി ബസ്സ് സ്റ്റേഷൻ-കം-ഷോപ്പിംഗ് സെന്ററിന്റെ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് റൂറൽ ഡെവലപ്മെന്റ് ബോർഡിൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടവ് സംബന്ധിച്ച് പഞ്ചായത്ത് ഓഫീസിൽ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് കേരള സ്റ്റേറ്റ് റൂറൽ ഡെവലപ്മെന്റ് ബോർഡിലുള്ള രേഖകൾ കൂടി പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ ബാദ്ധ്യത നിർണ്ണയിക്കുവാനും ഇതു സംബന്ധിച്ച് അടിയന്തിരമായി നടപടികൾ കൈക്കൊള്ളുവാനും സമിതി ശുപാർശ ചെയ്യുന്നു.

96. വായ്പ തുക തിരിച്ചടയ്ക്കേണ്ടതില്ലായെന്ന് പഞ്ചായത്ത് തീരുമാനിച്ചപ്പോൾ പ്രസ്തുത തുക കൃത്യമായി അടയ്ക്കേണ്ടതിന്റെ പ്രാധാന്യം സെക്രട്ടറി പഞ്ചായത്ത് കമ്മിറ്റിയിൽ ബോദ്ധ്യപ്പെടുത്തേണ്ടതായിരുന്നെന്നും ഇത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണെന്നും ആയതിനാൽ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സി. കരുണാകരനെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ചാത്തമംഗലം ഗ്രാമപഞ്ചായത്ത്

**ആഡിറ്റ് ഖണ്ഡിക**

<u>മണൽ ലേലക്കുടിശ്ശിക ഈടാക്കിയില്ല</u>

1-6-1999 മുതൽ 31-12-1999 വരെയുള്ള കാലയളവിലേക്ക് ചെട്ടിപ്പുഴ കടവിൽ നിന്നും മണൽ വാരുന്നതിനുള്ള അവകാശം 3,14,000 രൂപയ്ക്ക് ലേലം ചെയ്ത് കൊടുത്തത് ചെറുകടവത്ത് ശശിധരൻ എന്നയാളുടെ പേരിലാണ്. 1997-98, 1998-99 വർഷങ്ങളിലും ഈ അവകാശം ലേലം ചെയ്തെടുത്ത ഇദ്ദേഹത്തിന്റെ പേരിലുള്ള 59,250 രൂപ കുടിശ്ശിക ഈടാക്കാതെ വീണ്ടും ഇയാൾക്കുതന്നെ ഈ അവകാശം നൽകിയത് ഗുരുതരമായ കൃത്യവിലോപവും ധനനഷ്ടത്തിനിടയാക്കുന്ന നടപടിയുമാണ്. കൃത്യവിലോപം കാട്ടിയവർക്കെതിരെ ഉചിതമായ അച്ചടക്കനടപടിയും കുടിശ്ശിക നൽകേണ്ട തീയതി മുതൽ പ്രതിമാസം രണ്ടുശതമാനം നിരക്കിലുള്ള പിഴപ്പലിശ സഹിതം (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 ഇ പ്രകാരം) വസൂലാക്കാനുള്ള സത്വരനടപടിയും കൈക്കൊള്ളേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.11.6]

ആഡിറ്റ് ഖണ്ഡികയ്ക്ക് തിരുവമ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

97. 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അന്നത്തെ സെക്രട്ടറി സൈനുദ്ദീൻ എന്നയാൾക്ക് കൊടുത്തു. എന്നാൽ 1999-2000 വർഷത്തെ പാര 36-ന് മാത്രം മറുപടി ടിയാനിൽ നിന്നു ലഭിച്ചിട്ടില്ല.

98. മണൽ വാരൽ ലേലത്തിൽ കുടിശ്ശിക വരുത്തിയ കരാറുകാരനുതന്നെ വീണ്ടും മണൽ വാരാനുള്ള അവകാശം ലേലം ചെയ്തു നൽകിയതു സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. ആഡിറ്റ് പരാമർശത്തിന്മേൽ അന്നത്തെ സെക്രട്ടറിയ്ക്കും ലേലംകൊണ്ട ആളിനും നോട്ടീസ് അയച്ചുവെന്നും മറുപടി ലഭ്യമാക്കാത്തതിനാൽ 2-1-2005-ന് സെക്രട്ടറിക്ക് വീണ്ടും നോട്ടീസ് അയച്ചതിന്മേൽ സെക്രട്ടറിയിൽ നിന്നും ലഭിച്ച മറുപടിയിൽ കുടിശ്ശിക വരുത്തിയിട്ടുള്ള അതേ ആളാണ് വീണ്ടും ലേലം കൊണ്ടതെന്ന കാര്യം സെക്ഷൻ ക്ലാർക്ക് ശ്രദ്ധയിൽപ്പെടുത്തിയിരുന്നില്ലായെന്നാണ് സെക്രട്ടറി അറിയിച്ചതെന്ന് ചാത്തമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

99. ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. മുഹമ്മദ് സൈനുദ്ദീൻ റിട്ടയർ ചെയ്തിട്ട് ഒരു മാസമായെന്നും ഡി.സി.ആർ.ജി നൽകിയിട്ടില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

100. പരാമർശ മണൽ വാരൽ ലേലവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിനുശേഷം മുൻ സെക്രട്ടറി കുറ്റക്കാരനാണെന്നു കാണുകയാണെങ്കിൽ ടിയാനിൽ നിന്നും പഞ്ചായത്തിനു നഷ്ടപ്പെട്ട തുക 2 ശതമാനം പിഴപ്പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്നും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശം നൽകിയിരുന്നു. സമിതി നിർദ്ദേശമനുസരിച്ച് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 3-8-2005-ലെ

സി 5-1740/04 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്ത് ഓഫീസിൽ നടത്തിയ അന്വേഷണത്തിൽ മണൽ ലേലവുമായി ബന്ധപ്പെട്ട 1993-94 മുതൽ 1999-2000 വരെയുള്ള വർഷങ്ങളിലെ ലേല ഡയറി, എഗ്രിമെന്റ് ഉൾപ്പടെയുള്ള ഫയലുകൾ ഹാജരാക്കുകയുണ്ടായില്ലെന്നും. വിളിച്ചെടുത്ത ലേല സംഖ്യ അടയ്ക്കുന്നതിന് വീഴ്ച വരുത്തി കരാർ ലംഘനം നടത്തിയ ആളെ കുടിശ്ശിക നിലനിൽക്കെ തന്നെ തുടർന്നുള്ള കാലയളവിലെ ലേലത്തിൽ പങ്കെടുക്കുന്നതിനും അവകാശം ഏറ്റെടുക്കുന്നതിനും അനുവദിച്ചതിന് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയും, യു.ഡി.ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് എന്നിവർ സർവ്വീസിൽ നിന്നും ഇതിനകം റിട്ടയർ ചെയ്തു കഴിഞ്ഞു എന്നും പഞ്ചായത്ത് സെക്രട്ടറി ഒഴികെ രണ്ടു പേർക്കും സർവ്വീസാനുകൂല്യങ്ങളും നൽകി കഴിയുകയും ചെയ്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച നഷ്ടം റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കുന്നതിന് നിർവ്വാഹമില്ലെന്നാണ് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

101. മണൽവാരൽ ലേലവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യാപകമായ രീതിയിൽ അഴിമതി നടക്കുന്നതായി സമിതി മനസിലാക്കുന്നു. ലേലത്തുകയിൽ കിഴിവനുവദിക്കുക, യഥാർത്ഥ വിലയ്ക്കുള്ള മുദ്രപത്രം ഉപയോഗിക്കാതിരിക്കുക, ലേലക്കുടിശ്ശികയുള്ളയാൾക്കുതന്നെ പുനർലേലം അനുവദിക്കുക, അനധികൃത മണൽവാരലുമായി ബന്ധപ്പെട്ട് നടപടി സ്വികരിക്കാതിരിക്കുക എന്നിവമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാരിനും ധനനഷ്ടം ഉണ്ടാകുന്നുണ്ടെന്നും സമിതി മനസിലാക്കുന്നു. ആയതിനാൽ മണൽവാരലുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും തുക അടയ്ക്കുന്നതിലും യഥാർത്ഥ വിലയ്ക്കുള്ള മുദ്രപത്രം ഉപയോഗിക്കുന്നതിലും വീഴ്ച വരുത്തുന്നവരിൽ നിന്നും പ്രസ്തുത നഷ്ടം പലിശ സഹിതം ഈടാക്കണമെന്നും ലേലത്തുകയിൽ കിഴിവനുവദിക്കുന്നത് സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ ആകാവുയെന്നും സമിതി നിർദ്ദേശിക്കുന്നു. മണൽവാരൽ അനുവദിക്കുന്നതിനുള്ള നിശ്ചിത മാനദണ്ഡങ്ങൾ പ്രാദേശിക പരിശോധനാ റിപ്പോർട്ടിന്റെയും റവന്യൂ, സോയിൽ കൺസർവേഷൻ, പരിസ്ഥിതി എന്നീ വകുപ്പുകളുടെ റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിലായിരിക്കണമെന്നും സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി മണൽ ലേലത്തിന് കിഴിവനുവദിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സമിതികൾക്കെതിരെ നടപടി സ്വികരിച്ച് നഷ്ടം ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

102. ആഡിറ്റ് പരാമർശത്തിന്മേലുള്ള കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് അയച്ചുകൊടുത്ത് ഇക്കാര്യത്തിന്മേൽ സ്വീകരിക്കുന്ന തുടർനടപടി റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ബസ് സ്റ്റാന്റ് ടാറിംഗ്-ക്രമക്കേടുകൾ

"ബസ് സ്റ്റാന്റ് ടാറിംഗിനുവേണ്ടി 2,20,800 രൂപയുടെ എസ്റ്റിമേറ്റിൽ തയ്യാറാക്കിയ പ്രോജക്ടിൽ 1,97,599 രൂപ ചെലവഴിച്ചിട്ടുണ്ട്. കരാറുകാരൻ വഴി ഈ വേല നടപ്പിലാക്കുന്നതിനുമുമ്പ് മരാമത്ത് ചട്ടങ്ങളിലെ [ജി.ഒ.(പി) 216/97/തഭവ/ 23-9-1997] ഖണ്ഡിക 3(4) പ്രകാരം ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കാനുള്ള മുൻഗണനാസാദ്ധ്യത വിലയിരുത്തിയതായി കാണുന്നില്ല. ടെൻഡർ വഴിയുള്ള നിർവ്വഹണത്തിലാകട്ടെ മേൽപറഞ്ഞ ചട്ടങ്ങളിലെ 8, 9, 10 എന്നീ ചട്ടങ്ങൾ പാലിച്ചിട്ടുമില്ല. പൂർത്തിയാക്കിയ വേലയുടെ ധനമൂല്യം 1,82,833 രൂപ മാത്രമായിരിക്കെ ടാറിന്റെ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവിലയായി 14,776 രൂപ കരാറുകാരന് നൽകിയത് ജി.ഒ.(എം.എസ്)20/99/പ്ലാനിംഗ് 5-4-1999-ലെ ഖണ്ഡിക 7 പ്രകാരം അനുവദനീയമല്ല. ത:ഭ:വ: വകുപ്പിന്റെ 17-8-1999-ലെ ജി.ഒ.(എം.എസ്) 164/99 ഖണ്ഡിക 2 പ്രകാരം ടെൻഡർ എക്സസ് അംഗീകരിക്കുന്നതിനുള്ള അധികാരം പഞ്ചായത്തിനല്ല സർക്കാരിനാണ്. ഈ വ്യവസ്ഥ ലംഘിച്ച് ചെലവഴിച്ച 1,97,599 രൂപ അധികാര ദുർവിനിയോഗത്താലുള്ള ധനനഷ്ടമാകുന്നു

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.11. 6(2)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 7-1-2005-ലെ F4-2344/04 നമ്പർ കത്തു പ്രകാരം ചാത്തമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

103. "1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അന്നത്തെ സെക്രട്ടറിമാർക്ക് അയച്ചു. സെക്രട്ടറി ശോഭനാ റാണിയുടെ മറുപടി പ്രകാരം കരാറുകാരൻ സോമനാഥന് സംഖ്യ ഈടാക്കുന്നതിന് നോട്ടീസ് നൽകി. കരാറുകാരൻ മറുപടി തന്നിട്ടില്ല."

104. ബസ്സ് സ്റ്റാന്റ് ടാറിംഗിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നും അന്നത്തെ സെക്രട്ടറി ആരായിരുന്നുവെന്നും സമിതി ആരാഞ്ഞതിന് സെക്രട്ടറി ശ്രീമതി ശോഭനറാണി യായിരുന്നു എന്നും ബി.എൽ.ഇ.സി.അംഗീകരിച്ച എസ്റ്റിമേറ്റിൽ തന്നെ അധികം തുക അനുവദിച്ചിരുന്നുവെന്നും അതുകൊണ്ടുതന്നെ ഈ തുക പഞ്ചായത്ത് കരാറുകാരന് നൽകേണ്ടതാണെന്നും തുക തിരിച്ചടയ്ക്കാൻ സാധിക്കില്ലായെന്നുമാണ് കരാറുകാരൻ മറുപടി നൽകിയിട്ടുള്ളതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. ബി.എൽ.ഇ.സി അംഗീകരിച്ച് സാങ്കേതികാനുമതി നൽകിയതാണ് പദ്ധതിയെന്നും കരാർ വച്ചത് നാലാം മാസത്തിലാണെന്നും എന്നാൽ അധികം തുക കൊടുക്കുവാൻ പാടില്ലായെന്ന ഉത്തരവ് വന്നത് 17-8-1999-ലുമാണെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

105. ബി.എൽ.ഇ.സി നൽകിയിരുന്ന അംഗീകാരം മറികടന്ന് കരാറുവച്ചിട്ടുണ്ടോ യെന്നും സർക്കാർ ഉത്തരവിനു വിധേയമായിട്ടാണോ കരാറുണ്ടാക്കിയതെന്നുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട എല്ലാ ഫയലുകളും വിശദമായി പരിശോധിച്ച് രണ്ടാഴ്ചയ്ക്കു ള്ളിൽ സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമിതി നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 3-3-2006-ലെ എൽ.എഫ്.25803(2)/സ്പെ.സെൽ.(ജി1)/04 നമ്പർ കത്തു പ്രകാരം

ലഭ്യമാക്കിയ പുനഃപരിശോധന റിപ്പോർട്ടിൽ ചാത്തമംഗലം ഗ്രാമപഞ്ചായത്തിന്റെ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചെന്നും ടാറിന്റെ വില വ്യത്യാസം നല്കുവാൻ കരാറുകാരൻ സോമനാഥനുമായി പഞ്ചായത്ത് ഉണ്ടാക്കിയ കരാറിൽ വ്യവസ്ഥകൾ ഇല്ലാത്തതിനാൽ ടാറിന്റെ വില വ്യത്യാസമായി കരാറുകാരന് നല്കിയ 14,776 രൂപ തിരിച്ചു പിടിക്കണമെന്ന ഓഡിറ്റ് പരാമർശം നിലനില്ക്കുന്നുവെന്നാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

106. ബസ്സ് സ്റ്റാന്റ് ടാറിംഗിനായി ബി.എൽ.ഇ.സി അംഗീകാരത്തിനു വിരുദ്ധമായി കരാറുകാരന് ടാറിന്റെ വില വ്യത്യാസമായി നല്കിയ 14,776 രൂപ പലിശ സഹിതം കരാറുകാരനിൽ നിന്നീടാക്കുവാനും അല്ലാത്ത പക്ഷം കരാറുകാരന് ക്രമരഹിതമായി തുക അനുവദിച്ച അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങളിൽ നിന്നും പിഴപലിശ സഹിതം തുക ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

## **ഒഞ്ചിയം ഗ്രാമ പഞ്ചായത്ത്**

**ഓഡിറ്റ് ഖണ്ഡിക**

കാർഷികോപകരണങ്ങൾ വാങ്ങിയതിലും വിതരണം നടത്തിയതിലും ക്രമക്കേടും ധനനഷ്ടവും

താഴെപ്പറയുന്ന കാർഷികോപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിന് കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായുള്ള പ്രോജക്ടിൽ 1,26,225 രൂപ വകയിരുത്തിയിരുന്നു.

| ഇനം | എണ്ണം | പദ്ധതി വിഹിതം | ഗുണഭോക്തൃ വിഹിതം | ആകെ |
|---|---|---|---|---|
| കൈക്കോട്ട് | 550 | 34375 | 10175 | 44550 |
| പടന്ന | 550 | 27500 | 17050 | 44550 |
| കൊടുവാൾ | 550 | 20625 | 16500 | 37125 |
| ആകെ | 1650 | 82500 | 43725 | 126225 |

അംഗീകരിച്ച പ്രോജക്ടിൽ നിന്നും വ്യത്യസ്തമായ തൂക്കത്തിലുള്ള ഉപകരണങ്ങൾ വാങ്ങിയതിനാൽ 11877 രൂപ (94377-82500) അധികചെലവു വരുത്തുകയുണ്ടായി

സ്റ്റോർ പർച്ചേയ്സ് മാനുവലിലെ ചട്ടപ്രകാരമുള്ള ടെൻഡർ ക്ഷണിക്കാതെയാണ് സാധനങ്ങൾ വാങ്ങിയത്.

ഗുണഭോക്തൃ വിഹിതം പഞ്ചായത്തിന്റെ രസീതുപയോഗിച്ച് പിരിച്ചെടുക്കാതിരിക്കുകയും പിരിച്ചെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാതിരിക്കുകയും ചെയ്ത കൃഷി ഓഫീസറുടെ നടപടി വൻക്രമക്കേടാണ്. ധനകാര്യവകുപ്പിന്റെ

29-12-1997-ലെ ജി.ഒ.(പി)1459/97 ഖണ്ഡിക 2 പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് പഞ്ചായത്തിന്റെ 1-ാം നമ്പർ പി.ഡി. അക്കൗണ്ടിൽ വരവു വെയ്ക്കാതിരുന്നതിനാൽ ഈ തുകയ്ക്ക് ലഭിക്കേണ്ട ആഡിറ്റ് ചാർജ്ജ് (1 %) സർക്കാരിന് നഷ്ടപ്പെട്ടിട്ടുമുണ്ട്.

തദ്ദേശ ഭരണ (എൽ) വകുപ്പിന്റെ 28-03-1998-ലെ 4349/എൽ-3/98-ാം നമ്പർ സർക്കുലറിലെ 4-ാം ഖണ്ഡികയനുസരിച്ച് കാർഷികോപകരണങ്ങൾ വാങ്ങേണ്ടത് ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ്, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, റെയ്ഡ്കോ, കാംകോ എന്നീ സ്ഥാപനങ്ങളിൽ നിന്നായിരിക്കണമെന്ന നിർദ്ദേശം പാലിക്കാതിരുന്നതിനാൽ പൊതുധനം ദുർവ്യയം ചെയ്യാനും സ്വകാര്യ വ്യക്തികളെ സഹായിക്കാനുമുള്ള ബോധപൂർവ്വമായ ശ്രമം കാണാവുന്നതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.11-9]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 11-1-2005-ലെ 10884-ലെ എ1-1084/04 നമ്പർ കത്ത് പ്രകാരം ഒഞ്ചിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

107. "ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ് 31-1-2002-ൽ കൃഷി ഓഫീസർക്ക് നൽകി. 21-6-2002-ലെ പഞ്ചായത്ത് ഭരണ സമിതി യോഗം ഓഡിറ്റ് പരാമർശ വിഷയം ചർച്ച ചെയ്തുവെങ്കിലും വ്യക്തമായ തീരുമാനങ്ങളൊന്നും എടുത്തില്ല".

108. സംസ്ഥാനത്തെ തെരഞ്ഞെടുത്ത അഞ്ചാറു പഞ്ചായത്തുകളിൽ നടപ്പിലാക്കിയ ഒരു പദ്ധതിയായിരുന്നു ഇതെന്നും എന്നാൽ ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ 6/97-ൽ ക്വട്ടേഷൻ ക്ഷണിച്ച് 7/97-ൽ തന്നെ ടെൻഡർ അംഗീകരിച്ച് പദ്ധതി വിഹിതം ലഭിക്കുന്നതിന് മുമ്പ് തന്നെ പഞ്ചായത്ത് ഫണ്ടിൽ നിന്നും മുൻകൂർ നൽകി മറ്റു പഞ്ചായത്തുകളെക്കാൾ മുമ്പേ ആരംഭിച്ചുവെന്നും അന്ന് ഒരു സ്വകാര്യ സ്ഥാപനത്തിനാണ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ഓർഡർ കൊടുത്തതെന്നും സാധനങ്ങൾ തൂക്കിയാണ് വാങ്ങിയതെന്നും പഞ്ചായത്ത് സമിതിയുടെ തീരുമാനമനുസരിച്ചാണ് വില നൽകിയതെന്നും 11,677 രൂപ കൂടുതലായി ചെലവാക്കിയിട്ടുണ്ടെന്നും 3/98-നാണ് ഇതു സംബന്ധിച്ച സർക്കുലർ സർക്കാർ ഇറക്കിയതെന്നും ഒഞ്ചിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പു വേളയിൽ സമിതി മുമ്പാകെ ബോധിപ്പിച്ചു.

109. ഏതു വർഷമാണ് തീരുമാനമെടുത്തതെന്നും ഗുണഭോക്തൃവിഹിതമായി എത്ര രൂപ കിട്ടിയെന്നും, ഗുണഭോക്തൃ വിഹിതം ശേഖരിച്ച് ആർക്കാണ് നൽകിയത്, ഇതിന്റെ രസീതുകൾ സൂക്ഷിച്ചിട്ടുണ്ടോ എന്നും സമിതി അന്വേഷിച്ചതിന്, 5/98 നാണ് പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചതെന്നും ഗുണഭോക്തൃ വിഹിതമായി 100 രൂപ വീതം 55,000 രൂപ ലഭിച്ചത് ടി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അന്ന് പ്രത്യേക നിർദ്ദേശം ഉണ്ടായിരുന്നില്ലായെന്നും തുക വിതരണ രജിസ്റ്ററിൽ എഴുതി സ്ഥാപനത്തിന് നേരിട്ട് കൊടുക്കുകയാണ് ചെയ്തതെന്നും സ്ഥാപനത്തിൽ നിന്നും ലഭിച്ച രസീത് ഉണ്ടെന്നും ഒഞ്ചിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

110. സ്റ്റോർ പർച്ചേസ് മാനുവലിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ടെൻഡർ വിളിക്കാതെയാണ് സാധനങ്ങൾ വാങ്ങിയതെന്നും ഗുണഭോക്തൃ വിഹിതം പഞ്ചായത്തിന്റെ ഒന്നാം നമ്പർ പി.ഡി.അക്കൗണ്ടിൽ നിക്ഷേപിക്കാത്തതിനാൽ ആ തുകയ്ക്ക് ലഭിക്കേണ്ട ഒരു ശതമാനം ഓഡിറ്റ് ചാർജ്ജ് സർക്കാരിന് നഷ്ടമായിട്ടുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. ക്വട്ടേഷൻ വിളിച്ചതെല്ലാം പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തോടുകൂടിയാണെന്നും പഞ്ചായത്തിന് സ്റ്റോർ പർച്ചേസ് റൂൾ ബാധകമാക്കിയത് പദ്ധതി നടപ്പാക്കി തുടങ്ങിയശേഷമായിരുന്നുവെന്നും ഗുണഭോക്തൃ വിഹിതം പി.ഡി. അക്കൗണ്ടിൽ വരവ് വയ്ക്കണമെന്ന നിർദ്ദേശം വന്നത് 12/97-ലാണെന്നും പഞ്ചായത്തിന്റെ നടപടിക്കുറിപ്പ് ഉണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

111. നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തിക്കൊണ്ട് തീരുമാനങ്ങളെടുത്ത മുഴുവൻ ഫയലുകളും പഞ്ചായത്തിന്റെ യോഗനടപടിക്കുറിപ്പിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്ന് പഞ്ചായത്ത് സെക്രട്ടറിയ്ക്കും ഫയൽ പരിശോധിച്ച് 15 ദിവസത്തിനുള്ളിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്കും സമിതി നിർദ്ദേശം നൽകിയിരുന്നു.

112. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 3-3-2006-ലെ എൽ. എഫ്.25803(2) സ്പെ.സെൽ.(ജി1)/04 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ടിൽ പഞ്ചായത്തിലെ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ 26-6-1997-ലെ 768 നമ്പർ തീരുമാനപ്രകാരം കർഷകർക്ക് പണിയായുധം സപ്ലൈ ചെയ്യാനുള്ള ക്വട്ടേഷൻ വിളിക്കാൻ തീരുമാനിക്കുകയുണ്ടായി എന്നും 20,000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് സ്റ്റോർ പർച്ചേയ്സ് ചട്ടപ്രകാരം ടെണ്ടർ ക്ഷണിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ലെന്നും പൊതുമേഖലാ സ്ഥാപനങ്ങളായ ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ്, അഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷൻ സഹകരണ സ്ഥാപനമായ റെയ്ഡ്കോ എന്നിവിടങ്ങളിൽ നിന്നും വാങ്ങണമെന്ന സർക്കുലർ 25-3-1998-ലേ വന്നിട്ടുള്ളൂവെന്നും സ്റ്റോർ പർച്ചേയ്സ് ചട്ടലംഘനത്തിന് സർക്കാരിൽ നിന്നും മാപ്പാക്കൽ ഉത്തരവ് ഹാജരാക്കണമെന്ന നിബന്ധനയോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

113. സ്റ്റോർ പർച്ചേയ്സ് ചട്ടംലംഘിച്ച് പർച്ചേയ്സ് നടത്തിയത് സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ നഷ്ടം സംഭവിച്ച തുക അന്നത്തെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. ജ്യോതി ബസുവിൽ നിന്നും ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

## താമരശ്ശേരി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ജലസേചന പദ്ധതികൾ—പാഴാകുന്ന മുതൽമുടക്ക്

താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ 1997-98 വർഷത്തിൽ 19,52,300 രൂപ അടങ്കലിൽ ആവിഷ്ക്കരിച്ച 7 സാമൂഹ്യ ജലസേചന പദ്ധതികൾക്കായി തൻവർഷം 4,77,000 രൂപയും തുടർന്നുള്ള വർഷങ്ങളിലായി മൊത്തം 16,51,942 രൂപയും ചെലവഴിച്ചെങ്കിലും പദ്ധതി ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥരുടെയോ, ഗുണഭോക്തൃ സമിതിയുടെയോ താൽപ്പര്യക്കുറവുമൂലം ലക്ഷങ്ങൾ മുടക്കിയ പദ്ധതികൾ പാഴാകുന്ന സ്ഥിതിവിശേഷം സർക്കാരിന്റെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.11-10(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 30-12-04-ലെ സി4-2687/01 നമ്പർ കത്ത് പ്രകാരം താമരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

114. "ഓഡിറ്റ് പാരായിലുന്നയിച്ച ഏഴ് പ്രവൃത്തികളും ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ളതും തൃപ്തികരമാംവിധം ജനങ്ങൾ ഉപയോഗിച്ചുവരുന്നതുമാണ്. കൃഷി ഓഫീസറുടെ വിശദമായ മറുപടിയുടെ അടിസ്ഥാനത്തിൽ 19-5-2004-ലെ എൽ.എഫ്.കെ.കെ. ഡി.പി.5.407/03(1) നമ്പർ ഓഡിറ്റ് പ്രാദേശിക പരിശോധനാ റിപ്പോർട്ടിൽ തടസ്സം തുടരുന്നതായി കാണുന്നില്ല."

115. ആഡിറ്റ് ഖണ്ഡികയിൽ പരാമർശിക്കുന്ന പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചും പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ ആരായിരുന്നുവെന്നും സമിതി താമരശ്ശേരി ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസറോട് ആരാഞ്ഞു. ഇപ്പോൾ ഏഴു പദ്ധതികളും പൂർത്തിയായി വെള്ളമുപയോഗിച്ചുവരുന്നുവെന്നും അന്നത്തെ കൃഷി ഓഫീസറായിരുന്ന മാത്യൂസ് കോശിയായിരുന്നു പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനെന്നും പണി പകുതിയായപ്പോൾ ടിയാൻ സ്ഥലം മാറി പോയെന്നും ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ സമിതിയെ അറിയിച്ചു.

116. പദ്ധതി ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചുവെന്നും അവരാണ് പദ്ധതിയിപ്പോൾ നടത്തുന്നതെന്നും ഇതിന്റെ നികുതിയും ക്ഷേമനിധി ഫണ്ടും അടച്ചിട്ടുണ്ടെന്നും കൃഷി ഓഫീസർ സമിതി മുമ്പാകെ തെളിവ് നൽകി. ഈ ഏഴ് പദ്ധതികളെക്കുറിച്ചുള്ള ഫയലും ബന്ധപ്പെട്ട രേഖകളും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും കൃഷി ഓഫീസർക്കും സമിതി നിർദ്ദേശം നൽകി. അതനുസരിച്ച് പദ്ധതികളെക്കുറിച്ചുള്ള എല്ലാ ഫയലുകളും രേഖകളും പരിശോധിച്ച്, ഭൗതിക പരിശോധനയും നടത്തി വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോടും സമിതി ആവശ്യപ്പെട്ടിരുന്നു.

117. സമിതി നിർദ്ദേശമനുസരിച്ച് കോഴിക്കോട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് 24-8-2005-ലെ എൽ.എഫ്. 25803/(2) സ്പെ. സെൽ(ജി1)/04 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

118. "താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ 1997-98-ൽ ആവിഷ്ക്കരിച്ച 7 ജലസേചന പദ്ധതികളുടെ ഫയലുകളും എം. ബുക്കും പരിശോധിച്ച് പദ്ധതികളുടെ ഫൈനൽ ബില്ലുകൾ താഴെ വിവരിച്ച പ്രകാരം നൽകിയിട്ടുണ്ടെന്ന് കാണുന്നു.

| ആകെ ചെലവു ചെയ്ത തുക | | | ഫൈനൽ ബിൽ നൽകിയ തീയതി |
|---|---|---|---|
| 264291 | (1) കട്ടിപ്പാറ സാമൂഹ്യ ജലസേചന പദ്ധതി | | 31-3-2003 |
| 309007 | (2) ചെംപ്രക്കുണ്ട് | ,, | 31-3-2002 |
| 298056 | (3) അമ്പോക്കിൽ | ,, | 31-3-2003 |
| 270492 | (4) ചെംപ്രക്കുന്ന് | ,, | 31-3-2002 |
| 268686 | (5) പുലിക്കുന്ന് | ,, | 31-3-2003 |
| 221035 | (6) പൂലോട് | ,, | 31-3-2003 |
| 316896 | (7) കന്നൂട്ടിപ്പാറ | ,, | ,31-3-2002 |

119. മേൽ വിവരിച്ച ജലസേചന പദ്ധതികൾ കൃഷി ഓഫീസറുമൊത്ത് നേരിട്ട് പരിശോധിച്ചപ്പോൾ ചെംപ്രക്കുണ്ട്, അംപോക്കിൽ, ചെമ്പ്രക്കുന്ന്, കന്നൂട്ടിപ്പാറ എന്നീ നാലു പദ്ധതികൾ പ്രവർത്തിക്കുന്നുണ്ടെന്നും കട്ടിപ്പാറ പദ്ധതിക്ക് ഇതേ വരെ കറണ്ടു ലഭിച്ചിട്ടില്ലെന്നും പൂലോട് പദ്ധതിയ്ക്ക് 4 മാസമായി കറണ്ടു ലഭിച്ചെങ്കിലും ഇതേ വരെ പ്രവർത്തിച്ചിട്ടില്ലെന്നും പുലിക്കുന്ന് പദ്ധതിയുടെ കറണ്ട് ചാർജ്ജ് അടയ്ക്കാത്തതിനാൽ 5 മാസമായി കറണ്ടു കട്ടു ചെയ്തതിനാൽ പദ്ധതി പ്രവർത്തിക്കുന്നില്ലെന്നും മനസ്സിലാക്കുന്നു.

120. ചുരുക്കത്തിൽ 7 പദ്ധതികളിൽ 4 പദ്ധതികളെ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ."

## നിഗമനങ്ങൾ/ശുപാർശകൾ

121. താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ 1997-98 വർഷത്തിൽ 19,52,300 രൂപ അടങ്കലിൽ ആവിഷ്ക്കരിച്ച 7 ജലസേചന പദ്ധതികളുടെ ഭൗതിക പരിശോധനയിൽ 4 പദ്ധതികൾ മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നതായുള്ളൂ എന്നാണ് കണ്ടെത്തിയിട്ടുള്ളത്. പ്രവർത്തനരഹിതമായ മൂന്നു പദ്ധതികൾ കൂടി സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ഉപാധിരഹിത ഫണ്ട് മരാമത്തു പണികൾ—ക്രമക്കേടുകൾ സംബന്ധിച്ച്

താമരശ്ശേരി ഗ്രാമപഞ്ചായത്ത് 1998-99 വർഷത്തിൽ 1996-97 വർഷത്തേക്ക് അനുവദിച്ച ഉപാധിരഹിത ഫണ്ടുപയോഗിച്ച് കാരാടി-കുടുക്കിൽ റോഡ് റീ ടാറിംഗ് എന്ന പ്രവൃത്തിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലെ നടത്തിപ്പിൽ അനാവശ്യമായ പണികൾ

എസ്റ്റിമേറ്റിലും വർക്കു ബില്ലുകളിലും കാണിച്ച് പണം നൽകിയതുമൂലം 49,950+18,840=68,790 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഉത്തരവാദിയായവരിൽ നിന്നും തുക തിരികെ പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.11-10(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 30-12-2004-ലെ സി4-2687/01 നമ്പർ കത്ത് പ്രകാരം താമരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

122. "പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ഇ. രവീന്ദ്രനാഥന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ എൽ.എഫ്.പി.5/407/03 തീയതി 29-4-2003 പ്രകാരം തടസ്സത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. "

123. ആഡിറ്റ് പരാമർശം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കിയിട്ടുണ്ടെന്നാണ് സമിതിക്ക് ലഭിച്ച മറുപടിയിൽ കാണിച്ചിരിക്കുന്നത്. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ ഇപ്പോഴത്തെ സെക്രട്ടറിക്ക് എന്തു മറുപടിയാണ് നൽകുവാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് ഗതാഗത ബാഹുല്യം കാരണം മഴ സമയത്ത് റോഡ് താറുമാറാകാറുണ്ടെന്നും ഗ്രാമീണ മേഖലയിലെ റോഡുകളാണെന്നും താമരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

124. പ്രസ്തുത പണിയുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുവാൻ പഞ്ചായത്ത് സെക്രട്ടറിക്കും ഫയലുകൾ പരിശോധിച്ചും ഭൗതിക പരിശോധന നടത്തിയും വിശദമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്കും സമിതി നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

125. ആയതിനാൽ താമരശ്ശേരി ഗ്രാമപഞ്ചായത്ത് 1998-99 വർഷത്തിൽ ഉപാധിരഹിത ഫണ്ടുപയോഗിച്ച് കാരാടി-കുടുക്കിൽ റോഡ് റീ ടാറിംഗ് നടത്തിയതുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും പരിശോധിച്ചും ഭൗതിക പരിശോധനയും നടത്തി വിശദമായ റിപ്പോർട്ട് സമിതിയ്ക്ക് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

126. റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശം അവഗണിച്ച ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം തേടി ആയതും സമിതിക്ക് ലഭ്യമാക്കണമെന്ന് ശുപാർശ ചെയ്യുന്നു.

## ചെക്യാട് ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ഉമ്മത്തൂർ ജലസേചന പദ്ധതി നടത്തിപ്പ്—പദ്ധതിപ്പണത്തിന്റെ പാഴ്ചെലവ്

ചെക്യാട് ഗ്രാമപഞ്ചായത്തിലെ 6 പ്രദേശങ്ങളിലായി ആകെ 41 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിക്കുപയുക്തമായ രീതിയിൽ 10,25,700 രൂപ പദ്ധതി വിഹിതവും

2,05,000 രൂപ ഗുണഭോക്തൃവിഹിതവുമടക്കം ആകെ 12,30,700 രൂപ അടങ്കലിൽ ആവിഷ്ക്കരിച്ച ഉമ്മന്നൂർ ജലസേചന പദ്ധതിയുടെ നടത്തിപ്പിനായി ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ. പി. കെ. മോഹനന് 48,250 രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയെങ്കിലും ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ അളവുകൾ പ്രകാരം ആകെ 28,484 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. മറ്റു പ്രവൃത്തികൾ ഒന്നും നടപ്പിലാക്കാത്തതിനാൽ ബാക്കി തുകയായ 19,766 രൂപ തിരിച്ചുപിടിക്കാൻ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലടയ്ക്കേണ്ടതാണ്.

കൂടാതെ മേൽ പ്രവൃത്തിയുടെ തന്നെ നടത്തിപ്പിനുവേണ്ടി കൃഷി ഓഫീസർ കണ്ണൂർ റെയ്ഡ്കോയിൽ നിന്നും 77,576 രൂപയുടെ സാധനസാമഗ്രികൾ വാങ്ങിയിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ചതായി കാണുന്നില്ല. പദ്ധതിപ്പണത്തിന്റെ പാഴ്ചെലവിലേയ്ക്ക് നയിക്കുന്ന ഈ പ്രവൃത്തിയുടെ നടത്തിപ്പിനെക്കുറിച്ച് ഭരണതലത്തിൽ വിശദമായ അന്വേഷണം ആവശ്യമാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V-11.11]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 11-1-2005-ലെ എ 508/03 നമ്പർ കത്ത് പ്രകാരം ചെക്യാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

127. " ഉമ്മത്തൂർ ജലസേചന പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ ചെക്യാട് കൃഷി ഭവനിലെ കൃഷി ഓഫീസറോട്, 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ കൃഷി ഓഫീസറുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന് മറുപടി സമർപ്പിക്കുന്നതിന് ഈ ഗ്രാമപഞ്ചായത്തിലെ A508/03 നമ്പർ കത്ത് വഴി 7-03-2003 തീയതിയിലും, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നതിന് 31-12-2004 തീയതിയിലും ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് ഇന്നുവരെ യാതൊരു മറുപടിയും കൃഷി ഓഫീസറിൽ നിന്നും ലഭിക്കുകയുണ്ടായില്ല. ഓഡിറ്റ് പരാമർശത്തിൽ ആവശ്യപ്പെട്ട 19,766 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചു പിടിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന വിവരം സവിനയം അറിയിക്കുന്നു."

128. പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് സമിതി തെളിവെടുപ്പു വേളയിൽ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന കൃഷി ഓഫീസറോട് ആരാഞ്ഞു. കമ്മ്യൂണിറ്റി ഇറിഗേഷനിലെ 6 പദ്ധതികളിൽ ഒന്നാണിതെന്നും ഇതിന് 1,93,600 രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെന്നും ഗുണഭോക്തൃ സമിതി രൂപീകരിച്ച് ജോലി ഏൽപ്പിക്കുന്നത് 1998-99-ൽ ആയിരുന്നെന്നും 2000--ൽ തന്നെ പണി പൂർത്തിയായിട്ടുണ്ടെന്നും ബന്ധപ്പെട്ട കൃഷി ഓഫീസർ സമിതി മുമ്പാകെ വ്യക്തമാക്കി.

129. കൺവീനർ 48,250 രൂപയുടെ മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങിയെങ്കിലും 28,484 രൂപ മാത്രമേ ചെലവാക്കിയിട്ടുള്ളൂ. ബാക്കി തുകയിൽ എത്ര രൂപയാണ് കൊടുത്തതെന്നും റെയ്ഡ്കോയിൽ നിന്നും 77576 രൂപയ്ക്ക് എന്താണ് വാങ്ങിയതെന്നും വാങ്ങിയ സാധനങ്ങളെല്ലാം ഉപയോഗിച്ചിട്ടുണ്ടോ എന്നും മുൻകൂർ തുകയിൽ ഇതെല്ലാം തട്ടിക്കിഴിച്ചിട്ടാണോ തുക നൽകിയതെന്നും സമിതി അന്വേഷിച്ചു. ആകെ ചെലവ് വന്നത് 1,87,209 രൂപ മാത്രമാണെന്നും റെയ്ഡ്കോയിൽ നിന്നും പൈപ്പും

അനുബന്ധ സാധനങ്ങളുമാണ് വാങ്ങിയതെന്നും വാങ്ങിയ സാധനങ്ങളെല്ലാം ഉപയോഗിച്ചിട്ടുണ്ടെന്നും ടാങ്ക് കുന്നിന്റെ മുകളിലും കിണർ വയലിലുമായതിനാലാണ് പൈപ്പ് കൂടുതൽ വേണ്ടി വന്നതെന്നും മുൻകൂർ തുകയെല്ലാം തട്ടിക്കിഴിച്ചിട്ടാണ് തുക കൊടുത്തതെന്നും പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന കൃഷി ഓഫീസർ സമിതിക്ക് തെളിവു നൽകി. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ വെള്ളം പമ്പു ചെയ്യാൻ തുടങ്ങിയിട്ടില്ലായെന്ന് ചെക്യാട് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 3-3-2006-ലെ എൽ.എഫ്.25803(2) സ്പെ.സെൽ.(ജി1)/04 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ടിൽ 1999-ൽ ആരംഭിച്ച ഉമ്മത്തൂർ ജലസേചന പദ്ധതി സ്പിൽ ഓവറായി 2003-04 വരെ തുടരുകയും ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന കിണർ നിർമ്മാണം, പമ്പ് ഹൗസ് നിർമ്മാണം, വാട്ടർ ടാങ്ക് നിർമ്മാണം പൈപ്പ് ഇടൽ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ഇതേവരെ ലഭിച്ചിട്ടില്ല. ആയത് 31-3-2006-നകം ലഭിക്കുമെന്നും പദ്ധതി പ്രവർത്തനം തുടങ്ങി ജനങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിലുള്ള തടസ്സങ്ങൾ പദ്ധതി പ്രവർത്തനം തുടങ്ങിയാൽ ഒഴിവാക്കാവുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

130. 1999-ൽ തുടങ്ങി 2003-04 വരെ തുടരുകയും ചെയ്ത പദ്ധതിക്ക് 31-3-2006-ൽ വൈദ്യുതി കണക്ഷൻ ലഭിക്കുമെന്നും പദ്ധതി പ്രവർത്തനം തുടങ്ങി ജനങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്നാണ് സെക്രട്ടറി അറിയിച്ചതെന്നാണ് ലോക്കൽ ഫണ്ട് വകുപ്പിന്റെ പുനഃപരിശോധന റിപ്പോർട്ടിൽ അറിയിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനം തുടങ്ങാൻ ഇത്രയും കാലതാമസം നേരിട്ടത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

131. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികൾ അനന്തമായി നീണ്ടുപോകുന്നതിലൂടെ നടത്തിപ്പു ചെലവിൽ വർദ്ധനവു വരുന്നത് വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക നഷ്ടവും നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തികൾ സമയബന്ധിതമായും സാമ്പത്തികമിതത്വം പാലിച്ചും പൂർത്തിയാക്കുന്നുണ്ടെന്നുറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

132. ഓഡിറ്റിൽ പരാമർശിക്കപ്പെട്ട പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

## കാവിലുംപാറ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

വസ്ത്ര നിർമ്മാണം-വനിതകൾക്ക് തയ്യൽ പരിശീലനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ 10 വാർഡുകളിലെ 10 യുവതികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി തയ്യൽ പരിശീലനം നൽകുന്നതിലേയ്ക്ക് 35,000 രൂപ പദ്ധതി വിഹിതവും 25,000 രൂപ ബാങ്ക് വായ്പയും 4,200 രൂപ ഗുണഭോക്തൃവിഹിതവു

മടക്കം 64,200 രൂപ അടങ്കലിൽ ആവിഷ്ക്കരിച്ച പദ്ധതിയിൽ പരിശീലകന് ഓണറേറിയം നൽകുന്നതിന് 6,000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ഈ ഇനത്തിൽ 20,500 രൂപയാണ് ചെലവഴിച്ചത്. 14,500 രൂപ ചട്ടങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചിട്ടുള്ള ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കി പ്ലാൻ ഫണ്ടിലടയ്ക്കേണ്ടതാണ്.

"തയ്യൽ മെഷീനുകളും അനുബന്ധ ഉപകരണങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെയാണ് വാങ്ങിയിട്ടുള്ളത്. കൺവീനർക്ക് നൽകിയ പദ്ധതിവിഹിതമായ 35,000 രൂപയിൽ യഥാർത്ഥ ചെലവ് 33,895 രൂപ മാത്രമാണ്. ബാക്കി തുകയായ 1,105 രൂപ തിരികെ അടവാക്കിയിട്ടില്ല."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.11.12(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 10-1-2005-ലെ എ2/1052/04 നമ്പർ കത്ത് പ്രകാരം കാവിലുംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

133. " തയ്യൽ മെഷീൻ ഗുണഭോക്തൃ കമ്മിറ്റി നേരിട്ട് ക്വട്ടേഷൻ വിളിച്ച് വാങ്ങിയതാണ്. ആയതിന്റെ ക്വട്ടേഷനുകൾ ഹാജരാക്കുകയും വൗച്ചറിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ചെലവഴിച്ചശേഷം ബാക്കിയുള്ള തുക 1105 രൂപ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിനും ഓണറേറിയം ഇനത്തിൽ കൂടുതൽ നൽകിയ തുക തിരിച്ചു പിടിക്കുന്നതിനും കൺവീനർ ശ്രീമതി എ. ആർ. ഷിബിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. "

134. കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ 10 വാർഡുകളിലെ 10 യുവതികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി തയ്യൽ പരിശീലനം നൽകുന്നതിലേയ്ക്ക് ആവിഷ്ക്കരിച്ച പദ്ധതിയാണിതെന്നും മൂന്നു തയ്യൽ മെഷീനും ഒരു മേശയും വാങ്ങിയെന്നും പരിശീലനം കഴിഞ്ഞശേഷം ഇതു പ്രവർത്തിക്കുന്നില്ലെന്നും മെഷീൻ ഇപ്പോൾ പഞ്ചായത്താഫീസിൽ സൂക്ഷിച്ചിരിക്കുകയാണെന്നും മെഷീൻ വാങ്ങിയതിന്റെ രേഖകളെല്ലാം സൂക്ഷിച്ചുവച്ചിട്ടുണ്ടെന്നും കാവിലുംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു

## നിഗമനങ്ങൾ/ശുപാർശകൾ

135. പദ്ധതിയുടെ കൺവീനർക്ക് നൽകിയ പദ്ധതിവിഹിതമായ 35,000 രൂപയിൽ യഥാർത്ഥ ചെലവ് 33,895 രൂപ മാത്രമാണെന്നിരിക്കെ ബാക്കി തുകയായ 1,105 രൂപ കൺവീനറിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

136. തയ്യൽ മെഷീനുകൾ തുരുമ്പെടുത്ത് നശിക്കാതെ പ്രയോജനപ്പെടുത്തുവാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പട്ടികജാതിക്കാർക്ക് വീട് വയ്ക്കുവാൻ സ്ഥലം വാങ്ങുന്നതിന് ധനസഹായം അനുവദിക്കൽ—ക്രമക്കേടുകൾ

"കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ 1999-2000 വർഷത്തിൽ പട്ടികജാതിയിൽപ്പെട്ട 76 പേർക്ക് 15,000 രൂപ വീതം വീടു വയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി ധനസഹായം അനുവദിച്ചതിൽ 3 പേർ ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടാത്തവരാണ്. കൂടാതെ അവിവാഹിതനും കുടുംബത്തിന് സ്വന്തമായി സ്ഥലമുള്ളതുമായ ശ്രീ. അനീഷ് തോട്ടരികത്തിന് 15,000 രൂപയുടെ ധനസഹായം അനുവദിക്കുക വഴി സർക്കാർ ഉത്തരവ് ലംഘിച്ച് പദ്ധതിപണം ദുരുപയോഗം ചെയ്തതായി കാണുന്നു. ഈ തുക ആഡിറ്റിൽ അനുവദിക്കുന്നില്ല."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V. 11.12(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 10-1-2005-ലെ എ2/1052/04 നമ്പർ കത്ത് പ്രകാരം കാവിലുംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

137. ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് 23-3-2000, 26-6-2000 എന്നീ തീയതികളിൽ നടന്ന ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ട്.

138. "അനർഹമായി കൈപ്പറ്റിയ ധനസഹായം 15000 രൂപ ഗുണഭോക്താവായ ശ്രീ.അനീഷ് S/o ഗോപാലൻ, തോട്ടരികത്ത്, മൊയിലോത്തറ എന്നയാളോട് തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്."

139. പട്ടികജാതിക്കാർക്ക് വീടു വയ്ക്കാനുള്ള സ്ഥലം വാങ്ങൽ പദ്ധതിയിൽ ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടാത്ത 3 ഗുണഭോക്താക്കൾക്ക് കൂടി ധനസഹായം അനുവദിച്ചതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് പിന്നീട് ഈ 3 ഗുണഭോക്താക്കളെക്കൂടി ലിസ്റ്റിൽപ്പെടുത്തി ഗ്രാമസഭ അംഗീകാരം നൽകിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച രേഖകൾ ഉണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വെളിപ്പെടുത്തി.

140. സ്വന്തമായി വസ്തു ഉള്ള അനീഷിന് ധനസഹായം കൊടുത്തത് അനധികൃതമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇതിനെതിരെ പഞ്ചായത്ത് എന്തു നടപടി സ്വീകരിച്ചുവെന്ന് സമിതി ആരാഞ്ഞതിന്, പഞ്ചായത്ത് തീരുമാനമനുസരിച്ചാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്നും അനീഷിന്റെ ഒറിജിനൽ ആധാരം പഞ്ചായത്തിൽ തന്നെയുണ്ടെന്നും ആഡിറ്റ് പരാമർശത്തിന് അയാൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

141. അനർഹമായി നൽകിയിട്ടുള്ള തുക തിരിച്ചുപിടിക്കണമെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുകൊണ്ടുള്ള ഗ്രാമസഭയുടെ തീരുമാനം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി തെളിവെടുപ്പുവേളയിൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചുകൊണ്ടുള്ള ഗ്രാമസഭയുടെ 23-3-2000,

26-6-2000 തീയതികളിലെ മിനിട്ട്സ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയിരുന്നത് പരിശോധിച്ചിട്ടുണ്ടെന്നും ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ടെന്നും ബോദ്ധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ 24-8-2005-ലെ എൽ.എഫ്.25803(2)-സ്പെ. സെൽ(ജി1)/04/നമ്പർ കത്ത് പ്രകാരം സമിതിയെ അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

142. സ്വന്തമായി സ്ഥലം ഉള്ള അനീഷിന് വീടു വയ്ക്കുന്നതിനുള്ള സ്ഥലം വാങ്ങൽ പദ്ധതിയിൽപ്പെടുത്തി ധനസഹായം നൽകിയത് നിയമ വിരുദ്ധമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ അനർഹമായി കൈപ്പറ്റിയ തുക അനീഷിനെക്കൊണ്ട് തിരിച്ചടപ്പിക്കണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## **പനങ്ങാട് ഗ്രാമപഞ്ചായത്ത്**

**ഓഡിറ്റ് ഖണ്ഡിക**

വയലട പ്രാഥമികാരോഗ്യ കേന്ദ്രം—വ്യാജ സാക്ഷ്യപത്രം വഴി പാഴ്ചെലവ് 2,00,000 രൂപ

"വയലട പ്രാഥമികാരോഗ്യ കേന്ദ്രത്തിനുവേണ്ടിയുള്ള കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി ഭൂമി നിരപ്പാക്കൽ, തറപണി, ചുമർ നിർമ്മാണം എന്നീ വേലകൾ ചെയ്യുന്നതിന് മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്ക്കരിച്ച പദ്ധതിയാണിത്. 1999-2000-ൽ 2 ലക്ഷം രൂപയാണ് വകയിരുത്തിയത്. ഈ വേലയുടെ ഗുണഭോക്തൃ സമിതി കൺവീനർക്ക് ഒരു ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസും, ഒരു ലക്ഷം രൂപ സെക്യേർഡ് അഡ്വാൻസും നൽകിയിരുന്നു. മരാമത്ത് ചട്ടപ്രകാരം അനുവദനീയമായ മൊബിലൈസേഷൻ അഡ്വാൻസ് 2 ലക്ഷം രൂപയുടെ 25% ആയ 50,000 രൂപ മാത്രമാണ്. 1,30,210 രൂപ വില വരുന്ന കമ്പിയും സിമന്റും ഇറക്കിയതായി എഞ്ചിനീയർ അളവു പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പാർട്ടി പണി സ്ഥലം സന്ദർശിച്ചപ്പോൾ കമ്പിയോ സിമന്റോ സ്ഥലത്ത് ഇറക്കിയിട്ടില്ലെന്ന് കണ്ടെത്തിയതായിട്ടാണ് നിർവ്വഹണോദ്യോഗസ്ഥൻ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. യാതൊരു പണിയും ഈ പ്രോജക്ടിൽ നടത്തിയിട്ടില്ല എന്ന രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ, ചെലവാക്കിയ 2 ലക്ഷം രൂപയും പ്രതിമാസം രണ്ടു ശതമാനം നിരക്കിൽ പിഴപ്പലിശ സഹിതം വസൂലാക്കേണ്ടതും മരാമത്ത് ചട്ടങ്ങൾ ലംഘിച്ച് പൊതു പണം ദുർവിനിയോഗം ചെയ്തതിനുത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി കൈക്കൊള്ളേണ്ടതുമാണ്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V-11.7]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 19-5-2005-ലെ എ1/1709/04 നമ്പർ കത്ത് പ്രകാരം പനങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

143. വയലട പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി BLEC യിൽ നിന്ന് 1 (എ) 99 ഡി/14-5-1999 നമ്പർ പ്രകാരം 10,86,000 രൂപ (പത്ത് ലക്ഷത്തി എൺപത്തി ആറായിരം ഉറുപ്പിക)യ്ക്കുള്ള ഭരണാനുമതി നൽകുകയുണ്ടായി. ആരോഗ്യ വിഷയ സമിതിയുടെ 29-25-5 നമ്പർ ശുപാർശയുടെ അടിസ്ഥാനത്തിൽ ബാലുശ്ശേരി ബ്ലോക്ക് വിദഗ്ദ്ധ സമിതി 29/99-2000 നമ്പരായി 25-5-1999-നു 10,86,000 രൂപ (പത്ത് ലക്ഷത്തി എൺപത്തി ആറായിരം ഉറുപ്പിക)ക്കുള്ള സാങ്കേതികാനുമതിയും നൽകുകയുണ്ടായി. ബാലുശ്ശേരി ബ്ലോക്ക് വിദഗ്ദ്ധ സമിതി അംഗീകരിച്ച എസ്റ്റിമേറ്റ് തുക 6,48,000 (ആറു ലക്ഷത്തി നാൽപ്പത്തി എട്ടായിരം) രൂപയാണ്. 5-11-1999-ൽ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ നടന്ന സാധാരണ മീറ്റിംഗിലെ 113 (4) നമ്പർ തീരുമാന പ്രകാരം വയലട പി.എച്ച്. സി.കെട്ടിട നിർമ്മാണത്തിന് 6,48,000 രൂപ (ആറ് ലക്ഷത്തി നാൽപ്പത്തി എട്ടായിരം) രൂപയ്ക്കുള്ള സാങ്കേതികാനുമതി നൽകുകയും കെട്ടിട നിർമ്മാണ കമ്മിറ്റി കൺവീനറായ എൻ.ജി. സതീശ്, എഗ്രിമെന്റ് വെയ്ക്കുന്ന മുറയ്ക്ക് അഡ്വാൻസ് നൽകുന്നതിന് മെഡിക്കൽ ഓഫീസറെ (നിർവ്വഹണ ഉദ്യോഗസ്ഥൻ) ചുമതലപ്പെടുത്തുകയും ചെയ്തു.

144. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പി.എച്ച്.സി. കെട്ടിട നിർമ്മാണ കമ്മിറ്റിയുമായുണ്ടാക്കിയ സപ്ലിമെന്റൽ എഗ്രിമെന്റ് നമ്പർ 2/99-2000 തീയതി 9-11-1999 പ്രകാരം മൊബിലൈസേഷൻ അഡ്വാൻസായി കൺവീനർ എൻ. ജി.സതീശന് ബി(എ) നമ്പർ 711501തീയതി 9-11-1999 നമ്പർ ആയി 50,000 രൂപ (അൻപതിനായിരം) യുടെ ചെക്ക് നൽകുകയുണ്ടായി. പിന്നീട് പനങ്ങാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ PRNO15(12) dt:2-3-2000 തീരുമാനപ്രകാരം പനങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 4-3-2000-ന് 50,000 (അൻപതിനായിരം) രൂപകൂടി കൺവീനർക്ക് നൽകാൻ മെഡിക്കൽ ഓഫീസറോട് രേഖാമൂലം നിർദ്ദേശിക്കുകയും പ്രസ്തുത നിർദ്ദേശ പ്രകാരം ബി(എ) നം: 711503 തീയതി: 7-3-2000 പ്രകാരം 50,000 (അൻപതിനായിരം) രൂപയുടെ ചെക്ക് കൺവീനർ എൻ.ജി. സതീശന് നൽകുകയുണ്ടായി.

145. തുടർന്ന് 2-3-2000-ന് നടന്ന കെട്ടിട നിർമ്മാണ കമ്മിറ്റി മീറ്റിംഗിൽ (മിനിട്ട്സ് പേജ് നമ്പർ 12 തീയതി 2-3-2000) കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സിമന്റ്, കമ്പി എന്നിവ വാങ്ങിക്കുന്നതിനുവേണ്ടിയും ഇതിനായി ക്വട്ടേഷൻ ക്ഷണിക്കുവാനും തീരുമാനിക്കുകയുണ്ടായി.

146. മേൽ യോഗ തീരുമാനമനുസരിച്ച് ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള ക്വൊട്ടേഷൻ നൽകിയ 'Thalayad Distributors' എന്ന സ്ഥാപനത്തിൽ നിന്ന് 1,30,210 (ഒരു ലക്ഷത്തി മുപ്പതിനായിരത്തി ഇരുനൂറ്റിപത്ത്) ഉറുപ്പികയ്ക്കുള്ള കമ്പി, സിമന്റ് എന്നിവ വാങ്ങിച്ചതിനുള്ള No. 426 dated 18-3-2000 എന്ന നമ്പരിലുള്ള ബിൽ വയലട പി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് (നിർവ്വഹണ ഉദ്യോഗസ്ഥൻ) സമർപ്പിക്കുകയും, പനങ്ങാട് ഗ്രാമപഞ്ചായത്ത് നിയമിച്ച എൻജിനീയർ ശ്രീ. പി. കെ. ഭാസ്ക്കരൻ പ്രസ്തുത ബില്ല് പ്രകാരമുള്ള സാധനസാമഗ്രികൾ നേരിട്ട് പരിശോധിക്കുകയും പ്രസ്തുത സാധന സാമഗ്രികൾ നിർമ്മാണ കമ്മിറ്റിക്കാർ ഒരുക്കിയ ഗുദാമിൽ

എത്തിയിരിക്കുന്നതായി M book.Page. No.1-19-3-2000-ത്തിൽ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാമഗ്രികൾ തന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും സംരക്ഷണയിലും ഉള്ളതായി കൺവീനർ എൻ. ജി. സതീശൻ എം ബുക്ക് പേജ് നമ്പർ 1-ൽ സാക്ഷ്യപ്പെടുത്തുകയും ഉണ്ടായി.

147. മേൽ നടപടികളുടെ പശ്ചാത്തലത്തിൽ സാധന സാമഗ്രികൾ വാങ്ങിയതിലേക്ക് സെക്യേർഡ് അഡ്വാൻസായി B(a) No.711504 dated 23-3-2000 നമ്പരായി 1,00,000 (ഒരു ലക്ഷം) ഉറുപ്പിക കൺവീനർ എൻ.ജി. സതീശന് നൽകുകയുണ്ടായി.

148. പിന്നീട് കെട്ടിടത്തിന്റെ തറ വരെയുള്ള ഭാഗത്തിന്റെ പ്രവർത്തനം പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ കൺവീനർ 1,19,399 രൂപയുടെ പാർട്ട് ബിൽ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ B(a) No.711546 dated 10-6-2002 ആയി 79,000 (എഴുപത്തി ഒൻപതിനായിരം) രൂപയ്ക്കുള്ള ചെക്ക് കൺവീനർ എൻ.ജി. സതീശന് നൽകുകയും ചെയ്തു.

149. പിന്നീട് 25-7-2002-ന്, കെട്ടിടത്തിന്റെ ലിന്റൽ ബീം, സൺ ഷേഡ് വരെയുള്ള പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 2,46,640 രൂപക്കുള്ള പാർട്ട് ബിൽ കൺവീനർ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ബില്ലിൽ മെറ്റീരിയൽസ് വാങ്ങിയതിലേക്ക് സെക്യേർഡ് അഡ്വാൻസ് നൽകിയ ഒരു ലക്ഷം ഉറുപ്പികയിലേക്ക് 75,640 (എഴുപത്തി അഞ്ചായിരത്തി അറുനൂറ്റി നാൽപ്പത്) ഉറുപ്പിക റിക്കവറി നടത്തിയതിനുശേഷം No.B(a) 711549 dated 26-07-2002 പ്രകാരം 82,000 രൂപയ്ക്കുള്ള ചെക്ക് കൺവീനർക്ക് നൽകി.

150. തുടർന്ന് കെട്ടിടത്തിന്റെ മെയിൻസ്ലാബിന്റെ നിർമ്മാണം പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ കൺവീനർ 3,79,716 രൂപയ്ക്കുള്ള പാർട്ട് ബിൽ സമർപ്പിക്കുകയും അതിൽ സെക്യേർഡ് അഡ്വാൻസായി നൽകിയ ഒരു ലക്ഷം രൂപയിലേക്ക് ബാക്കി ലഭിക്കാനുള്ള 24,360 (ഇരുപത്തി നാലായിരത്തി മൂന്നൂറ്റി അറുപത്) രൂപ റിക്കവറി നടത്തിയതിന് ശേഷം B(a) No. 711565 dated 31-03-2003 ആയി 89,000 (എൺപത്തി ഒൻപതിനായിരം) രൂപയ്ക്കുള്ള ചെക്ക് കൺവീനർക്ക് നൽകുകയും ചെയ്തു.

151. ഇപ്പോൾ കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് വർക്കുകൾ പൂർത്തിയായിരിക്കുന്നു. ഫ്ളോറിംഗ്, വാതിലുകൾ, ജനലുകൾ, ബാത്ത് റൂം ഫിറ്റിംഗ്, സാനിറ്ററി ഫിറ്റിംഗ്, ചുറ്റുമതിലിന്റെ നിർമ്മാണം മുതലായ പ്രവർത്തനങ്ങൾ ഇനി തീർക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല. ആയതിനാൽ ആശുപത്രി കെട്ടിടത്തിന്റെ മുഴുവൻ ജോലികളും 2005 ജനുവരി 31-ന് മുമ്പായി പൂർത്തിയാക്കി തരണമെന്നും അല്ലാത്ത പക്ഷം കൺവീനർക്കും കമ്മിറ്റിയിലെ മറ്റംഗങ്ങൾക്കുമെതിരെ സിവിലായും ക്രിമിനലായുമുള്ള നടപടികൾ കൈക്കൊള്ളുന്നതുമാണെന്ന് കാണിച്ച് രജി.നമ്പർ 156/04 dated 30-12-2004, M.O.P.H.C. Vayalada പ്രകാരം ആശുപത്രി നിർമ്മാണ കമ്മിറ്റി കൺവീനർ എൻ. ജി. സതീശനും ചെയർമാൻ എം. ചന്ദ്രൻ നായർക്കും കത്ത് നൽകിയിട്ടുണ്ട്.

152. സെക്വേർഡ് അഡ്വാൻസായി നൽകിയ ഒരു ലക്ഷം ഉറുപ്പിക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് 12% സാധാരണ പലിശയോടുകൂടി തിരിച്ച് പിടിക്കാൻ ആവശ്യപ്പെട്ട് പനങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് AI-888/02 dated 27-8-2002 ആയി കത്ത് ലഭിക്കുകയും അതനുസരിച്ച് അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഡോ. കെ. പി. അബ്ദുൾ റഷീദിന് പ്രസ്തുത ആവശ്യം ഉന്നയിച്ച് ഈ സ്ഥാപനത്തിൽ നിന്ന് Regd.LR No.94/02 dated 2-9-2002 കത്ത് സമർപ്പിക്കുകയും ചെയ്തു.

## നിഗമനങ്ങൾ/ശുപാർശകൾ

153. ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

എൻ. അനിരുദ്ധൻ,
ചെയർമാൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2007 മാർച്ച് 21.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പുറമേരി ഗ്രാമപഞ്ചായത്ത് | 4 | 1997-98-ൽ പുറമേരി ഗ്രാമപഞ്ചായത്തിലെ കൃഷി ഭവന് കീഴിൽ വാഴകൃഷി (നേന്ത്രൻ, നാടൻ) നെൽകൃഷി പരിപോഷണ പദ്ധതി, കുറ്റിമുല്ല കൃഷി എന്നീ പദ്ധതികളിൽ രാസവളം നൽകുന്നതിന് സബ്സിഡി ഇനത്തിൽ അനുവദിച്ച തുക സർവ്വീസ് സഹകരണ ബാങ്കുകളിലേയ്ക്ക് നാലു ചെക്കുകളിലായാണ് നൽകിയിരുന്നതെന്നും പരാമർശ വിധേയമായ ചെക്ക് ഉൾപ്പെടെ 3,73,767 രൂപ സബ്സിഡി ഇനത്തിൽ കൈമാറിയതിൽ 3,57,726.10 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിവിധ ഇനങ്ങളിൽ കർഷകർ കൈപ്പറ്റാതെ അവശേഷിച്ച തുക 16,040.90 രൂപ പുറമേരി സർവ്വീസ് ബാങ്ക് സെക്രട്ടറിയിൽ നിന്നും തിരികെ വാങ്ങി 28-7-2000-ന് 34419 നമ്പർ റസീറ്റു ബുക്കിൽ 11-ാം നമ്പർ റസീറ്റായി ചേർത്ത് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ടെന്നുമാണ് പുറമേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ആയതിനാൽ ഇതിന്റെ നിജസ്ഥിതി ആഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തി വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 5 | ആഡിറ്റ് ഖണ്ഡികക്ക് വ്യക്തമായ മറുപടി യഥാസമയം നൽകിയിരുന്നെങ്കിൽ ഈ പരാമർശം ഒഴിവാകുമായിരുന്നുവെന്നും ആയതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 2 | ഉള്ള്യേരി ഗ്രാമപഞ്ചായത്ത് | 16 | പ്രസ്തുത പ്രവൃത്തികളെ സംബന്ധിച്ച ഭൗതിക പരിശോധനയിൽ മാക്കഞ്ചേരി കോളനി കുടിവെള്ള പദ്ധതി (ഓഡിറ്റ് പരാമർശത്തിൽ 20-ാം നമ്പരായി ഉൾപ്പെട്ടത്) ഒഴികെയുള്ള |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തെല്ലാം പൂർത്തീകരിച്ചതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇതിൽപ്പെട്ട 8 കുടിവെള്ള പദ്ധതികളിൽ ഒന്നൊഴികെയുള്ളതെല്ലാം പരാജയമായിരുന്നു എന്ന വസ്തുത ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധയും നിരീക്ഷണവും അർഹിക്കുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| | | 15 | ലക്ഷക്കണക്കിന് രൂപ മുതൽ മുടക്കി പൂർത്തിയാക്കിയിട്ടുള്ള ഈ പദ്ധതികൾ ജനങ്ങൾക്ക് യാതൊരുവിധ പ്രയോജനവും നൽകാതെ പ്രവർത്തനരഹിതമായി കിടക്കുന്നത് വളരെ ഗൗരവമായി കാണേണ്ട സംഗതിയാണ്. ആയതിനാൽ ആഡിറ്റിൽ പരാമർശിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ പ്രവർത്തനക്ഷമമല്ലാത്ത എല്ലാ പദ്ധതികളും ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സമിതിയെ അറിയിക്കുവാനും സമിതി നിർദ്ദേശിക്കുന്നു. |
| | | 18 | 1,48,360 രൂപ മുൻകൂറായും ഭാഗികമായ ചെലവായും നൽകിയിട്ടുള്ള മാക്കഞ്ചേരി കോളനി ശുദ്ധജല പദ്ധതി നടപ്പാക്കിയതായി യാതൊരു രേഖയും ലഭ്യമല്ലാത്തതിനാലും, ഇങ്ങനെയൊരു പദ്ധതി പഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കിയതായി അന്വേഷണത്തിൽ അറിയാൻ സാധിക്കാത്തതിനാലും ഇതു സംബന്ധിച്ച് വിശദമായ വകുപ്പുതല അന്വേഷണത്തിന് സമിതി ശുപാർശ ചെയ്യുന്നു. |
| 3 | ഉള്ള്യേരി ഗ്രാമപഞ്ചായത്ത് | 21 | സംയോജിത നെൽകൃഷി വികസന പദ്ധതി പ്രകാരം റെയ്ഡ്കോയിൽ നിന്നും വാങ്ങിയ ട്രാക്ടറും ട്രില്ലറും പാടശേഖര സമിതിക്ക് കൈമാറിയെന്നു പറയുന്നുണ്ടെങ്കിലും ഇതു സംബന്ധിച്ച രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. പവർ ട്രില്ലർ കരാർ വച്ചാണോ കൈമാറിയിട്ടുള്ളതെന്നോ, മൂലധനനിക്ഷേപം തിരിച്ചു കിട്ടുന്നതിന് പദ്ധതിയിൽ വ്യവസ്ഥയുണ്ടാക്കി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | യിരുന്നോ എന്ന കാര്യവും വ്യക്തമല്ലാത്ത. സാഹചര്യത്തിൽ ഇതു സംബന്ധിച്ച് ഫയലും പദ്ധതി രേഖകളും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ വിശദമായി പരിശോധിച്ച് ഭൗതിക പരിശോധനയും നടത്തി അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 4 | ഉള്ള്യേരി ഗ്രാമപഞ്ചായത്ത് | 25 | വനിതാ പ്രിന്റിംഗ് പ്രസ്സ് പദ്ധതിയ്ക്കായി പ്രൊമോട്ടർക്ക് അനുവദിച്ച തുക ആഡിറ്റ് പരാമർശം വന്നതിനുശേഷം മാത്രമാണ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും തുക തിരിച്ചടച്ച സാഹചര്യത്തിലും ലോക്കൽ ഫണ്ട് ആഡിറ്റ് സർചാർജ്ജ് ഒഴിവാക്കിയതിനാലും മേൽ പരാമർശം സംബന്ധിച്ച നടപടി അവസാനിപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 5 | നന്മണ്ട ഗ്രാമപഞ്ചായത്ത് | 33 | നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള കെട്ടിടം പുതുക്കി പണിയാനാണ് പ്രോജക്ട് എങ്കിലും കെട്ടിടം നന്നാക്കാൻ കഴിയാത്ത അവസ്ഥയിലാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ പഴയ കെട്ടിടം പൊളിച്ചു മാറ്റി പകരം കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള കമ്മിറ്റി അവർ വാങ്ങിയ അഡ്വാൻസും നിർമ്മാണത്തിന് സംഘടിപ്പിച്ച വസ്തുക്കളും പുതുക്കിയ കെട്ടിടത്തിന് ഉപയോഗപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്, പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തുകയാണുണ്ടായത്. എന്നാൽ പഴയ കെട്ടിടം റിപ്പയർ ചെയ്യുന്നതിന് ഗുണഭോക്തൃ കമ്മിറ്റിയെ അധികാരപ്പെടുത്തുകയോ, പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഉള്ള എഗ്രിമെന്റിൽ ഏർപ്പെടുകയോ, ചെയ്യാതെയുമാണ് നിർവ്വഹണ സമിതി കെട്ടിടം നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്. അതുപോലെ കമ്മിറ്റിയുടെ കണക്ക് പരിശോധിക്കാതെയും ചെലവ് തിട്ടപ്പെടുത്താതെയും കെട്ടിടം പൂർത്തിയായ ഉടൻ എഞ്ചിനീയർ നിർണ്ണയിച്ച മൂല്യം മുഴുവനായും കമ്മിറ്റിയ്ക്ക് നല്കിയതായും സമിതി മനസ്സിലാക്കുന്നു. ഈ നടപടി ക്രമങ്ങൾ ക്രമവിരുദ്ധമാണ്. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 34 | കെട്ടിടം പണിയ്ക്കായി കൺവീനർക്ക് അഡ്വാൻസായി നൽകിയ സംഖ്യ ബാങ്കിൽ നിക്ഷേപിക്കുക വഴി കമ്മിറ്റിയുടെ അക്കൗണ്ടിൽ പലിശയിനത്തിൽ 29,501 രൂപയുടെ വരുമാനം ഉണ്ടായിട്ടുണ്ട്. ഇത് പഞ്ചായത്തിനുള്ള വരവായി കണക്കാക്കി ആകെ ബിൽ സംഖ്യ യിൽ ഈ സംഖ്യ കുറവു ചെയ്യേണ്ടതാണ്. എന്നാൽ ഈ തുക പരിഗണിക്കാതെയാണ് നിർണ്ണയിക്കപ്പെട്ട വാല്യൂ മുഴുവൻ കമ്മിറ്റിക്ക് നൽകിയിട്ടുള്ളത്. ആയതിനാൽ പദ്ധതി പണം ബാങ്കിൽ നിക്ഷേപിക്കുക വഴി കമ്മിറ്റിയുടെ അക്കൗണ്ടിൽ പലിശയിനത്തിൽ വരാവുന്ന 29,501 രൂപയും, 1-10-2001 മുതൽ 31-3-2002 വരെയുള്ള 6 മാസത്തെ പലിശയും (ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതെ പോയ 3,200 രൂപ ഉൾപ്പെടെയുള്ള തുക) കമ്മിറ്റിക്ക് അധികമായി നൽകിയതായി കണക്കാക്കി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 35 | ഗുണഭോക്തൃ സമിതിയിൽ നിന്നും പ്രസ്തുത തുക ഈടാക്കിയെങ്കിൽ ആയതിന്റെ വിശദാംശ ങ്ങളും തുക ഈടാക്കുന്നതിനായി ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 6 | ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് | 40 | പരാമർശം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു. |
| 7 | ,, | 43 | ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 10-8-2005-ലെ കെ.കെ.ഡി.എസ് 473/05-ാം നമ്പർ ഉത്തരവ് പ്രകാരം തടസ്സം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു. |
| 8 | ,, | 47 | സർക്കാർ ഉത്തരവു പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു. |
| 9 | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | 50 | ആഡിറ്റ് പരാമർശം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | 54 | ബസ്സ്റ്റാൻഡ്-കം-ഷോപ്പിംഗ് സെന്ററിന്റെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നത് സംബന്ധിച്ച പ്രവൃത്തി സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായാണ് സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുള്ളത്. മാത്രവുമല്ല, എസ്റ്റിമേറ്റ് തുകയുടെ 0.5% നിരക്കിൽ പരമാവധി 2000 രൂപ മാത്രം ഈ ഇനത്തിൽ പ്രതിഫലം നൽകാൻ പഞ്ചായത്തിന് അധികാരമുള്ളൂ എന്നിരിക്കെ 50,000 രൂപ നൽകിയത് ക്രമവിരുദ്ധമാണ്. ആയതിനാൽ അധികമായി നൽകിയ തുക അന്നത്തെ ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങളിൽ നിന്നും ഈടാക്കി സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 11 | ,, | 56 | ബസ്സ്റ്റാൻഡ്-കം-ഷോപ്പിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് ജനകീയാസൂത്രണ പദ്ധതിയുടെ നിർവ്വഹണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണെന്നും ഇതു ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണെന്നും സമിതി അഭിപ്രായപ്പെടുന്നു. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.<br><br>പദ്ധതിയുടെ നിർമ്മാണ പ്രവർത്തി പീസ് റേറ്റിൽ ഒരാൾക്ക് തന്നെ കൊടുത്തതുമൂലം പഞ്ചായത്തിന് നഷ്ടമായ 53,822 രൂപ ആ കാലഘട്ടത്തിലെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി പി. വള്ളിയിൽ നിന്നും തിരിച്ചു പിടിക്കാൻ പഞ്ചായത്ത് വകുപ്പ് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നും തുക തിരിച്ചുപിടിച്ച തിന്റെ വിശദവിവരം സമിതിയെ അറിയിക്കു ന്നതിനും സമിതി ശുപാർശ ചെയ്യുന്നു. |
| 12 | ഫറോക്ക് ഗ്രാമപഞ്ചായത്ത് | 63 | ഫറോക്ക് ഗ്രാമപഞ്ചായത്തിൽ കെട്ടിടവാടക കുടിശ്ശിക ഈടാക്കുന്നതിന് വീഴ്ച വരുത്തിയതുമൂലം പഞ്ചായത്തിനുണ്ടായ നഷ്ടം (പലിശ ഉൾപ്പെടെ) ഈടാക്കുന്നത് സംബന്ധിച്ച് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിശദവിവരം സമിതിയ്ക്ക് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 13 | കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് | 69 | കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കൂളിമാട്മുക്ക് കടവിലെ മണൽവാരൽ ലേലത്തുകയിൽ ഇളവനുവദിക്കാൻ സർക്കാർ അനുമതി നൽകാത്ത സാഹചര്യത്തിലാണ് ആഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉണ്ടായത്. എന്നാൽ കരാറുകാരനിൽ നിന്നും ബാക്കി തുക കൂടി ഈടാക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നില്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്. ഇത് ഗുരുതരമായ വീഴ്ചയാണെന്നും ഇത് ന്യായീകരിക്കുന്നതിന് കാരണങ്ങളുള്ളതായി കാണുന്നില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| | | 70 | മണൽ ലേല സംഖ്യയിൽ ഇളവനുവദിക്കാൻ സർക്കാർ അനുമതി ലഭിയ്ക്കാത്തതിനാൽ ഇക്കാര്യത്തിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനം പുനഃപരിശോധിക്കണമെന്നും അതനുസരിച്ച് ലേലസംഖ്യയിൽ ബാക്കി നിൽക്കുന്ന തുകയും (86,000 രൂപ) കരാർ പത്രികയിൽ സ്റ്റാമ്പ് പേപ്പറിൽ നിർദ്ദേശിച്ച 5%-ന് പകരം 2.5% ആയി കുറഞ്ഞതിന് ഗവൺമെന്റിനുണ്ടായ നഷ്ടവും (12,900രൂപ) കരാറുകാരനിൽ നിന്നും ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുവാനും അല്ലാത്തപക്ഷം യഥാർത്ഥ മൂല്യത്തിലുള്ള മുദ്രപത്രം ഉപയോഗിക്കാത്തതുമൂലം സർക്കാരിനു നഷ്ടപ്പെട്ട 12,900 രൂപ പിഴപലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. പഞ്ചായത്ത്രാജ് നിയമമനുസരിച്ച് കാലപ്പഴക്കം കൊണ്ട് തുക ഈടാക്കാനാവില്ല എന്നതിനാലും പഞ്ചായത്ത് കമ്മിറ്റി ടിയാന് തുക കുറവു ചെയ്യാൻ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തീരുമാനിച്ചു പ്രമേയം പാസാക്കിയതിനാലും പ്രസ്തുത പ്രമേയം പുനഃപരിശോധിച്ച് തുക ഈടാക്കുവാനുള്ള നിയമനടപടിയുമായി മുന്നോട്ടു പോകുവാൻ പഞ്ചായത്തിന് നിർദ്ദേശം നൽകാവുന്നതാണെന്ന ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശയിന്മേൽ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടി റിപ്പോർട്ട് ഭരണ വകുപ്പ് ലഭ്യമാക്കണമെന്നും അപ്രകാരം ചെയ്യാത്തപക്ഷം അന്നത്തെ പഞ്ചായത്ത് സമിതി അംഗങ്ങളിൽ നിന്നും തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 14 | പയ്യോളി ഗ്രാമപഞ്ചായത്ത് | 80 | പദ്ധതിപ്പണം ട്രഷറിയിൽ നിന്നും പിൻവലിച്ച് കറന്റ് അക്കൗണ്ടിൽ നിക്ഷേപക്കുകയും പിന്നീട് അതിൽ നിന്നും തുക പിൻവലിച്ച് കൈവശം സൂക്ഷിക്കുകയും പദ്ധതി നിർവ്വഹണം നടത്തുകയുമാണ് നിർവ്വഹണോദ്യോഗസ്ഥരായ മുൻ കൃഷി ഓഫീസർ ചെയ്തിരിക്കുന്നത്. ഇത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് എന്നും, മേലിൽ ഇത്തരത്തിലുള്ള ചട്ട ലംഘനങ്ങൾ സമിതി അംഗീകരിക്കുന്നതല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| | | 81 | നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസർ പയ്യോളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 5-4-1999-ന് പിൻവലിച്ച 10,000 രൂപയിൽ 8714.75 രൂപ കഴിച്ച് ബാക്കി 1285.25 രൂപയുടെ ചെലവ് ക്യാഷ് ബുക്ക് പ്രകാരം കുറവ് കണ്ടത് സംബന്ധിച്ച് ബന്ധപ്പെട്ടവരിൽ നിന്നും വിശദീകരണം ആരായുവാനും അന്നത്തെ നിർവ്വഹണോദ്യോഗസ്ഥനായ ശ്രീ. സുകുമാരൻ, കൃഷി ഓഫീസർ (റിട്ട) -ൽ തുക ഈടാക്കി വിവരം സമിതിയെ അറിയിക്കുവാനും സമിതി നിർദ്ദേശിക്കുന്നു. |
| 15 | തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | 94 | ബസ്സ് സ്റ്റേഷൻ കം-ഷോപ്പിംഗ് സെന്റർ നിർമ്മാണത്തിനുവേണ്ടി വായ്പഎടുത്ത വകയിൽ കേരള ഗ്രാമവികസന ബോർഡി ലേക്ക് തിരിച്ചടക്കേണ്ട തുക യഥാസമയങ്ങളിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തിരിച്ചടയ്ക്കാത്തതുമൂലം കുടിശ്ശിക വരികയും പ്രസ്തുത തുക പലിശ, പിഴപ്പലിശ എന്നീ ഇനങ്ങളിലായി അടയ്ക്കുന്നതിനും കാരണമാകുകയാണ് ഉണ്ടായതെന്ന് സമിതി വിലയിരുത്തുന്നു. കുടിശ്ശിക യഥാസമയം അടയ്ക്കാതിരുന്നതിനെ ന്യായീകരിക്കത്തക്കയാതൊരു സാഹചര്യവും നിലവിലില്ലാത്തതും കരാർ പ്രകാരമുള്ള കടം തിരിച്ചടയ്ക്കുന്നതിൽ അന്യായമായ കാലതാമസം വരുത്തിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. |
| | | 95 | തിരുവമ്പാടി ബസ്സ് സ്റ്റേഷൻ-കം-ഷോപ്പിംഗ് സെന്ററിന്റെ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് റൂറൽ ഡവലപ്മെന്റ് ബോർഡിൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടവ് സംബന്ധിച്ച് പഞ്ചായത്ത് ഓഫീസിൽ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് കേരള സ്റ്റേറ്റ് റൂറൽ ഡവലപ്മെന്റ് ബോർഡിലുള്ള രേഖകൾ കൂടി പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ ബാദ്ധ്യത നിർണ്ണയിക്കുവാനും ഇതു സംബന്ധിച്ച് അടിയന്തിരമായി നടപടികൾ കൈക്കൊള്ളുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| | | 96 | വായ്പ തുക തിരിച്ചടക്കേണ്ടതില്ലായെന്ന് പഞ്ചായത്ത് തീരുമാനിച്ചപ്പോൾ പ്രസ്തുത തുക കൃത്യമായി അടയ്ക്കേണ്ടതിന്റെ പ്രാധാന്യം സെക്രട്ടറി പഞ്ചായത്ത് കമ്മിറ്റിയിൽ ബോദ്ധ്യപ്പെടുത്തേണ്ടതായിരുന്നെന്നും ഇത് സെക്രട്ടറിയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണെന്നും ആയതിനാൽ അന്നത്തെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. സി. കരുണാകരനെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 16 | ചാത്തമംഗലം ഗ്രാമപഞ്ചായത്ത് | 101 | മണൽവാരൽ ലേലവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യാപകമായ രീതിയിൽ അഴിമതി നടക്കുന്നതായി സമിതി മനസിലാക്കുന്നു. ലേലത്തുകയിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കിഴിവനുവദിക്കുക, യഥാർത്ഥ വിലയ്ക്കുള്ള മുദ്രപത്രം ഉപയോഗിക്കാതിരിക്കുക, ലേല ക്കുടിശ്ശികയുള്ളയാൾക്കുതന്നെ പുനർലേലം അനുവദിക്കുക, അനധികൃത മണൽ വാരലുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാ തിരിക്കുക എന്നിവമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാരിനും ധനനഷ്ടം ഉണ്ടാകുന്നുണ്ടെന്നും സമിതി മനസിലാക്കുന്നു. ആയതിനാൽ മണൽവാരലുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും തുക അടയ്ക്കുന്നതിലും യഥാർത്ഥ വിലയ്ക്കുള്ള മുദ്രപത്രം ഉപയോഗിക്കുന്നതിലും വീഴ്ച വരുത്തുന്നവരിൽ നിന്നും പ്രസ്തുത നഷ്ടം പലിശ സഹിതം ഈടാക്കണമെന്നും ലേല ത്തുകയിൽ കിഴിവനുവദിക്കുന്നത് സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ ആകാവുയെന്നും സമിതി നിർദ്ദേശിക്കുന്നു. മണൽവാരൽ അനുവദിക്കുന്നതിനുള്ള നിശ്ചിത മാനദണ്ഡ ങ്ങൾ പ്രാദേശിക പരിശോധനാ റിപ്പോർട്ടി ന്റെയും റവന്യൂ, സോയിൽ കൺസർവേഷൻ, പരിസ്ഥിതി എന്നീ വകുപ്പുകളുടെ റിപ്പോർട്ടു കളുടേയും അടിസ്ഥാനത്തിലായിരിക്കണമെന്നും സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി മണൽ ലേലത്തിന് കിഴിവനു വദിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സമിതികൾക്കെതിരെ നടപടി സ്വീകരിച്ച് നഷ്ടം ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 102 | ആഡിറ്റ് പരാമർശത്തിന്മേലുള്ള കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് അയച്ചുകൊടുത്ത് ഇക്കാര്യത്തിന്മേൽ സ്വീകരിക്കുന്ന തുടർനടപടി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 17 | ചാത്തമംഗലം ഗ്രാമപഞ്ചായത്ത് | 106 | ബസ്സ് സ്റ്റാന്റ് ടാറിംഗിനായി ബി.എൽ.ഇ.സി അംഗീകാരത്തിന് വിരുദ്ധമായി കരാറുകാരന് ടാറിന്റെ വില വ്യത്യാസമായി നല്കിയ 14,776 രൂപ പലിശ സഹിതം കരാറുകാരനിൽ നിന്നീടാക്കുവാനും അല്ലാത്തപക്ഷം കരാറുകാരൻ ക്രമരഹിതമായി തുക അനുവദിച്ച അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഗ്രാമപഞ്ചായത്ത് സമിതിയിൽ നിന്നും പിഴപലിശ സഹിതം തുക ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 18 | ഓഞ്ചിയം ഗ്രാമപഞ്ചായത്ത് | 113 | സ്റ്റോർ പർച്ചേയ്സ് ചട്ടം ലംഘിച്ച് പർച്ചേയ്സ് നടത്തിയത് സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ നഷ്ടം സംഭവിച്ച തുക അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. ജ്യോതിബസുവിൽ നിന്നും ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 19 | താമരശ്ശേരി ഗ്രാമപഞ്ചായത്ത് | 121 | താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ 1997-98 വർഷത്തിൽ 19,52,300 രൂപ അടങ്കലിൽ ആവിഷ്ക്കരിച്ച 7 ജലസേചന പദ്ധതികളുടെ ഭൗതിക പരിശോധനയിൽ 4 പദ്ധതികൾ മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നതായുള്ളൂ എന്നാണ് കണ്ടെത്തിയിട്ടുള്ളത്. പ്രവർത്തനരഹിതമായ മൂന്നു പദ്ധതികൾകൂടി സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 20 | ,, | 124 | പ്രസ്തുത പണിയുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുവാൻ പഞ്ചായത്ത് സെക്രട്ടറിയ്ക്കും ഫയലുകൾ പരിശോധിച്ചും ഭൗതിക പരിശോധന നടത്തിയും വിശദമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്കും സമിതി നിർദ്ദേശം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നൽകിയിരുന്നുവെങ്കിലും ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കിയിട്ടില്ല. |
| | | 125 | ആയതിനാൽ താമരശ്ശേരി ഗ്രാമപഞ്ചായത്ത് 1998-99 വർഷത്തിൽ ഉപാധിരഹിത ഫണ്ടുപ യോഗിച്ച് കാരാടി-കുടുക്കിൽ റോഡ് റീ ടാറിംഗ് നടത്തിയതുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും പരിശോധിച്ചും ഭൗതിക പരിശോധനയും നടത്തി വിശദമായ റിപ്പോർട്ട് സമിതിയ്ക്ക് അടിയന്തിരമായി ലഭ്യമാക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 126 | റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശം അവഗണിച്ച ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം തേടി ആയതും സമിതിയ്ക്ക് ലഭ്യമാക്കണ മെന്ന് ശുപാർശ ചെയ്യുന്നു. |
| 21 | ചെക്യാട് ഗ്രാമപഞ്ചായത്ത് | 130 | 1999-ൽ തുടങ്ങി 2003-04 വരെ തുടരുകയും ചെയ്ത പദ്ധതിക്ക് 31-3-2006-ൽ വൈദ്യുതി കണക്ക്ഷൻ ലഭിക്കുമെന്നും പദ്ധതി പ്രവർത്തനം തുടങ്ങി ജനങ്ങൾക്ക് പ്രയോജനം ലഭിക്കു മെന്നാണ് സെക്രട്ടറി അറിയിച്ചതെന്നാണ് ലോക്കൽ ഫണ്ട് വകുപ്പിന്റെ പുനഃപരിശോധന റിപ്പോർട്ടിൽ അറിയിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനം തുടങ്ങാൻ ഇത്രയും കാല താമസം നേരിട്ടത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | | 131 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടു ക്കുന്ന പദ്ധതികൾ അനന്തമായി നീണ്ടുപോ കുന്നതിലൂടെ നടത്തിപ്പു ചെലവിൽ വർദ്ധ നവു വരുന്നത് വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക നഷ്ടവും നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തികൾ സമയ ബന്ധിതമായും സാമ്പത്തികമിതത്വം പാലിച്ചും പൂർത്തിയാക്കുന്നുണ്ടെന്നുറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 132 | ഓഡിറ്റിൽ പരാമർശിക്കപ്പെട്ട പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 22 | കാവിലുപാറ ഗ്രാമപഞ്ചായത്ത് | 135 | പദ്ധതിയുടെ കൺവീനർക്ക് നൽകിയ പദ്ധതിവിഹിതമായ 35,000 രൂപയിൽ യഥാർത്ഥ ചെലവ് 33,895 രൂപ മാത്രമാണെന്നിരിക്കെ ബാക്കി തുകയായ 1,105 രൂപ കൺവീനറിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 136 | തയ്യൽ മെഷീനുകൾ തുരുമ്പെടുത്ത് നശിക്കാതെ പ്രയോജനപ്പെടുത്തുവാൻവേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 23 | ,, | 142 | സ്വന്തമായി സ്ഥലം ഉള്ള അനീഷിന് വീടു വയ്ക്കുന്നതിനുള്ള സ്ഥലം വാങ്ങൽ പദ്ധതിയിൽപ്പെടുത്തി ധനസഹായം നൽകിയത് നിയമവിരുദ്ധമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ അനർഹമായി കൈപ്പറ്റിയ തുക അനീഷിനെക്കൊണ്ട് തിരിച്ചടപ്പിക്കണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 24 | പനങ്ങാട് ഗ്രാമപഞ്ചായത്ത് | 153 | ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.. |

.